2022 ഒക്ടോബർ പുസ്തകം 14 ലക്കം 10 പേജ് 40 ISSN 0970 - 0579 വില: 4 രൂപ

# ഇന്ത്യൻ നാളികേര ജേണൽ

## കോമയുടെ കഥ: കൊച്ചിയിലെ വെളിച്ചെണ്ണ വിപണിയുടെയും



“ രാജ്യത്ത് നാളികേര കൃഷി വർദ്ധിപ്പിക്കുന്നതിനായി കർഷകരെ സംരക്ഷിക്കുന്നതു തുടരും : ശ്രീ. തോമർ

# ഇന്ത്യൻ നാളികേര ജേണൽ

പുസ്തകം 14  ലക്കം 10

2022 ഒക്ടോബർ

കൊച്ചി – 11



**ഉപദേശകസമിതി**

**ചീഫ് എക്സിക്കുട്ടിവ് ഓഫീസർ**

ഡോ. എൻ വിജയലക്ഷ്മി ഐഎഎസ്

**അംഗങ്ങൾ**

ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്

ഡോ. ജിജു പി അലക്സ്

ശ്രീ. പി.ആർ. മുരളീധരൻ

**പത്രാധിപസമിതി**

ഡോ. സി. തമ്പാൻ

ശ്രീ. മുരളീധരൻ തഴക്കര

**ചീഫ് എഡിറ്റർ**

ഡോ. ബി ഹനുമന്ത് ഗൗഡ

**എഡിറ്റർ**

ശ്രീമതി. ദീപ്തി നായർ എസ്

**അസിസ്റ്റന്റ് ഡയറക്ടർ**

ശ്രീമതി. മിനി മാത്യു

**പബ്ലിസിറ്റി ഓഫീസർ**

ശ്രീമതി. സോന ജോൺ

**ഡെപ്യൂട്ടി എഡിറ്റർ**

ആബെ ജേക്കബ്



**നാളികേര വികസന ബോർഡ്**

(കേന്ദ്ര കൃഷി, കർഷക ക്ഷേമ മന്ത്രാലയം,
ഭാരത സർക്കാർ)

കേര ഭവൻ, എറണാകുളം, കൊച്ചി – 682 011.

ഫോൺ : 0484 – 2377266, 2377267, 2376553, 2375266, 2376265 ഫാക്സ് : 91-0484-2377902

Grams : KERABOARD

E-mail : kochi.cdb@gov.in

Website : www.coconutboard.gov.in

**വരിസംഖ്യ**

പ്രതിവർഷം 40 രൂപ, ഒറ്റപ്രതി 4 രൂപ


തെങ്ങുകൃഷിയുടെയും വ്യവസായത്തിന്റെയും വിവിധ വശങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും സിപിഎസ്, ചങ്ങാതിക്കൂട്ടം അംഗങ്ങളുടെ അനുഭവങ്ങളും അഭിപ്രായങ്ങളും നൂതന നിരീക്ഷണങ്ങളും ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിലും പരസ്യങ്ങളിലും മറ്റും പ്രകടിപ്പിക്കപ്പെടുന്ന അഭിപ്രായങ്ങൾ ബോർഡിന്റേതായി പരിഗണിക്കപ്പെടാവുന്നതല്ല. മണി ഓർഡറും കത്തുകളും ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി-682 011 എന്ന വിലാസത്തിൽ അയക്കുക. അപേക്ഷകന്റെ വിലാസം വ്യക്തമായി പിൻകോഡ് സഹിതം എഴുതേണ്ടതാണ്.

## നാളികേര വികസന ബോർഡ്

**കേര**കൃഷിയുടേയും വ്യവസായത്തിന്റേയും സർവ്വതോമുഖമായ വികസനത്തിനുവേണ്ടി 1979 – ലെ പാർലമെന്റ് നിയമമനുസരിച്ച് രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണാധികാര സ്ഥാപനമായ നാളികേര വികസനബോർഡ് 1981 ജനുവരി 12ന് നിലവിൽ വന്നു. കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബോർഡിന്റെ ആസ്ഥാനം കൊച്ചിയിലാണ്. ബാംഗ്ലൂർ, ഗോഹട്ടി, ചെന്നൈ, പാറ്റ്ന എന്നിവിടങ്ങളിലായി പ്രാദേശിക കാര്യാലയങ്ങളും ഭുവനേശ്വർ, കൽക്കട്ട, പോർട്ട് ബ്ലെയർ, ഹൈദരാബാദ്, താനെ, ഡൽഹി എന്നിവിടങ്ങളിലായി സംസ്ഥാനതല കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

### ചുമതലകൾ

• കേര വ്യവസായത്തിന്റെ വളർച്ചയ്ക്കും, വികസനത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക. • നാളികേരത്തിന്റെയും നാളികേരോത്പന്നങ്ങളുടേയും വിപണനം മെച്ചപ്പെടുത്തുന്നതിനു വേണ്ടതായ മാർഗ്ഗ നിർദ്ദേശങ്ങൾ ശുപാർശ ചെയ്യുക • കേര കൃഷി, സംസ്ക്കരണം, വിപണനം എന്നീ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന വ്യക്തികൾക്ക് ആവശ്യമായ സാങ്കേതികോപദേശം നൽകുക. • ഉൽപാദന ശേഷി കൂടിയ സങ്കരയിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും, ആധുനിക കൃഷിമുറകൾ പ്രചരിപ്പിക്കുന്നതിനും, നാളികേര സംസ്ക്കരണത്തിന് ആധുനിക സാങ്കേതിക വിദ്യ അവലംബിക്കുന്നതിനും പുനഃകൃഷിയടക്കമുള്ള മാർഗ്ഗങ്ങൾ വഴി കൂടുതൽ സ്ഥലത്തേക്ക് തെങ്ങു കൃഷി വ്യാപിപ്പിക്കുന്നതിനും സാമ്പത്തിക സഹായങ്ങളും മറ്റു സഹായങ്ങളും നൽകുക. • നാളികേരത്തിനും കേരോത്പന്നങ്ങൾക്കും ഏറ്റവും കുറഞ്ഞതും കൂടിയതുമായ വിലകൾ ശുപാർശ ചെയ്യുന്നതടക്കം കേര കർഷകന് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് പ്രായോഗിക നടപടികൾ ശുപാർശ ചെയ്യുക. • കേര കർഷകർ, വ്യാപാരികൾ, വ്യവസായികൾ മുതലായവരിൽ നിന്നും കേരവ്യവസായവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളേയും കുറിച്ച് സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക. • നാളികേരത്തിനും, നാളികേരോൽപന്നങ്ങൾക്കും വിവിധ ഗ്രേഡുകൾ, വ്യവസ്ഥകൾ, പ്രമാണങ്ങൾ എന്നിവ നിശ്ചയിക്കുക. • കേന്ദ്ര ഗവൺമെന്റുമായും, വ്യാപകമായി തെങ്ങു കൃഷിയുള്ള സംസ്ഥാനങ്ങളിലെ ഗവൺമെന്റുമായും കൂടിയാലോചിച്ച് നാളികേരോൽപാദനം വർദ്ധിപ്പിക്കുന്നതിനും തെങ്ങിന്റെ വർഗ്ഗ ഗുണവും, വിളവും വർദ്ധിപ്പിക്കുന്നതിനും പര്യാപ്തമായ പദ്ധതികൾക്ക് ധനസഹായം നൽകുക. • ഇതിനായി കേര കർഷകർഷകർക്കും, നാളികേരോത്പന്നങ്ങൾക്കും വിപണന സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക. • നിലവിലുള്ള സ്ഥാപനങ്ങൾ മുഖേന നാളികേരത്തേയും, നാളികേരോത്പന്നങ്ങളെയും പറ്റിയുള്ള ഗവേഷണങ്ങളെ സഹായിക്കുകയും, പ്രോത്സാഹിപ്പിക്കുകയും, സാമ്പത്തികമായി സഹായിക്കുകയും ചെയ്യുക. • നാളികേരത്തേയും, നാളികേരോത്പന്നങ്ങളേയും കുറിച്ചുള്ള ഗവേഷണം, വികസനം എന്നിവ സംബന്ധിച്ച പുസ്തകങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും പ്രസിദ്ധപ്പെടുത്തുന്നതടക്കമുള്ള പ്രചാരണ പരിപാടികൾ നടത്തുക. • തെങ്ങ് വളരുന്ന സംസ്ഥാനങ്ങളിലും, കേന്ദ്ര ഭരണ പ്രദേശങ്ങളിലും നാളികേരത്തിന്റേയും നാളികേരോത്പന്നങ്ങളുടേയും ഉല്പാദനം, ഗ്രേഡിംഗ്, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി പ്രാദേശിക കാര്യാലയങ്ങളും മറ്റ് ഏജൻസികളും സ്ഥാപിക്കുക. • വ്യാപകമായ തോതിൽ കേര കൃഷിയുള്ള സംസ്ഥാനങ്ങളിലെ ഗവൺമെന്റുമായി കൂടിയാലോചിച്ച് കേന്ദ്ര ഗവൺമെന്റ് ലക്ഷ്യമിട്ടിട്ടുള്ള മറ്റു നടപടികൾ സ്വീകരിക്കുക.



# ഉള്ളടക്കം


05  സന്ദേശം

05  രാജ്യത്ത് നാളികേര കൃഷി വർദ്ധിപ്പിക്കുന്നതിനായി കർഷകരെ സംരക്ഷിക്കുന്നതു തുടരും : ശ്രീ. തോമർ
മിനി മാത്യൂ

09  കോമയുടെ കഥ: കൊച്ചിയിലെ വെളിച്ചെണ്ണ വിപണിയുടെയും
ആബെ ജേക്കബ്

13  നടപ്പു വർഷം നാളികേര വികസന ബോർഡിന് 110 കോടി രൂപയുടെ പദ്ധതികൾ
പ്രമോദ് പി കുര്യൻ, എസ് കുമാരവേൽ

21  പ്രാർത്ഥനകളിലെ നാളികേര സാന്നിധ്യം
ഡോ. നെത്തല്ലൂർ ഹരികൃഷ്ണൻ

22  തൈ തെങ്ങുകളുടെ നടീലും പ്രാരംഭ പരിചരണവും
മായാ ലക്ഷ്മി , എം ഷെരീഫ , ജോസഫ് രാജ് കുമാർ

24  കവി ഉദ്ദേശിച്ചത്
സുരേഷ് മുതുകുളം

34  തെങ്ങിൻ തോപ്പിൽ നവംബറിലെ കൃഷിപ്പണികൾ
സി. തമ്പാൻ, പി. സുബ്രഹ്മണ്യൻ, ജോസഫ് രാജ്കുമാർ

കുരുത്തോലപ്പന്തൽ 23


വാർത്തകൾ 27

കമ്പോളം 36


കേരപാചകം 38


# സന്ദേശം

പ്രിയ നാളികേര കർഷകരെ,

2022 ഒക്ടോബർ 16 ന് ലോക ഭക്ഷ്യദിനാചരണം കടന്നുപോയി. കാലാവസ്ഥാ വ്യതിയാനത്തിന്റെ വെല്ലുവിളികൾ ലോകമെമ്പാടുമുള്ള കാർഷികോത്പാദനത്തെ ഞെരുക്കുകയും, കോവിഡ് മഹാമാരി സമൂഹത്തെ ദുർബലീകരിക്കുകയും ചെയ്തിരിക്കുന്ന സന്ദർഭത്തിലാണ് ഈ വർഷത്തെ ഭക്ഷ്യദിനാചരണം. ഒരു വ്യക്തിയെപ്പോലും വിട്ടുപോകാതെ ലോക ജനതയ്ക്കാകമാനം ഭക്ഷണ സമ്പുഷ്ടത ഉറപ്പാക്കുക എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളാണ് രൂപീകരിച്ചിരിക്കുന്നത്. മാത്രവുമല്ല യുദ്ധങ്ങളും അന്താരാഷ്ട്ര സമ്മർദ്ദങ്ങളും ഭക്ഷ്യവിതരണത്തെയും, ജനങ്ങളുടെ വരുമാനത്തിലുണ്ടായിരിക്കുന്ന കുറവ് ഉപജീവന സാമൂഹിക സുരക്ഷകളെയും പ്രതികൂലമായി ബാധിക്കുകയും ചെയ്തിരിക്കുന്നു. ആർഷ സംസ്കാരത്തിൽ നാളികേരം ഭക്ഷണവും പോഷണവും നൽകുന്ന വിളയാണ്. പാലാഴി കടഞ്ഞപ്പോൾ കാമധേനുവിനൊപ്പം ഉയർന്നു വന്നതാണ്, ദേവലോകത്തു നിന്നും പുറത്താക്കിയ ത്രിശങ്കുവിനായി വിശ്വാമിത്ര മഹർഷി തന്റെ തപശക്തിയാൽ സൃഷ്ടിച്ചതാണ് എന്നൊക്കെ തെങ്ങിനെ കുറിച്ച് നിരവധി ഐതിഹ്യങ്ങളും ഉണ്ട്. അതെന്തായാലും നാളികേരം ഒരേ സമയം ഭക്ഷണവും പോഷകാഹാരവുമാണ്. ഇക്കാര്യം രണ്ടാം ലോകമഹായുദ്ധകാലത്ത് തെളിയിക്കപ്പെടുകയും ചെയ്തു. അന്ന് പസഫിക് ദ്വീപുകളിലായി അകപ്പെട്ടുപോയ അമേരിക്കൻ പട്ടാളക്കാർ അവിടെ സുലഭമായിരുന്ന തേങ്ങ ഭക്ഷിച്ചാണ് ജീവൻ പിടിച്ചു നിർത്തിയത്. കരിക്കിൻവെള്ളം യുദ്ധകാലത്ത് പട്ടാളക്കാർക്ക് നേരിട്ട് ഞരമ്പുകളിലൂടെ കുത്തിവയ്ക്കുകയും ചെയ്തിരുന്നു. തന്റെ പട്ടാളക്കാർക്ക് നാളികേരം ചെയ്ത വലിയ സേവനം അന്നത്തെ അമേരിക്കൻ പ്രസിഡന്റ് സർ ജോൺ എഫ് കെന്നഡി പിന്നീട് രേഖയാക്കി സൂക്ഷിച്ചു. സോളമൻ ദ്വീപുകളിൽ അകപ്പെട്ട അദ്ദേഹം അമേരിക്കൻ പട്ടാളക്കാർക്ക് അടിയന്തര സന്ദേശം നൽകിയത് നാളികേരത്തിന്റെ തൊണ്ടിൽ രേഖപ്പെടുത്തിയിട്ടാണ്. ആ നാളികേരം കെന്നഡി തന്റെ ഓഫീസ് മേശമേൽ അലങ്കരിച്ച് സ്ഥാപിച്ചിരുന്നു.

എണ്ണക്കുരു എന്ന പേരിലാണ് പരമ്പരാഗതമായി അറിയപ്പെടുന്നതെങ്കിലും അതിന്റെ വൈവിധ്യമാർന്ന ഉപയോഗങ്ങൾ നാളികേരത്തിന് പോഷകാഹാരം എന്ന വിശേഷണം കൂടി നൽകിയിട്ടുണ്ട്. തേങ്ങാവെള്ളവും തേങ്ങാപ്പാലും ആഗോളതലത്തിൽ തന്നെ ആരോഗ്യപാനീയമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. നാറ്റ ഡി കൊക്കോയ്ക്ക് ഒപ്പം തേങ്ങാവെള്ളവും ചേർന്നാൽ അത് ഉന്മേഷദായകമായ ശീതള പാനീയം മാത്രമല്ല വിശപ്പിനെ ശമിപ്പിക്കുന്ന, ധാരാളം നാരുകൾ ഉള്ള ഭക്ഷണം കൂടിയാണ്. തെങ്ങിൽ നിന്നുൽ പാദിപ്പിക്കുന്ന നീരയാകട്ടെ, പോഷകസമ്പന്നവും ഊർജ്ജദായകവുമാണ്. ധാതുക്കളാൽ സമ്പന്നമായ ഈ പാനീയം ശരീരത്തിലെ ഇരുമ്പിന്റെ ന്യൂനത പരിഹരിക്കാൻ ഗർഭിണികൾക്കും കുട്ടികൾക്കും പണ്ടു കാലം മുതലെ നൽകി വന്നിരുന്നു. വെളിച്ചെണ്ണ ഭക്ഷ്യ എണ്ണ മാത്രമല്ല, രോഗപ്രതിരോധ ശേഷി വർധിപ്പിക്കുന്ന ലോറിക് അമ്ലത്തിന്റെ കലവറ കൂടിയാണ്. അതുകൊണ്ടാണ് ആരോഗ്യ, സൗന്ദര്യ സംവർധക ഉൽപ്പന്നങ്ങളുടെ നിർമ്മിതിയിൽ വെളിച്ചെണ്ണയും തേങ്ങാപ്പാലും അവിഭാജ്യ ഘടകമായിരിക്കുന്നത്. മുഖലേപനങ്ങൾ, ചർമ്മ ലോഷനുകൾ, ദന്തസംരംക്ഷണ ഉൽപ്പന്നങ്ങൾ എന്നിവയുടെ നിർമ്മാണത്തിൽ വെളിച്ചണ്ണയും തേങ്ങാപ്പാലും ധാരാളമായി ഉപയോഗിക്കുന്നുണ്ട്. ഭക്ഷണം, നാരുകളുള്ള പഥ്യാഹാരം, നിർജ്ജലീകരണത്തിനുപയോഗിക്കുന്ന തേങ്ങാവെള്ള കാപ്സൂളുകൾ പോലെയുള്ളവയുടെ നിർമാണത്തിന് നാളികേരത്തിന്റെ അനന്തസാധ്യതകൾ ചൂഷണം ചെയ്യാൻ ആവശ്യമായ സാങ്കേതിക വിദ്യകൾ ആഗോളതലത്തിൽ വികസിപ്പിച്ചു വരുന്നു.

ഇനിയും പൂർണമായി പിൻവാങ്ങിയിട്ടില്ലാത്ത മഹാമാരിയ്ക്കിടെ എല്ലാവർക്കും ഭക്ഷണം ലഭ്യമാക്കുക, സമൂഹത്തിൽ ആരോഗ്യ അവബോധം ഉയർത്തുക എന്നീ ആവശ്യങ്ങളുടെ പശ്ചാത്തലത്തിൽ, ലോക ഭഷ്യ ദിനത്തിന്റെ പ്രമേയത്തിന്റെ ലക്ഷ്യ സാക്ഷാത്ക്കാരത്തിലേയ്ക്കുള്ള യാത്രയിൽ, നിരവധി ആരോഗ്യ പോഷകാഹാര സവിശേഷതകളുള്ള നാളികേരത്തിന് നമ്മുടെ ഭക്ഷണ മേശയിൽ അർഹിക്കുന്ന സ്ഥാനം നൽകേണ്ടതാണ്. ഈ അത്ഭുത വിളയ്ക്കു നല്കിയിരിക്കുന്ന ജീവന്റെ വൃക്ഷം എന്ന അപരനാമം അന്വർത്ഥമാക്കുവാൻ നമുക്ക് ഒന്നിച്ച് പരിശ്രമിക്കാം.

എഡിറ്റർ



# രാജ്യത്ത് നാളികേര കൃഷി വർദ്ധിപ്പിക്കുന്നതിനായി കർഷകരെ സംരക്ഷിക്കുന്നതു തുടരും : ശ്രീ. തോമർ



**മിനി മാത്യു,** *അസിസ്റ്റന്റ് ഡയറക്ടർ*
*(പബ്ലിസിറ്റി & പബ്ലിക് റിലേഷൻസ്), നാളികേര വികസന ബോർഡ്, കൊച്ചി -11*

**തമിഴ്നാട് കേരകർഷക സംഗമം കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രി ശ്രീ. നരേന്ദ്ര സിംഗ് തോമർ ഉദ്ഘാടനം ചെയ്തു**

രാജ്യത്തെ തീരദേശ സംസ്ഥാനങ്ങളിൽ നാളികേര കൃഷി വർദ്ധിപ്പിക്കുന്നതിനായി കർഷകർക്ക് കേന്ദ്രം നൽകിവരുന്ന എല്ലാ സഹായങ്ങളും തുടരുമെന്നും കർഷകരുടെ വരുമാനം ഇരട്ടിയാക്കുക എന്ന ലക്ഷ്യത്തോടെ നിരവധി പദ്ധതികൾ കേന്ദ്ര സർക്കാർ നടപ്പാക്കിയിട്ടുണ്ടെന്നും കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രി ശ്രീ. നരേന്ദ്ര സിംഗ് തോമർ പറഞ്ഞു. നാളികേര വികസന ബോർഡും, തമിഴ്നാട് കാർഷിക സർവ്വകലാശാലയും, ഐസിഎആർ - ഷുഗർകെയിൻ ബ്രീഡിംഗ് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി സംഘടിപ്പിച്ച കർഷക സമ്മേളനം ഇക്കഴിഞ്ഞ ഒക്ടോബർ 14ന് കോയമ്പത്തൂരിലെ തമിഴ്നാട് കാർഷിക സർവ്വകലാശാലയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ കുറച്ചു വർഷങ്ങളായി നാളികേര മേഖലയുടെ വികസനത്തിനും ഗവേഷണത്തിനും വേണ്ടി നടത്തിയ പരിശ്രമങ്ങളിലൂടെ കാർഷിക രംഗത്ത് തന്നെ പല നൂതന സാങ്കേതികവിദ്യകൾ വികസിപ്പിക്കാൻ സാധിച്ചു. നാളികേരാധിഷ്ഠിത വ്യവസായങ്ങളുടെ എണ്ണം കൂടിവരുന്നത് രാജ്യത്ത് നിരവധിപേർക്ക് ജോലി സാധ്യത കൂടിയാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. ഇന്ത്യ ഒട്ടാകെ നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ 537 നാളികേര സംസ്കരണ യൂണിറ്റുകൾ സ്ഥാപിച്ചതിൽ 136 യൂണിറ്റുകളും തമിഴ്നാട്ടിലാണ് പ്രവർത്തിക്കുന്നത്. ഉത്തേജിത കരി, വെർജിൻ കോക്കനട്ട് ഓയിൽ, കരിക്കിൻ വെള്ളം, തൂൾതേങ്ങ, വെളിച്ചെണ്ണ എന്നിങ്ങനെ വിവിധ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണ സംസ്കരണ യൂണിറ്റുകളാണ് തമിഴ്നാട്ടിൽ പ്രവർത്തിക്കുന്നത്. കയർ ഉത്പന്നങ്ങൾ ഒഴികെ നാളികേര ഉത്പന്നങ്ങളുടെ കയറ്റുമതിയിലൂടെ 3236.83 കോടി രൂപയുടെ വരുമാനമാണ് ഇക്കഴിഞ്ഞ സാമ്പത്തിക വർഷം നാടിന് ലഭിച്ചത്. കേര കൃഷിയും വ്യവസായവും ജീവിതമാർഗ്ഗമാക്കിയ 1000ൽ പരം കേര കർഷകരെയും, കരിമ്പ് കർഷകരെയുമാണ് തമിഴകത്ത് അദ്ദേഹം അഭിസംബോധന ചെയ്തത്.

കർഷകരെ അഭിസംബോധന ചെയ്യാനും അവരോട് സംവദിക്കാനും അവസരമൊരുക്കിയ നാളികേര വികസന ബോർഡിനും ഷുഗർകെയിൻ ബ്രീഡിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും തമിഴ്നാട് കാർഷിക സർവ്വകലാശാലയ്ക്കും തദവസരത്തിൽ ശ്രീ. തോമർ നന്ദി പ്രകടിപ്പിച്ചു. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് കൂടുതൽ കരുത്ത് പകരുന്നത് കാർഷിക മേഖലയാണ്. ആയതിനാൽ കർഷകരെ സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും തോളോട് തോൾചേർന്ന് പ്രവർത്തിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കാർഷിക സമ്പദ്‌വ്യവസ്ഥയിൽ നാളികേര മേഖലയുടെ സംഭാവന ഏറെ വലുതാണ്. ആഗോള തലത്തിൽ ഇന്ത്യ നാളികേര ഉത്പാദനത്തിൽ മുന്നിലാണെന്നും സംസ്ഥാനങ്ങളിൽ തമിഴ്നാടിന് രണ്ടാം സ്ഥാനമാണുള്ളതെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്ത് 2.11 മില്ല്യൺ ഹെക്ടർ തെങ്ങ് കൃഷിയുള്ളതിൽ 4.4 ലക്ഷം ഹെക്ടർ കൃഷി തമിഴ്നാട്ടിലാണ്. ഇവിടെ ഉത്പാദനക്ഷമത 11527 നാളികേരമാണ്. കോയമ്പത്തൂർ ജില്ലയിൽ മാത്രമായി 88467 ഹെക്ടറിൽ തെങ്ങു കൃഷി ചെയ്യുന്നു. അതേ സമയം ദേശീയ ശരാശരി ഉത്പാദന ക്ഷമത 9123 ഹെക്ടറാണ്. നാളികേരകൃഷി വികസനത്തിനായി ശാസ്ത്രീയ കൃഷി രീതികളും ബോർഡിന്റെ കർഷക ക്ഷേമ പദ്ധതികളും നടപ്പാക്കുന്നതിനും, നാളികേര സംസ്കരണ വിപണന രംഗത്ത് കർഷകരെ സഹായിക്കുന്ന



തിനുമായി തമിഴ്നാട് സംസ്ഥാനത്ത് ബോർഡിന്റെ നേതൃത്വത്തിൽ രൂപീകരിച്ച കർഷക കൂട്ടായ്മകളായ 697 നാളികേര ഉത്പാദക സംഘങ്ങൾ, അവയുടെ മുകളിൽ 73 നാളികേര ഉത്പാദക ഫെഡറേഷനുകൾ, ഇവരെ നിയന്ത്രിക്കുന്ന 19 നാളികേര ഉത്പാദക കമ്പനികളുമാണ് നിലവിൽ ഉള്ളത്.

കാർഷിക മേഖല എല്ലാ വിധത്തിലും വളർന്നുകൊണ്ടിക്കുമ്പോഴാണ് കോവിഡ് 19 കർഷകർക്ക് നാശം വിതച്ചുകൊണ്ട് കടന്നുവന്നത്. എന്നിട്ടും കർഷകർക്ക് പിടിച്ചു നിൽക്കാനായത് പ്രധാനമന്ത്രിയുടെ ഫസൽ ഭീമ യോജന വഴിയും സംസ്ഥാന സർക്കാരിന്റെ പല പദ്ധതികളും മൂലമാണ്. രാജ്യത്തിന്റെ നെടുംതൂണാണ് കൃഷി. അത് സംരക്ഷിക്കുന്നതിനായി പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി കഴിഞ്ഞ 8 വർഷങ്ങളായി നിരവധി പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതി പ്രകാരം രാജ്യത്തെ 11.50 കോടി കർഷകർക്കായി 2 ലക്ഷം കോടിയിലധികം രൂപയാണ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്. കഴിഞ്ഞ 6 വർഷത്തിൽ പ്രധാനമന്ത്രി ഫസൽ ഭീമ യോജനയിലൂടെ കാലാവസ്ഥാ വ്യതിയാനം മൂലം കൃഷിനഷ്ടമുണ്ടായ കർഷകർക്ക് 1.22 ലക്ഷം കോടി രൂപയാണ് നഷ്ടപരിഹാര തുകയായി ലഭിച്ചത്. നേരത്തെ കിസാൻ ക്രെഡിറ്റ് കാർഡിൽ 5 മുതൽ 6 ലക്ഷം കോടി രൂപയാണ് കർഷകർക്ക് വിള വായ്പയായി നൽകിയിരുന്നതെങ്കിൽ ഇപ്പോൾ അത് 18.5 ലക്ഷം കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. ആദായകരമായ വിളകൾ കൃഷി ചെയ്യുന്നതിനും ഉത്പാദക ഫെഡറേഷനുകൾക്ക് സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും സർക്കാർ ലോണുകളും സബ്സിഡിയും ലഭ്യമാക്കാൻ സൗകര്യമൊരുക്കിയിട്ടുണ്ട്. ശ്രീ തോമർ അറിയിച്ചു.

12 ലക്ഷത്തോളം ഏക്കറിൽ നാളികേര കൃഷിയുള്ള തമിഴ്നാട്ടിലെ കേര കർഷകർക്ക് വേണ്ടി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്ന് സംസ്ഥാന കൃഷി കർഷക ക്ഷേമ മന്ത്രി ശ്രീ. എം. ആർ. കെ. പനീർസെൽവം കർഷക സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു. ഈ സാമ്പത്തിക വർഷം 50,000 ടൺ നാളികേരം സംഭരിക്കാൻ അനുമതി നൽകിയതിൽ 25,000 ടൺ നാളികേരം ഇതിനോടകം സംഭരിച്ചതായും അദ്ദേഹം പറഞ്ഞു. ഒരു കിലോ കൊപ്രയ്ക്ക് 105.90 രൂപയ്ക്കാണ് കർഷകരിൽ നിന്നും ഇപ്പോൾ സംഭരിക്കുന്നത്. ഇതിന്റെ കാലാവധി ഒക്ടോബർ 31 വരെ മാത്രമാണ്. കേന്ദ്ര സർക്കാർ അനുമതി ലഭിക്കുകയാണെങ്കിൽ വർഷം മുഴുവൻ സംഭരണം നടത്താൻ തമിഴ്നാട് സർക്കാർ തയ്യാറാണെന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെയെങ്ങിൽ ഒരു കിലോ കൊപ്ര 150 രൂപയ്ക്ക് സംഭരിക്കാം. ഇതോടൊപ്പം പൊതുവിതരണ സംവിധാനത്തിലൂടെ (PDS) വെ









ളിച്ചെണ്ണ വിതരണം നടത്തണമെന്ന കർഷകരുടെ ആവശ്യം സംബന്ധിച്ച് സംസ്ഥാന സർക്കാർ പഠനം നടത്തിവരുന്നു. ശ്രീ. പനീർസെൽവം അറിയിച്ചു.

'കർഷകരുടെ വരുമാനം ഇരട്ടിയാക്കുക, നാടിന്റെ ദാരിദ്ര്യനിർമ്മാർജനം ഉറപ്പാക്കുക' എന്ന പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടുകൾ നടപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് നാളികേര വികസന ബോർഡ് പ്രവർത്തിക്കുന്നതെന്ന് ഡോ. പ്രഭാത് കുമാർ, ഹോർട്ടികൾച്ചർ കമ്മീഷണർ, ഗവൺമെന്റ് ഓഫ് ഇന്ത്യ, തന്റെ ആശംസാ പ്രസംഗത്തിൽ പറഞ്ഞു. ഗ്രൂപ്പ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഫാർമർ പ്രൊഡ്യൂസർ ഒർഗനൈസേഷനുകളിലൂടെ കേന്ദ്ര സർക്കാർ കർഷകർക്കായി നൽകുന്ന എല്ലാ സാമ്പത്തിക സഹായങ്ങളും പ്രയോജനപ്പെടുത്തണമെന്ന് അദ്ദേഹം സമ്മേളനത്തിൽ പങ്കെടുത്ത കേര കർഷകരോട് ആവശ്യപ്പെട്ടു.

കോയമ്പത്തൂർ നോർത്ത് എം.എൽ.എ ശ്രീ. അമ്മൻ കെ. അർജുൻ, കോയമ്പത്തൂർ സൗത്ത് എം.എൽ.എ ശ്രീമതി. വനതി ശ്രീനിവാസൻ, പൊള്ളാച്ചി എം.എൽ.എ തിരു പൊള്ളാച്ചി ജയരാമൻ തുടങ്ങിയവർ സമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. ഷുഗർകെയിൻ ബ്രീഡിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ജി. ഹേമപ്രഭ സ്വാഗതം ആശംസിച്ചു. തമിഴ്നാട് കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ഗീതാലക്ഷ്മി, കൃതജ്ഞത പറഞ്ഞു.

തമിഴ്നാട് കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, ഷുഗർകെയിൻ ബ്രീഡിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവർ ചേർന്ന് സംഘടിപ്പിച്ച കാർഷിക പ്രദർശനം കാർഷിക സർവ്വകലാശാല ക്യാമ്പസിൽ കേന്ദ്ര കർഷക ക്ഷേമ മന്ത്രി ശ്രീ. നരേന്ദ്ര സിംഗ് തോമർ ഉദ്ഘാടനം ചെയ്തു. ആയിരത്തോളം കേര കർഷകർ, കരിമ്പ് കർഷകർ, മറ്റു ജനപ്രതിനിധികൾ, കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിൽ നിന്നും തമിഴ്നാട് കാർഷിക വകുപ്പിൽ നിന്നുമുള്ള ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്ത ചടങ്ങ് തമിഴ്നാട്ടിലെ കേരകർഷകർക്കും വ്യവസായികൾക്കുമിടയിൽ ഏറെ പ്രതീക്ഷയുളവാക്കിയിട്ടുണ്ട്.

പൊള്ളാച്ചിയിലെ തൂൾതേങ്ങ നിർമ്മാണ യൂണിറ്റായ 'ഇന്ത്യൻ കോക്കനട്ട് പ്രോഡക്ട്സും' മന്ത്രി സന്ദർശിക്കുകയുണ്ടായി. നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ 2016-ൽ സ്ഥാപിച്ച തൂൾ തേങ്ങ യൂണിറ്റിൽ 1,10,000 നാളികേരമാണ് പ്രതിദിനം സംസ്ക്കരിക്കുന്നത്. ഈ യൂണിറ്റിന്റെ പദ്ധതി ചെലവ് 314.56 ലക്ഷമാണ്. ബോർഡ് അനുവദിച്ച സബ്സിഡി തുക 49.01 ലക്ഷം രൂപയാണ്. ■

*തമിഴ്നാട് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ക്യാമ്പസിൽ സംഘടിപ്പിച്ച എക്സിബിഷൻ*



*ശ്രീ നരേന്ദ്ര സിംഗ് തോമർ എക്സിബിഷൻ ഉദ്ഘാടനം നിർവ്വഹിക്കുന്നു. തമിഴ്നാട് കൃഷി കർഷക ക്ഷേമ മന്ത്രി ശ്രീ. എം. ആർ. കെ. പനീർസെൽവം സമീപം*



*പൊള്ളാച്ചിയിലെ 'ഇന്ത്യൻ കോക്കനട്ട് പ്രോഡക്ട്സ്' തൂൾതേങ്ങ യൂണിറ്റ് സന്ദർശന വേളയിൽ*






மீடியா கவரேஜ்
தென்னை விவசாயிகளுக்கு முழு ஒத்துழைப்பு
Centre will support coconut farmers, says Union Minister Tomar
திட்டம்: 70 லட்சம் விவசாயிகள் பயன்
நுண்ணீர் பாசனத் திட்டம்: 70 லட்சம் விவசாயி
promote coconut farming
DT NEXT

# കോമയുടെ കഥ: കൊച്ചിയിലെ വെളിച്ചെണ്ണ വിപണിയുടെയും




**ആബെ ജേക്കബ്**
ഡെപ്യൂട്ടി എഡിറ്റർ, നാളികേര വികസന ബോർഡ്, കൊച്ചി -11

**ഇന്ത്യയുടെ സ്വാതന്ത്ര്യ ലബ്ധിക്കും പത്തു പതിമൂന്നു വർഷം മുന്നെ മട്ടാഞ്ചേരിയിൽ സ്ഥാപിതമായ കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസോസിയേഷൻ അഥവാ കോമയുടെ ചരിത്ര വഴികളിലൂടെ.**

കടവുകളിൽ കൊപ്പരച്ചാക്കുകളും അടുക്കി നിരനിരയായി കാത്തു കിടക്കുന്ന കേവുവള്ളങ്ങളില്ല, തെരുവുകളിൽ വെളിച്ചെണ്ണ ബാരലുകൾ നിറച്ചു വരുന്ന ലോറികളില്ല, ചരക്കുകളും പേറി പോകുന്ന തൊഴിലാളികളുടെ ഏക്കം വിളികളില്ല, തിരക്കുപിടിച്ച് ഓടിനടക്കുന്ന ബ്രോക്കർമാരില്ല....കേരളത്തിന്റെ വെളിച്ചെണ്ണ വാണിജ്യ സിരാകേന്ദ്രമായിരുന്ന മട്ടാഞ്ചേരി ഇന്ന് ഏതാണ്ട് നിശബ്ദമാണ്. വല്ലപ്പോഴും പഴമ തേടി വരുന്ന സഞ്ചാരിക്കൂട്ടങ്ങൾ, ഗതകാലസ്മരണകൾ പേറി നിൽക്കുന്ന മന്ദിരങ്ങൾ, ചരക്കുകൾ നിറഞ്ഞു കുമിഞ്ഞിരുന്ന ഗോഡൗണുകളുടെ അവശിഷ്ടങ്ങൾ ഇവയൊക്കെയാണ് ഇന്നത്തെ മട്ടാഞ്ചേരി കാഴ്ച്ചകൾ.

അഞ്ചേരിമഠം എന്ന വാക്കിൽ നിന്നാണത്രേ മട്ടാഞ്ചേരി എന്ന സ്ഥലനാമത്തിന്റെ നിഷ്പത്തി. അതായത് ഇന്നത്തെ മട്ടാഞ്ചേരിയിൽ എവിടെയോ അഞ്ചേരി എന്ന പേരിൽ ഒരു നമ്പൂതിരി ഇല്ലം ഉണ്ടായിരുന്നു പോൽ. നൂറ്റാണ്ടുകൾ മുമ്പുള്ള കഥയാണ്. അന്ന് ഇന്ത്യ ഭരിച്ചിരുന്ന വിദേശികൾ മഠം അഞ്ചേരി എന്നാണ് ഇത് ഉച്ചരിച്ചിരുന്നത്. ഇതു ലോപിച്ച് മട്ടാഞ്ചേരി ആയി പരിണമിച്ചു. യഹൂദരുടെ ആവാസകേന്ദ്രമായി മാറിയ മട്ടാഞ്ചേരി പിന്നീട് കൊച്ചിയിലെ പ്രധാന വാണിജ്യ കേന്ദ്രമായും പരിണമിച്ചു എന്നതു ചരിത്രം.

യഹൂദരുടെ വാസകേന്ദ്രമായ മട്ടാഞ്ചേരിയുടെ സ്ഥലനാമ നിഷ്പത്തി മത്താന(സമ്മാനം) ചേരി (ദ്വീപ്) എന്നീ ഹീബ്രു മലയാള ധാതുക്കൾ കൂടിച്ചേർന്ന് (മത്താന + ചേരി) ലോപിച്ചതാണ് എന്ന മറ്റൊരു പാഠഭേദം കൂടിയുണ്ട്. അന്ന് കൊച്ചി ഭരിച്ചിരുന്ന രാജാവ് ഈ ദ്വീപ് യഹൂദർക്ക് സമ്മാനമായി നൽകിയതാണത്രെ. ഇത് യഹൂദർക്കിയടിൽ വാമൊഴിയായി പറഞ്ഞു വന്നിരുന്ന കഥ.



കോമയുടെ ലാബ്

വെളിച്ചെണ്ണയ്ക്ക് ഏതാണ്ട് 4000 വർഷത്തെ ചരിത്രമുണ്ട്. നാളികേരത്തിന്റെ ഭക്ഷ്യ സൗഖ്യ ഉപയോഗങ്ങളെ കുറിച്ച് 3960 വർഷം മുമ്പുള്ള ചരിത്ര രേഖകളിൽ പരാമർശമുണ്ട്. മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളിലും തെങ്ങിന്റെ വിവിധ ഉപയോഗം വലിയ സ്വാധീനം ചെലുത്തിയിരുന്നു. എന്നാൽ, എക്കാലത്തും ഏറ്റവും വാണിജ്യ പ്രാധാന്യം ഉണ്ടായിരുന്നത് നാളികേരം, തേങ്ങാപ്പാൽ, തേങ്ങാവെള്ളം, വെളിച്ചെണ്ണ എന്നിവയ്ക്കു തന്നെയായിരുന്നു. ക്രിസ്തുവിനു 1500 വർഷം മുമ്പ് ഭാരതത്തിൽ, സംസ്കൃതത്തിൽ രചിച്ചതെന്നു കരുതപ്പെടുന്ന നിരവധി ആയുർവേദ ഗ്രന്ഥങ്ങളിലും വെളിച്ചെണ്ണയുടെ ഉപയോഗം രേഖപ്പെടുത്തിയിരിക്കുന്നു.

നൂറ്റാണ്ടുകൾക്കു മുൻപ് മുതൽ വെളിച്ചെണ്ണ വ്യാപാര കേന്ദ്രമായിരുന്നു കൊച്ചി. കൊച്ചിയിലെ വെളിച്ചെണ്ണവില നിലവാരമായിരുന്നു അന്ന് ഇന്ത്യയിലും വിദേശത്തും വിപണികളിൽ പിന്തുടർന്നിരുന്നത്. വെളിച്ചെണ്ണയുടെ വിലയനുസരിച്ചാണ് അന്ന് നാളികേരത്തിന്റെയും പിണ്ണാക്കിന്റെയും വില നിശ്ചയിച്ചിരുന്നത്. അന്നത്തെ നാളികാരാധിഷ്ഠിത സമ്പദ്‌വ്യവസ്ഥ വെളിച്ചെണ്ണ എന്ന ഒറ്റ ഉൽപ്പന്നത്തെ മാത്രം ആശ്രയിച്ചായിരുന്നു മുന്നോട്ടു നീങ്ങിയിരുന്നത്.

സ്വാതന്ത്ര്യ ലബ്ധിക്കു മുമ്പുള്ള കാലമായിരുന്നതിനാൽ കേരളത്തിലെ വൻ വിപണിയായിരുന്ന മട്ടാഞ്ചേരിയിൽ അന്ന് പാകിസ്ഥാനിലും വടക്കേ ഇന്ത്യയിലും പ്രത്യേകിച്ച് ഗുജറാത്തിൽ നിന്നും ധാരാളം വ്യാപാരികൾ താമസിച്ചു കച്ചവടം നടത്തിയിരുന്നു. ഈ പശ്ചാത്തലത്തിലാണ് കേരളത്തിലെ (ഇന്ത്യയിലെ തന്നെ) വെളിച്ചെണ്ണ വ്യാപാരികളുടെ അതിശക്തമായ സംഘടന 1935–ൽ മട്ടാഞ്ചേരി കേന്ദ്രമാക്കി കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസോസിയേഷൻ എന്ന പേരിൽ സ്ഥാപിതമായത്. കേരളത്തിലെ കൊപ്ര, വെളിച്ചെണ്ണ, പിണ്ണാക്ക് വ്യവസായത്തെ പ്രോത്സാഹിപ്പിക്കുക, നാളികേര കർഷകരുടെ ഉന്നമനത്തിനായി നിലകൊള്ളുക എന്നിവയാണ് അസോസിയേഷന്റെ സ്ഥാപിത ലക്ഷ്യങ്ങൾ. അന്ന് 250ൽ അധികം അംഗങ്ങൾ ഉണ്ടായിരുന്നു. അവിഭക്ത ഇന്ത്യയായിരുന്നു അന്ന്. ഹലായി വിഭാഗത്തിൽപെട്ട ഒരാളായിരുന്നു അസോസിയേഷന്റെ ആദ്യ പ്രസിഡന്റ്. പാക്കിസ്ഥാനി ആയിരുന്ന ആദം ഹസ്സൻ. സ്വാതന്ത്ര്യ സമര സേനാനിയും മലയാളിയുമായിരുന്ന കെപി മാധവൻനായരായിരുന്നു വൈസ് പ്രസിഡന്റ്. 1945 ൽ മാധവൻ നായർ പ്രസിഡന്റായി. സ്വാതന്ത്ര്യം ലഭിച്ചതോടെ പാക്ക് പൗരന്മാർ സ്ഥലം വിട്ടു.. പിന്നീട് വളരെക്കാലം അസോസിയേഷൻ ഗോസായികളുടെയും മാർവാഡികളുടെയും ഉത്തരേന്ത്യൻ വ്യാപാരികളുടെയും നിയന്ത്രണത്തിലായിരുന്നു.

മട്ടാഞ്ചേരി യൂദടൗണിലെ സിനഗോഗ് ലെയ്നിൽ ക്ലിയർഹൗസ് എന്നറിയപ്പെട്ടിരുന്ന, 450 വർഷം പഴക്കമുള്ള ഒരു ബഹുനില മന്ദിരം ഇന്നും ഉണ്ട്. അതാണ് കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസോസിയേഷ(കോമ)ന്റെ ആസ്ഥാന മന്ദിരം. മട്ടാഞ്ചേരി സ്റ്റാർ ജംങ്ഷനിൽ ഇപ്പോൾ ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സ് പ്രവർത്തിക്കുന്ന കെട്ടിടമായിരുന്നു അസോസിയേഷന്റെ ആദ്യ ഓഫീസ്. കാന്തിലാൽ മേത്ത പ്രസിഡന്റ് ആയിരുന്ന 1972 കാലഘട്ടത്തിൽ അത് ചേംബറിന് വിറ്റിട്ട് ഏലിയാസ് മോസസ് റാബി എന്ന യഹൂദനിൽ നിന്നു വാങ്ങിയതാണ് സിനഗോഗ് ലെയിനിലെ, പത്തു കോടിക്കു മേൽ ഇന്ന് വിലമതിക്കുന്ന 16 സെന്റ്




സ്ഥലവും പഴമയുടെ പ്രൗഢി വിളിച്ചോതി മാറ്റമൊന്നും ഇല്ലാതെ നിൽക്കുന്ന ഈ കെട്ടിടവും. ഇതിന്റെ കൈമാറ്റ രേഖകൾ മുഴുവൻ ഹീബ്രു ഭാഷയിലാണ്.

കെട്ടിടവും മച്ചും മുഴുവൻ തന്നെ മരമാണ്. കാലപ്പഴക്കം കൊണ്ട് അവിടവിടെ സുർക്ക ഇളകി പോയിട്ടുണ്ട് എങ്കിലും അറ്റകുറ്റപ്പണികൾ ചെയ്ത് വൃത്തിയായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. താഴത്തെ നിലയിലുള്ള മുറികൾ വ്യാപാര സ്ഥാപനങ്ങൾക്ക് വാടകയ്ക്കു നൽകിയിരിക്കുന്നു. മുകൾ നിലയിൽ കോമയുടെ ഓഫീസ്, ബോർഡ് റൂം, വിശാലമായ മീറ്റിംങ് ഹാൾ, ഗുണമേന്മാ പരിശോധനാ ലാബ് എന്നിവയാണ് പ്രവർത്തിക്കുന്നത്.

ഓയിൽ മർച്ചന്റ്സ് അസോസിയേഷന്റെ (അതായിരുന്നു ആദ്യത്തെ പേര്. പിന്നീട് കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്യേണ്ടതിനായി 1960–ൽ കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസോസിയേഷൻ എന്നു പുനർനാമകരണം ചെയ്തു.) സ്വാതന്ത്ര്യ ലബ്ധിക്കു മുമ്പ് ഇംഗ്ലണ്ടിലേയ്ക്കും മറ്റ് യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കും വെളിച്ചെണ്ണ കയറ്റി അയച്ചിരുന്നത് കൊച്ചിയിൽ നിന്നായിരുന്നു. അവധി വ്യാപാരം ഉൾപ്പെടെ രാജ്യത്തെ വെളിച്ചെണ്ണ കച്ചവടത്തിന്റെ പൂർണ നിയന്ത്രണം അന്ന് അസോസി





*സിബി തോമസ് രാജേഷ് ജോസ് പോൾ ആന്റണി*

*പുതിയ ഭാരവാഹികൾ*

യേഷന്റെ കൈകളിൽ ഭദ്രമായിരുന്നു. നാളികേരം കൊപ്ര വെളിച്ചെണ്ണ മേഖലകളിൽ താല്പര്യമുണ്ടായിരുന്ന എല്ലാവരും അസോസിയേഷന്റെ വ്യാപാര നിലപാടുകളെയും തീരുമാനങ്ങളെയും ആദരിച്ചുപോന്നു. സ്വാതന്ത്ര്യാനന്തരവും കൊച്ചി കേന്ദ്രമായുള്ള വെളിച്ചെണ്ണയുടെ അവധി വ്യാപാരം അസോസിയേഷൻ തുടർന്നു.

ഉൽപ്പന്നത്തെ ആശ്രയിച്ച് അസംസ്കൃത വസ്തുവിന്റെ വില നിർണയിക്കപ്പെടുന്നത് നാളികേര മേഖലയിൽ മാത്രമാണ്. വെളിച്ചെണ്ണ വിപണിയുടെ ഏറ്റക്കുറച്ചിലുകൾ നാളികേര വിപണിയിൽ അനുനിമിഷം പ്രതിഫലിച്ചുകൊണ്ടിരിക്കും. അതാണ് ഈ മേഖലയുടെ പ്രത്യേകത. കൊപ്ര, വെളിച്ചെണ്ണ, പിണ്ണാക്ക് എന്നീ മൂന്നു ഉൽപ്പന്നങ്ങൾ കേന്ദ്രീകരിച്ചായിരുന്നു അന്ന് നാളികേര വിപണിയുടെ പ്രവർത്തനം. മറ്റ് മൂല്യവർധിത ഉൽപ്പന്നങ്ങളൊന്നും അക്കാലത്ത് നാളികേരത്തിന് ഉണ്ടായിരുന്നില്ല.

ആലപ്പുഴ മുതൽ തൃശൂർ വരെയുള്ള നാളികേര മേഖലകളിൽ നിന്ന് കൊപ്രയും വെളിച്ചെണ്ണയും മട്ടാഞ്ചേരിയിലെ വ്യാപാരികളുടെ ഗുദാമുകളിൽ എത്തും. 3500 എണ്ണ മില്ലുകൾ വരെ കേരളത്തിൽ ഒരു കാലത്തു പ്രവർത്തിച്ചിരുന്നു. ആദ്യമൊക്കെ മരച്ചക്കുകളിലായിരുന്നു എണ്ണ ആട്ടിയിരുന്നത്. അത് ഗാർഹിക ഉപയോഗത്തിനായിരുന്നു. അതിൽ നിന്നുള്ള പിണ്ണാക്ക് ഉപയോഗിച്ച് അന്ന് നാളികേര ചട്നിയും മറ്റും വീടുകളിൽ നിർമ്മിച്ചിരുന്നു. പിന്നീട് റോട്ടറികളിലേയ്ക്ക് വൻതോതിലുള്ള എണ്ണ ഉൽപാദനം മാറി. ഇത് വീപ്പകളിലാക്കി മാർക്കറ്റിൽ എത്തിക്കും. ഒരു വീപ്പ എന്നു പറയുന്നത് 190 കിലോഗ്രാമാണ്.

വീപ്പകൾ ഇറക്കുമ്പോൾ തെറിച്ചു വീഴുന്ന എണ്ണയായിരുന്നു അന്നു മട്ടാഞ്ചേരിയുടെ തെരുവു നിറയെ. അൺക്ലീൻ അഥവ ആട്ടിയപടി, ക്ലീൻ എന്നിങ്ങനെ രണ്ടു ഗ്രേഡുകളിലാണ് അന്ന് എണ്ണ വ്യാപാരം. ശ്രീകാര്യത്തെ ബാലചന്ദ്ര ഓയിൽ മില്ല്, പത്തനംതിട്ടയിലെ ചീക്കനാൽ ഓയിൽ ഇൻഡസ്ട്രീസ്, തൊടുപുഴയിലെ പുളിമൂട്ടിൽ ഓയിൽ മിൽസ് തുടങ്ങിയ മില്ലുകളിൽ നിന്നായിരുന്നു എണ്ണ വൻ തോതിൽ കൊണ്ടുവന്നിരുന്നത്. ഇതിൽ ഇരിങ്ങാലക്കുടയിലെ പത്രോസ് ഓയിൽ മില്ല് ദിവസം 42 ബാരൽ എണ്ണ വരെ കൊണ്ടുവരുമായിരുന്നു. ബ്രോക്കർമാർ വഴി മാത്രമാണ് കച്ചവടം. ബാബു റാവു, ബേബി, ശ്രീനിവാസ കമ്മത്ത്, ഇസഹാക്ക് സേട്ട് തുടങ്ങിയവരായിരുന്നു പ്രമുഖ ബ്രോക്കർമാർ. ഒരേ സമയം 3000 ബാരൽ വെളിച്ചെണ്ണയുടെ വ്യാപാരം വരെ ഇവിടെ നടന്നിരുന്നു.

കടവിൽ വരുന്ന എണ്ണ ബാരലുകൾ വ്യാപാരിയുടെ ഗോഡൗണിലേയ്ക്കു നമ്പരിട്ടു മാറ്റുന്നതിനു മുമ്പായി ഓരോ ബാരലിൽ നിന്നും സാമ്പിൾ എടുത്ത് ലാബിലേയ്ക്ക് അയക്കും. ഇതാണ് ആട്ടിയപടി. അവർ അത് പരിശോധിക്കും. എത്രമാത്രം മട്ടുണ്ട്, എത്ര ഈർപ്പമുണ്ട്, മായം വല്ലതും ഉണ്ടോ, ഏത് ഗ്രേഡ് എന്നിങ്ങനെയുള്ള റിപ്പോർട്ടു തരും. അതനുസരിച്ചാണ് ചരക്കിന്റെ വില കൂടുന്നതും കുറയുന്നതും. ഈ എണ്ണ ബാരലുകൾ ത്രാസിൽ തൂക്കി, കുഴി ടാങ്കുകളിലേയ്ക്ക് ഒഴിക്കും. കുഴി ടാങ്കുകളിൽ കിടന്ന് മട്ട് അടിഞ്ഞ ശേഷം (ഇതാണ് ക്ലീൻ ചരക്ക്) മുകളിലുള്ള ടാങ്കിലേയ്ക്ക് അടിച്ചു കയറ്റും. അവിടെ നിന്ന് പിന്നീട് 15 കിലോഗ്രാം വീതം കൊള്ളുന്ന ടിന്നുകളിലാക്കി, ലോറികളിൽ 500 ഉം 600 ടിന്നുകൾ വീതം ഇടയിൽ കച്ചി തിരുകി നാഗപ്പൂർ, പട്ന, മുംബെ തുടങ്ങിയ നഗരങ്ങളിലേയ്ക്ക് കൊച്ചി ഓയിൽ എന്ന ലേബലിൽ കയറ്റിവിടും. പാട്ടകളിൽ ബ്രാന്റിന്റെ ലേബൽ വേറെ കാണും. സിന്താൾ ട്രേഡിംങ് ഗ്രൂപ്പ്, കൽപക ട്രേഡിംങ് കമ്പനി, ഭരത് ഖോന തുടങ്ങിയവരായിരുന്നു അന്നത്തെ എക്സ്പോർട്ടർമാർ. 1974–ൽ ഒരു കിലോവെളിച്ചെണ്ണയുടെ വില 7.50 രൂപ ആയിരുന്നു.

കൊപ്ര വ്യാപാരവും വ്യാപകമായിരുന്ന അന്ന് കൊച്ചിയിലെ ടാറ്റ ഓയിൽ മിൽ സജീവമാണ്. ചെറായി, മുനമ്പം, കോട്ടപ്പുറം, വൈപ്പിൻ, ഞാറയ്ക്കൽ, കുത്തിയതോട്, പാണാവള്ളി, പൂച്ചാക്കൽ, കടമക്കുടി, മൂലമ്പള്ളി, കൂനമ്മാവ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നൊക്കെ കൊപ്രയുമായി വ്യാപാരികൾ വരും. ഗാട്ടി എന്ന പ്രാകൃത രീതിയിലാണ് കൊപ്രയുടെ ഉണക്ക് വിലയിരുത്തി വിലയിടുന്നത്. ചിലപ്പോൾ 100 കിലോയ്ക്ക് 18 ശതമാനം വരെ ഗാട്ടി പോകും. ശരാശരി ആറ് ശതമാനം ഉറപ്പ്. കൊപ്ര കൊണ്ടുവരുന്ന ആളും വ്യാപാരിയും കൂടി കൈകൾ ചേർത്തു പിടിച്ച് തോർത്ത് കൊണ്ട് മൂടും. എന്നിട്ട് വിരലുകൾ പരസ്പരം നിവർത്തിയും മടക്കിയും കൊപ്രയുടെ ഉണക്ക് തോത് വിനിമയം ചെയ്യുന്നതാണ് ഗാട്ടി. ഇപ്പോൾ ലോഡു വരുന്ന കൊപ്രയിൽ നിന്ന് 10 ശതമാനം മാറ്റി അതിൽ നിന്നു 100 കിലോ (രണ്ടു ചാക്ക്) എടുത്ത് അതിൽ നിന്നു നാലു കിലോ 13 x 11 എം എം സൈസിൽ മുറിച്ച് പ്രത്യേക മെഷീനിൽ ഫീഡ് ചെയ്താൽ ഡിജിറ്റലായി ഈർപ്പത്തിന്റെ അളവ് നമുക്ക് മുന്നിൽ കാണാം.

ഏതാനും വർഷങ്ങളായി, നാളികേര മേഖലയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാന്ദ്യം കൃഷിക്കാരെയും വ്യവസായികളെയും പ്രതികൂലമായി ബാധിച്ചു. എഴുപതുകളുടെ അവസാനത്തോടെ കേരളത്തിൽ ഉണ്ടായ റബർ കൃഷി വ്യാപനവും തെങ്ങു കൃഷിയെ പിന്നോട്ടടിച്ചു എന്നു പറയാതെ വയ്യ. നാളികേരത്തിനുണ്ടായ വിലയിടിവ്, അനിയന്ത്രിതമായ കൂലിച്ചെലവുകൾ, തെങ്ങുകളുടെ രോഗ കീട ബാധകൾ, പനങ്കുരു എണ്ണയുടെയും മറ്റ് ഭക്ഷ്യ എണ്ണകളുടെയും ചുങ്കം ഒഴിവാക്കിയുള്ള ഇറക്കുമതി എന്നിവ ഉന്തിനു പുറകെ തള്ള് എന്നപോലെ തിരിച്ചടിയുമായി. വെളിച്ചെണ്ണ മാത്രം ഉപയോഗിച്ചിരുന്ന കേരളത്തിലെ അടുക്കളകളിലേയ്ക്ക് മെല്ലെ പനങ്കുരു എണ്ണയും മറ്റ് ഭക്ഷ്യ എണ്ണകളും നുഴഞ്ഞു കയറി. അതോടെ വെളിച്ചെണ്ണയുടെയും തേങ്ങയുടെയും വിലയിൽ ഇടിവുണ്ടായി.

ഏതാണ്ട് 90 കളുടെ തുടക്കത്തോടെ എല്ലാ ഉൽപാദന മേഖലകളിലും ചെലവ് ഉയർന്നു. കേരളത്തിലെ മിക്ക കൊപ്പരക്കളങ്ങളും അടച്ചു പൂട്ടി. തൊഴിലാളികളുടെ കൂലിയിൽ ഉണ്ടായ വർധനയായിരുന്നു പ്രധാന കാരണം. സ്വതവെ ഉൽപാദനം കുറഞ്ഞിരുന്ന നാളികേര മേഖലയിൽ നിന്ന് അതോടെ ചരക്കു വരവ് കുറയുകയും കേരളത്തിലെ പ്രമുഖ കൊപ്ര വെളിച്ചെണ്ണ വിപണിയായ മട്ടാഞ്ചേരിയുടെയും കൂടെ ആലപ്പുഴ കോഴിക്കോട് വിപണികളുടെയും പ്രവർത്തനം മന്ദീഭവിക്കുകയും ചെയ്തു.

ഇതെ സമയം, തമിഴ്നാട്ടിലെ പൊള്ളാച്ചിയിലും സമീപ പ്രദേശങ്ങളിലും നാളികേര വികസന ബോർഡിന്റെ കൂടി പരിശ്രമ ഫലമായി തെങ്ങു കൃഷി വ്യാപകമായി. ജലസേചന സൗകര്യവും ശാസ്ത്രീയ കൃഷി രീതികളും










*എം.ജെ. കുര്യാക്കോസ്* *താലത്ത് മുഹമ്മൂദ്* *പ്രകാശ് റാവു* *ഷോമി ജോർജ്ജ്* *എ. ദേവേന്ദ്രൻ* *ടി.സി.രാജു* *പി. അശോക്* *കൃഷ്ണകുമാർ കെ. വി*



*കോമയുടെ 87-ാമത് വാർഷിക പൊതുയോഗം 2022 സെപ്തംബർ 24-ന് കൊച്ചിയിൽ ചേർന്നപ്പോൾ*





*ഷാനു ബാബു* *റിജു ആർ* *ആദർശ് കമ്മത്ത്*

വഴി അവിടങ്ങളിൽ നാളികേര ഉൽപാദനം കുത്തനെ ഉയർന്നു. മഴ കുറവിനെ അനുകൂല ഘടകമാക്കി തമിഴ് നാട്ടിലെ കാങ്കയം നാളികേര സംസ്കരണത്തിന്റെ കേന്ദ്രമായി മാറി. കുറഞ്ഞ കൂലിക്ക് കൂടുതൽ സമയം ജോലി ചെയ്യാൻ അവിടെ തൊഴിലാളികൾ തയാറായിരുന്നു. അപ്പോൾ ഉൽപാദന ചെലവു കുറഞ്ഞു. താരതമ്യേന മഴക്കുറവുള്ള മേഖലയായതിനാൽ സമൃദ്ധമായ വെയിലിൽ അവിടെ നല്ല നിലവാരത്തിൽ കൊപ്ര ഉണങ്ങിയെടുക്കാം. ഇന്ധന ചെലവില്ല. കൊപ്രയുടെ ഉപോൽപ്പന്നമായ ചിരട്ട വിറ്റു കിട്ടുന്ന പണം കൊണ്ട് മറ്റ് എല്ലാ ചെലവുകളും നടത്താം. ചകിരി വിറ്റു കിട്ടുന്ന പണം വേറെ. ആകെപ്പാടെ പൊള്ളാച്ചിയും കാങ്കയവും ഉണർന്നു. ചുരുങ്ങിയ വർഷങ്ങൾ കൊണ്ട് പൊള്ളാച്ചി താലൂക്ക് നാളികേരകൃഷിയുടെയും, കാങ്കയം കൊപ്ര വെളിച്ചെണ്ണ വ്യവസായത്തിന്റെയും ഇന്ത്യയിലെ തന്നെ ഹബ്ബായി മാറുകയും ചെയ്തു.

ഒരു കാലത്ത് ഇന്ത്യയിൽ കൊപ്രയുടെ അവധി വ്യാപാരം വരെ നടന്നിരുന്ന കൊച്ചി വിപണി അതോടെ വിസ്മൃതിയുടെ ആഴങ്ങളിലേയ്ക്കു മറയുകയും ചെയ്തു. കേരളത്തിനു നഷ്ടമായത് വൻ സാധ്യതകളാണ്. തൊഴിൽ അവസരങ്ങൾ, കൃഷിക്കാർക്കും വ്യവസായികൾക്കും ഗവൺമെന്റിനും കിട്ടേണ്ടിയിരുന്ന വരുമാനം തുടങ്ങിയവ. കയർ വ്യവസായത്തിന് ആവശ്യമായ തൊണ്ടു പോലും പൊള്ളാച്ചിയിൽ നിന്നു കൊണ്ടുവരേണ്ട ഗതികേടിലായി കേരളം. വർഷം, 4000 കോടി രൂപയ്ക്കു മേലെയാണ് ഇന്ന് ചകിരിയും ചകിരി ഉൽപ്പന്നങ്ങളും വിറ്റ് തമിഴ്നാട് നേടുന്ന വിദേശ നാണ്യ മൂല്യം.

കാലപ്രവാഹത്തെ അതിജീവിച്ച് 87 വർഷമായി മുന്നേറുന്ന കോമ തിരിച്ചു വരവിന് ഒരുങ്ങുന്നതിന്റെ സൂചനകളാണ് 2022 സെപ്റ്റംബർ 24-ന് ഏറണാകുളത്ത് ചേർന്ന വാർഷിക പൊതുസമ്മേളനം നൽകുന്നത്. പുതിയ ഭരണ സമിതിയുടെ പ്രസിഡന്റായി വീണ്ടും ശ്രീ. സിബി തോമസ് കുന്നേൽ (രാമപുരം), വൈസ് പ്രസിഡന്റായി ശ്രീ. രാജേഷ് ജോസ് എന്നിവരെയും ഡയറക്ടർമാരായി എം ജെ കുര്യാക്കോസ്, തലത്ത് മഹമൂദ്, പ്രകാശ് റാവു, ഷോമി ജോർജ്, എ ദേവേന്ദ്രൻ, ടിസി രാജൂ, പി അശോക്, കെവി കൃഷ്ണകുമാർ, ഷാനു ബാബു, ആർ റിജു, ആദർശ് കാമത്ത് എന്നിവരെ തെരഞ്ഞെടുത്തിരിക്കുന്നു. ശ്രീ. പോൾ ആന്റണിയാണ് അസോസിയേഷൻ സെക്രട്ടറി.

കേരളത്തിലെ തെങ്ങു കൃഷി മേഖലകളിൽ ഇന്ന് പുതിയ ഒരു ഉണർവ് ദൃശ്യമാണ്. നാളികേരത്തിന്റെയും വെളിച്ചെണ്ണയുടെയും വിലയിൽ വലിയ വർധന ഉണ്ടായിട്ടില്ലെങ്കിലും ഇടവിള കൃഷി, കരിക്കിന്റെ വിളവെടുപ്പ് സംസ്കരണം, വിൽപ്പന, മൂല്യ വർധന ഉൽപ്പന്നങ്ങളുടെ (പ്രത്യേകിച്ച് വിർജിൻ വെളിച്ചെണ്ണയുടെയും മറ്റും) നിർമ്മാണം കയറ്റുമതി എന്നിവ വഴി കേരളത്തില നാളികേര കൃഷിയും അനുബന്ധ വ്യവസായങ്ങളും ലാഭകരമാക്കാനുള്ള അവസരങ്ങൾ തുറന്നിരിക്കുകയാണ്. എക്സ്പോർട്ട് പ്രമോഷൻ കൗൺസിലായി പ്രവർത്തിക്കുന്ന നാളികേര വികസന ബോർഡും ഈ മേഖലയിൽ വലിയ പ്രോത്സാഹനമാണ് നൽകി വരുന്നത് എന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. ഈ അവസരങ്ങൾ ഉപയോഗപ്പെടുത്തി വീണ്ടും ഒരു തിരിച്ചു വരവിന് ഒരുങ്ങുകയാണ് കോമ. ഇന്നും കോമ ക്വോട്ട് ചെയ്യുന്ന എണ്ണ വിലയ്ക്കാണ് അന്താരാഷ്ട്ര വെളിച്ചെണ്ണ വിപണിയിൽ ആധികാരികത. അതിനു കാരണം 87 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള കോമയുടെ വിശ്വാസ്യത തന്നെ.

കോമയുടെ ഏറ്റവും പുഷ്കലമായ കാലം ഏതെന്നു ചോദിച്ചാൽ അത് 1970 മുതൽ 2000 വരെയുള്ള വർഷങ്ങളായിരുന്നു. വെളിച്ചെണ്ണയുടെയും കൊപ്രയുടെയും അവധി വ്യാപാരമായിരുന്നു അന്ന് അസോസിയേഷന്റെ പ്രധാന പ്രവർത്തന മേഖല. ഇന്ന് തറവിലയക്കാൾ താഴെയാണ് കൊപ്രയുടെ വിപണി വില. ഈ സാഹചര്യത്തിൽ വീണ്ടും അവധി വ്യാപാരം ആരംഭിച്ചാൽ, അത് കൊപ്രയുടെ വിപണി വില ഉയർത്താനും അതിന്റെ പ്രയോജനം നാളികേര കർഷകന് ലഭിക്കാനും സഹായകരമാകും. അസോസിയേഷന്റെ അന്നത്തെ ട്രേഡ് ഗാരന്റി ഫണ്ട് ഇപ്പോഴും ഫെഡറൽ ബാങ്കിൽ സുരക്ഷിതമാണ്. നാളികേര വികിസന ബോർഡിനെ പോലെ ഒരു ഏജൻസി അതിനുള്ള പിന്തുണ നൽകാൻ ഒപ്പമുണ്ടെങ്കിൽ കാര്യങ്ങൾ എളുപ്പമാകും എന്ന് ഇപ്പോഴത്തെ പ്രസിഡന്റ് സിബി കുന്നേലും, മുൻ പ്രസിഡന്റും നിലവിൽ ഡയറക്ടറുമായ തലത് മുഹമൂദും ചൂണ്ടിക്കാട്ടി. ■

# നടപ്പു വർഷം നാളികേര വികസന ബോർഡിന് 110 കോടി രൂപയുടെ പദ്ധതികൾ

**പ്രമോദ് പി കുര്യൻ*, എസ് കുമാരവേൽ****
*അസിസ്റ്റന്റ് ഡയറക്ടർ, **ഡവലപ്മെന്റ് ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി -11



ഇന്ത്യൻ പാർലമെന്റ് പാസാക്കിയ പ്രത്യേക നിയമം വഴി വ്യവസ്ഥാപിതമായതും 1981 ജനുവരി 12 ന് പ്രാബല്യത്തിൽ വന്നതുമായ നാളികേര വികസന ബോർഡ് കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിനു കീഴിലാണ് പ്രവർത്തിക്കുന്നത്. കേരളത്തിൽ കൊച്ചിയിലാണ് ബോർഡിന്റെ ആസ്ഥാനം. ഉൽപാദനക്ഷമത, ഉൽപ്പന്ന വൈവിധ്യവത്ക്കരണം എന്നിവയിലൂന്നി രാജ്യത്തെ നാളികേര ഉൽപാദനത്തിന്റെയും ഉപഭോഗത്തിന്റെയും സമഗ്ര വികസനമാണ് ബോർഡിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വം.

നാളികേര ഉൽപാദനത്തിൽ 2030.9 കോടി നാളികേരവുമായി ലോകത്ത് ഒന്നാം സ്ഥാനത്താണ് ഇന്ത്യ. ഉൽപാദന ക്ഷമതയിലും ഇന്ത്യയാണ് ഒന്നാമത്. ഹെക്ടറിന് 9346 നാളികേരം. അന്താരാഷ്ട്ര ശരാശരിയാകട്ടെ ഹെക്ടറിന് 5357 നാളികേരമാണ്. ലോകത്തിൽ മൊത്തമുള്ള നാളികേര ഉൽപാദനത്തിന്റെ 30.93 ശതമാനം ഇന്ത്യയുടെ വിഹിതമാണ്. രാജ്യത്ത് 21.73 ലക്ഷം ഹെക്ടറിലാണ് നിലവിൽ നാളികേര കൃഷിയുള്ളത്. ഇന്ത്യയിലെ 12 ദശലക്ഷം കുടുംബങ്ങൾക്ക് നാളികേരകൃഷി ഉപജീവന മാർഗ്ഗമാണ്. നടപ്പു സാമ്പത്തിക വർഷത്തെ മൊത്ത ദേശീയ ആഭ്യന്തര ഉൽപാദനത്തിലേയ്ക്ക് 30000 കോടി രൂപയാണ് നാളികേര മേഖലയുടെ സംഭാവന. രാജ്യത്ത് 23 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമുള്ള നാളികേര മേഖലയിൽ 90 ശതമാനവും സംഭാവന ചെയ്യുന്നത് കേരളം, കർണാടകം, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നീ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളാണ്.

നാളികേരത്തിന്റെ ഉൽപാദനവും, ഉൽപാദനക്ഷമതയും ഉയർത്താനുള്ള പദ്ധതികൾ, നഴ്സറി നിർമാണം, മൂല്യ വർധനവിനുള്ള സംസ്കരണ നടപടികൾ, വിപണനം, കയറ്റുമതി, നാളികേര കർഷകർക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ, പ്രാദേശിക, സംസ്ഥാന കേന്ദ്രങ്ങളിൽ വിജ്ഞാന വ്യാപന പ്രചാരണ പരിപാടികൾ, രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ വിത്തുൽപാദന പ്രദർശന തോട്ട നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളാണ് നാളികേര വികസന ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഓരോ സംസ്ഥാനങ്ങളിലെയും കൃഷി ഹോർട്ടിക്കൾച്ചർ വകുപ്പുകൾ, വിവിധ കാർഷിക സർവകലാശാലകൾ, ഗവേഷണ കേന്ദ്രങ്ങൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കർഷക കൂട്ടായ്മകൾ തുടങ്ങിയവയുടെ സഹകരണത്തോടെയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

നാളികേര വികസന ബോർഡിന്റെ പദ്ധതികൾ കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിനു കീഴിലുള്ള MIDH ന്റെ ഉപ പദ്ധതിയായി 100 ശതമാനം കേന്ദ്ര വിഹിതത്തോടെയാണ് നടപ്പാക്കുന്നത്.

### ബോർഡ് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ

| | പദ്ധതി | | സാമ്പത്തികം (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും | | |
| a | വിത്തുൽപാദന പ്രദർശന തോട്ടങ്ങൾ | നിലവിലുള്ള 11 ഫാമുകളുടെ പരിപാലനത്തിന് | 322.00 |
| b | പ്രാദേശിക തലത്തിൽ നാളികേര നഴ്സറി സ്ഥാപിക്കൽ | 30.81 ലക്ഷം തൈകൾ | 493.00 |
| c | ന്യൂക്ലിയസ് കോക്കനട്ട് സീഡ് ഗാർഡൻ സ്ഥാപിക്കൽ | 3 പുതിയ യൂണിറ്റുകൾക്കും, 4 വിത്തുൽപാദന തോട്ടങ്ങളുടെ പരിപാലനത്തിനും | 15.00 |
| d | ചെറുകിട കേര നഴ്സറികൾ സ്ഥാപിക്കൽ | 45 പുതിയ യൂണിറ്റുകൾക്കും, 50 യൂണിറ്റുകളുടെ പരിപാലനത്തിനും | 63.00 |
| | | ആകെ | **868.00** |
| 2 | കേര കൃഷിയുടെ വ്യാപനം | 6380 ഹെക്ടർ പുതിയ കൃഷിക്കും, 5793.34 ഹെക്ടറിന്റെ 2-ാം വർഷ പരിചരണത്തിനും | 450.00 |
| 3 | ഉൽപാദനക്ഷമത ഉയർത്തുന്നതിനു സംയോജിത കൃഷി | | |
| a | പ്രദർശന തോട്ടങ്ങൾ തയ്യാറാക്കൽ | 128.90 ഹെക്ടർ പുതുയ തോട്ടങ്ങൾക്കും 372.15 ഹെക്ടർ തോട്ടങ്ങൾക്ക് 2-ാം വർഷ പരിചണരണത്തിനും | 80.00 |
| b | ജൈവവള യൂണിറ്റുകൾ സ്ഥാപിക്കൽ | 27 എണ്ണത്തിന് | 10.80 |
| | | ആകെ തുക | **090.80** |
| 4 | സാങ്കേതിക വിദ്യകളുടെ പ്രദർശനവും ഗുണമേന്മ ലാബോറട്ടറിയും | ആവശ്യകതയനുസരിച്ച് | 100.00 |
| 5 | വിപണി പ്രോത്സാഹനം, സ്ഥിതി വിവര കണക്കുകൾ, എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ | ആവശ്യകതയനുസരിച്ച് | 260.00 |
| 6 | വിവര വിജ്ഞാന സാങ്കേതിക വിദ്യ പ്രവർത്തനങ്ങൾ | ആവശ്യകതയനുസരിച്ച് | 500.00 |
| 7 | സാങ്കേതിക സേവനം, അടിസ്ഥാന സൗകര്യവും ഭരണനിർവ്വഹണവും ഉൾപ്പെടെയുള്ള പദ്ധതി നിർവ്വഹണം | | 3671.20 |
| 8 | നാളികേര ടെക്നോളജി മിഷൻ | പദ്ധതി അടിസ്ഥാനത്തിൽ | 1300.00 |
| 9 | നാളികേര തോട്ട പുനരുജ്ജീവനവും പുനർനടീലും | പുതിയ 6180.55 ഹെക്ടർ തോട്ടങ്ങൾക്കും നിലവിലുള്ള 10676.59 ഹെക്ടർ പരിപാലനത്തിന് തവണകളായും | 3700.00 |
| 10 | നാളികേര വിള ഇൻഷുറൻസ് പദ്ധതി | 2.86 ലക്ഷം തെങ്ങുകൾക്ക് | 20.00 |
| 11 | കേര സുരക്ഷ ഇൻഷുറൻസ് പദ്ധതി | 9797 തെങ്ങു കയറ്റക്കാർക്ക് | 40.00 |
| | | മൊത്തം | **11000.00** |

### 1. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും

വിത്തുൽപാദന പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുക, പ്രാദേശികമായി തെങ്ങിൻ തൈ നഴ്സറികൾ നിർമ്മിക്കുക, കേന്ദ്രീകൃത നാളികേര വിത്ത് തോട്ടങ്ങൾ സ്ഥാപിക്കുക, വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കുക എന്നിവയാണ് പദ്ധതികൾ.

### 2. നാളികേര ഉൽപാദനവും ഉൽപാദനക്ഷമതയും

നാളികേര കൃഷി തോട്ടങ്ങളുടെ വിസ്തൃതി വ്യാപിപ്പിക്കുക, ഉൽപാദന ക്ഷമത ഉയർത്താൻ സംയോജിത കൃഷി പ്രോത്സാഹിപ്പിക്കുക, പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുക, നാളികേര തോട്ടങ്ങളിൽ ജൈവ വള യൂണിറ്റുകൾ സ്ഥാപിക്കുക, നാളികേര തോട്ടങ്ങളുടെ പുന കൃഷിയും പുനരുജ്ജീവനവും നടത്തുക.



### 3. മൂല്യവർധനവും വിപണനവും

ടെക്നോളജി മിഷൻ ഓൺ കോക്കനട്ട്, മാർക്കറ്റിംങ്, മാർക്കറ്റ് ഇന്റലിജന്റ്സ് സേവനങ്ങൾ, എക്സ്പോർട് പ്രമോഷൻ കൗൺസിൽ, സാങ്കേതിക വിദ്യ / പ്രദർശനം, ഗുണമേന്മ പരിശോധനാ ലാബോറട്ടറി എന്നിവയാണ് ഈ മേഖലയിൽ വരുന്നത്.

### 4. പ്രചാരണം, വിജ്ഞാന വ്യാപനം, നൈപുണ്യവികസനം.

വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള വിജ്ഞാന വ്യപന പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുക.

### 5.തെങ്ങുകൾക്കും തെങ്ങു കയറ്റക്കാർക്കും ഇൻഷുറൻസ്

അഗ്രി. ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് ആവിഷ്കരിച്ചിരിക്കുന്ന നാളികേര ഇൻഷുറൻസ് പദ്ധതിയും ഒറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് ആവിഷ്കരിച്ചിരിക്കുന്ന കേര സുരക്ഷ ഇൻഷുറൻസ് പദ്ധതിയുമാണ് ഇതിനു കീഴിൽ വരുന്നത്.

### 6. മറ്റുള്ളവ

അടിസ്ഥാന സൗകര്യം വികസനം, കാര്യ നിർവഹണം, സാങ്കേതിക സേവനങ്ങൾ, പദ്ധതികൾ നടപ്പാക്കൽ തുടങ്ങിയവ.

MIDHന്റെ കീഴിൽ നാളികേര വികസന ബോർഡിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനു വേണ്ടി 2022 -23 സാമ്പത്തിക വർഷം മൊത്തം 110 കോടി രൂപയാണ് മന്ത്രാലയത്തിൽ നിന്ന് വക കൊള്ളിച്ചിരിക്കുന്നത്. ഈ പദ്ധതികൾ താഴെ പറയുന്നവയാണ്.

### 1. ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും

മികച്ച ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും വർധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

#### a. *വിത്തുൽപാദന പ്രദർശന തോട്ടങ്ങൾ*

കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതിന് ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിനും മേഖലയിലെ നാളികേര കൃഷിക്കാർക്ക് ശാസ്ത്രീയ നാളികേര കൃഷി രീതികൾ സോദാഹരണം പ്രദർശിപ്പിക്കുന്നതിനും നാളികേര വികസന ബോർഡ് നേരിട്ട് രാജ്യത്തിന്റെ വിവധ ഭാഗങ്ങളിൽ വിത്തുൽപാദന പ്രദർശന തോട്ടങ്ങൾ സ്ഥാപിച്ചു പരിപാലിച്ചു വരുന്നു. നിലവിൽ ബോർഡിനു സ്വന്തമായി 11 വിത്തുൽപാദന പ്രദർശന തോട്ടങ്ങളാണ് ഉള്ളത്. ആന്ധ്രപ്രദേശ്( വെഗിവാഡ) അസം( അഭയപുരി) ബിഹാർ(മധേപ്പുര)ഛത്തിസ്ഗഡ്(കൊണ്ടഗവോൺ) കർണാടക (മാണ്ഡ്യ) കേരളം( നേര്യമംഗലം) മഹാരാഷ്ട്ര( പാൽഗർ) ഒഡീഷ(പിട്ടാപ്പള്ളി) തമിഴ്നാട് (ധലി) ത്രിപുര (ഹിച്ചാച്ചറ), ബംഗാൾ(ഫുലിയ) എന്നിവയാണ് അവ. എല്ലാം കൂടി 362 ഹെക്ടർ വിസ്തൃതിയുണ്ട്.

#### b. *പ്രാദേശിക നഴ്സറി*

സംസ്ഥാന ഗവൺമെന്റുകളുടെ നാളികേര നഴ്സറി പദ്ധതിയെ സഹായിക്കുന്നതിനു നടപ്പാക്കിയ പരിപാടിയാണ് പ്രാദേശിക നഴ്സറികൾ സ്ഥാപിക്കുന്ന പദ്ധതി. ഇതു പ്രകാരം സംസ്ഥാന ഗവൺമെന്റുകൾ ഗുണമേന്മയുള്ള വിത്തു തേങ്ങ സംഭരിച്ച് നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച് നഴ്സറികൾ ആരംഭിക്കുന്നു. ജോലിക്കാർ, നിലവിലുള്ള



സൗകര്യങ്ങൾ തുടങ്ങിയ ചെലവുകൾ കൃഷി വകുപ്പ് വഹിക്കും. കാർഷിക സർവകലാശാലകൾ, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ എന്നിവയ്ക്കും ഇതിനുള്ള സാമ്പത്തിക സഹായം ലഭിക്കും. നടത്തിപ്പിന്റെ 50 ശതമാനം ചെലവ് അതായത് ഒരു വിത്തു തേങ്ങയ്ക്ക് പരമാവധി 16 രൂപ വരെ ബോർഡ് വഹിക്കും.

#### c. *ന്യൂക്ലിയസ് വിത്തു തോട്ടങ്ങൾ*

ഭാവിയിലെ ആവശ്യങ്ങൾക്ക് പ്രത്യേക നാളികേര ഇനങ്ങളുടെ ഗുണനിലവാരമുള്ള വിത്തു തേങ്ങകൾ ശേഖരിക്കുന്നതിനായി തോട്ടങ്ങൾ തെരഞ്ഞെടുക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ന്യൂക്ലിയസ് വിത്തു തോട്ടം സ്ഥാപിക്കൽ. മതിയായ സ്ഥല സൗകര്യമുള്ള കൃഷിക്കാർ, സഹകരണ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, സർക്കാർ - സർക്കാരിതര സംഘടനകൾ എന്നിവർക്ക് ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കും.

മൊത്തം ചെലവിന്റെ 25 ശതമാനം പരമാവധി 6 ലക്ഷം രൂപവരെയാണ് ബോർഡിൽ നിന്നു സഹായം ലഭിക്കുക. നാലു ഹെക്ടർ വരെയുള്ള തോട്ടങ്ങൾ നിർമ്മിക്കുന്നതിന് മൂന്നു വർഷത്തേയ്ക്കായിരിക്കും ഈ സഹായം ലഭിക്കുക.

#### d. *ചെറുകിട നഴ്സറികൾ*

സ്വകാര്യ മേഖലയിൽ നാളികേരത്തിന്റെ നടീൽ വസ്തുക്കളുടെ ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനായി നഴ്സറികൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് ഇത്. പദ്ധതി ചെലവിന്റെ 25 ശതമാനം വരെ അതായാത് പരമാവധി 2 ലക്ഷം രൂപയാണ് വരെയാണ് നൽകുന്നത്. ഇത്തരം നഴ്സറിയിൽ പ്രതിവർഷം 25000 തെങ്ങിൻ തൈകൾ ഉൽപാദിപ്പിച്ചിരിക്കണം.

പ്രതിവർഷം കുറഞ്ഞത് 6250 തൈകൾ ഉൽപാദിപ്പിക്കാൻ ശേഷിയുള്ള നഴ്സറികൾക്കും 50,000 രൂപ ലഭിക്കും. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ കുറഞ്ഞത് 3125 തെങ്ങിൻ തൈകൾ വാർഷിക ഉൽപാദന ശേഷിയുള്ള നഴ്സറികൾക്കും 25000 രൂപ ധനസഹായത്തിന് അർഹതയുണ്ട്.

### 2. കൃഷിയിട വിസ്തൃതി വ്യാപനം

നാളികേര കൃഷിയിടത്തിന്റെ വിസ്തൃതി വർധിപ്പിക്കുന്നതിന് 6500 മുതൽ 15000 രൂപ വരെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. നടീൽ വസ്തുക്കളുടെ ഇനം, നടുന്ന പ്രദേശം എന്നിവ അനുസരിച്ച് പരമാവധി നാല് ഹെക്ടർ വരെയുള്ള പുതുകൃഷിക്കാണ് രണ്ടു ഗഡുക്കളായി സാമ്പത്തിക സഹായം ലഭിക്കുക.

| | ഇനം | ചെലവിന്റെ മാനദണ്ഡം | സഹായ രീതി |
|---|---|---|---|
| | | a) സാധാരണ പ്രദേശം | |
| i) | നെടിയ ഇനം | ഹെക്ടറിന് 26,000 രൂപ | പരമാവധി 4 ഹെക്ടറിൽ ചിലവിന്റെ 25% ഓരോ ഗുണഭോക്താവിനും രണ്ടു തുല്യ ഗഡുക്കളായി നൽകും |
| ii). | സങ്കര ഇനം | ഹെക്ടറിന് 27,000 രൂപ | |
| iii) | കുറിയ ഇനം | ഹെക്ടറിന് 30,000 രൂപ | |
| | | b) കുന്നിൻ പ്രദേശങ്ങളും ഷെഡ്യൂൾഡ് പ്രദേശങ്ങൾക്കും വേറെ | |
| i) | നെടിയ ഇനം | ഹെക്ടറിന് 55,000 രൂപ | പരമാവധി 4 ഹെക്ടറിൽ ചിലവിന്റെ 25% ഓരോ ഗുണഭോക്താവിനും രണ്ടു തുല്യ ഗഡുക്കളായി നൽകും |
| ii). | സങ്കര ഇനം | ഹെക്ടറിന് 55,000 രൂപ | |
| iii) | കുറിയ ഇനം | ഹെക്ടറിന് 60,000 രൂപ | |

### 3. നാളികേര തോട്ടങ്ങളിൽ സംയോജിത കൃഷി

സംയോജിത സമീപനത്തിലൂടെ ഓരോ നാളികേര തോട്ടങ്ങളിൽ നിന്നും ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുവാനുള്ള പദ്ധതിയാണ് ഇത്. പൊതു മേഖല തോട്ടങ്ങളിൽ പ്രദർശന തോട്ടങ്ങൾ, ജൈവ വള യൂണിറ്റ് എന്നിവയക്കാണ് സഹായം ലഭിക്കുന്നത്.ഇതിൽ പ്രദർശന തോട്ടത്തിന് ഹെക്ടറിന് 35000 രൂപ രണ്ടു തുല്യ ഗഡുക്കളായി ലഭിക്കും.

ജൈവ വള യൂണിറ്റിന് 60000 രൂപ വരെയാണ് സഹായമായി ലഭിക്കുക. ഇത്തരം വെർമി കമ്പോസ്റ്റ് യൂണിറ്റ് വർഷത്തിൽ നാലു പ്രാവശ്യമായി കുറഞ്ഞത് 80 ടൺ വളമെങ്കിലും ഉൽപാദിപ്പിക്കാൻ ശേഷിയുള്ളതായിരിക്കണം. ഇതിലും ചെറിയ യൂണിറ്റുകൾക്കും ധനസഹായം ലഭ്യമാണ്. ഒരു വർഷം നാലു പ്രവാശ്യമായി 10 ടൺ കമ്പോസ്റ്റ് ഉൽപാദിപ്പിക്കുന്ന യൂണിറ്റുകൾക്ക് അതിന് ആനുപാതികമായി സാമ്പത്തിക സഹായം ലഭിക്കും.

പ്രതിവർഷം 80 ടൺ ഉൽപാദന ശേഷിയുള്ള കൊയർ പിത്ത് കമ്പോസ്റ്റ് യൂണിറ്റിന് പരമാവധി 60,000 രൂപ വരെ സഹായം ലഭിക്കും. പ്രതിവർഷം പത്തു ടൺ ശേഷിയുള്ള യൂണിറ്റുകളും സഹായത്തിന് അർഹരാണ്.



വെർമി കമ്പോസ്റ്റ്, കൊയർപിത്ത് കമ്പോസ്റ്റ് യൂണിറ്റുകൾക്കു മേൽക്കൂര ഉണ്ടാവേണ്ടതാണ്.

### 4. സാങ്കേതിക വിദ്യ പ്രദർശനവും ഗുണനിലവാര പരിശോധനയും

ഈ പദ്ധതി ബോർഡിന്റെ രണ്ടു സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്. ആലുവയിലുള്ള സിഐടിയും ഗുവാഹത്തിയിലെ പ്രാദേശിക കേന്ദ്രവും.

എറണാകുളം ജില്ലയിലെ സൗത്ത് വാഴക്കുളത്തു സ്ഥിതി ചെയ്യുന്ന സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പുതിയ നാളികേര ഉൽപ്പന്നങ്ങൾ വികസിപ്പിക്കുകയും സംരംഭകർക്കായി അവ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. ബോർഡിന്റെ ഗുണ പരിശോധനാ ശാലയും സാങ്കേതിക വിദ്യ, സംരംഭകത്വം, ഗുണമേന്മ നിർവഹണം എന്നിവ ഏകോപിപ്പിക്കുന്ന പൈലറ്റ് ടെസ്റ്റിംങ് പ്ലാന്റും ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. സിഐടിയിൽ വ്യക്തികൾക്കും, നാളികേര കൂട്ടായ്മകൾക്കും, സ്വാശ്രയ സംഘങ്ങൾക്കും, സ്വകാര്യ സംരംഭകർക്കും, ഫുഡ് സയൻസ് വിദ്യാർത്ഥികൾക്കും വിവിധ പരിശീലനങ്ങൾ നൽകി വരുന്നു. (പട്ടിക :2.)

എൻ.എ.ബി.എൽ അംഗീകാരവും ഐഎസ്ഒ/ ഐഇസി 17025: 2017 സാക്ഷ്യപത്രവുമുള്ള ഗുണമേന്മാ പരിശോധനാ ശാലയും സിഐടിയിൽ പ്രവർത്തിക്കുന്നുണ്ട്. നാളികേര ഉൽപ്പന്നങ്ങൾ, മറ്റ് ഭക്ഷ്യവസ്തുക്കൾ, വളങ്ങൾ എന്നിവയുടെ ഗുണമേന്മാ പരിശോധനയ്ക്കുള്ള സൗകര്യങ്ങൾ ഇവിടെ ഉണ്ട്.





### 5. വിപണനം, വിപണി ഗവേഷണം, മാർക്കറ്റ് ഇന്റലിജൻസ്, എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ

കർഷക കൂട്ടായ്മകൾക്ക് സംഭരണ വിൽപന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും, നാളികേര ഉൽപ്പന്നങ്ങൾക്കു വ്യാപാര മുദ്ര, ഗുണമേന്മാ സാക്ഷ്യപത്രം തുടങ്ങിയവ നേടുന്നതിനും വ്യാപാര മേളകൾ, പ്രദർശനങ്ങൾ എന്നിവയിൽ പങ്കെടുക്കുന്നതിനും ആവശ്യമായ സഹായങ്ങൾ ചെയ്യുന്നു.

കൂടാതെ സംസ്കരണ മേഖലയിൽ മനുഷ്യ വിഭവ ശേഷി വികസന പദ്ധതിയും നടപ്പാക്കി വരുന്നു.

നാളികേര കൃഷി വിസ്തൃതി, ഉൽപാദനം, വിപണി, നാളികേര ഉൽപ്പന്നങ്ങളുടെ ഇറക്കുമതി, കയറ്റുമതി, വില തുടങ്ങിയവ സംബന്ധിച്ച പ്രാഥമിക, ദ്വീതീയ വിവരങ്ങളുടെ ശേഖരണം, വർഗീകരണം, ഏകോപനം, അപഗ്രഥനം, വ്യാഖ്യാനം എന്നിവയും ചെയ്തു വരുന്നു. മാത്രവുമല്ല ഈ വിവരങ്ങൾ ബോർഡിന്റെ വെബ് സൈറ്റും പ്രസിദ്ധീകരണങ്ങളും വഴി ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു.


2009 ലാണ് നാളികേര വികസന ബോർഡിനെ എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ ആയി കേന്ദ്ര വാണിജ്യ മന്ത്രാലയം നിയമിച്ച് ഉത്തരവായത്. എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ എന്ന നിലയ്ക്ക് നാളികേര വികസന ബോർഡ് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ ആനുകൂല്യങ്ങൾ നാളികേരത്തിന്റെ ഉൽപ്പന്നങ്ങൾക്ക് ലഭ്യമാക്കാൻ സഹായിക്കുകയും അന്താരാഷ്ട്ര വ്യാപാര മേളകളിൽ പങ്കെടുക്കുന്നതിന് കയറ്റുമതിക്കാർക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു. കൂടാതെ കയറ്റുമതി സംബന്ധിച്ച് കയറ്റുമതിക്കാർക്ക് ഉപകരിക്കുന്ന വിവരങ്ങൾ കൈമാറുകയും സെമിനാറുകൾസമ്മേളനങ്ങൾ, ബയർ സെല്ലർ മീറ്റുകൾ തുടങ്ങിയവ സംഘടിപ്പിക്കുകയും മികച്ച കയറ്റുമതിക്കാർക്ക് പുരസ്കാരങ്ങൾ നൽകുകയും ചെയ്യുന്നു.

### 6. വിജ്ഞാന വ്യാപനവും വിവരസാങ്കേതിക വിദ്യയും

നാളികേര വികസന ബോർഡിന്റെ വിവിധ പദ്ധതികളെ കുറിച്ചുള്ള അവബോധം വർധിപ്പിക്കുന്നതിനായി നാളികേരവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ സംബന്ധിച്ച് കർഷകർക്കും മറ്റ് ഗുണഭോക്താക്കൾക്കുമായി ദേശീയ, ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് തല പരിശീലന പരിപാടികളും ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കാറുണ്ട്. മറാത്തി,തെലുങ്ക്(അർദ്ധ വാർഷികം)തമിഴ്, കന്നഡ, ഹിന്ദി, (ത്രൈമാസികം) ഇംഗ്ലീഷ് മലയാളം (മാസിക) എന്നീ ഭാഷാ ജേണലുകൾ കൂടാതെ വിവിധ അച്ചടി, ഇലക്ട്രോണിക്, സാമൂഹ്യ മാധ്യമങ്ങൾ വഴിയും, ദേശീയ അന്തർദേശീയ തലത്തിൽ കൃഷിമേളകളിലും വ്യാപാര പ്രദർശനങ്ങളിൽ പങ്കെടുത്തു, പ്രമോഷണൽ വിഡിയോ ഫിലിമുകൾ, വിജയകഥകളുടെ ഡോക്യുമെന്ററികൾ എന്നിവ വഴിയും നാളികേര കൃഷി, വ്യവസായം എന്നിവയുടെ വിവിധ വശങ്ങൾ സംബന്ധിച്ച വിജ്ഞാന വ്യാപനത്തിനായി ബോർഡ് വിവര സാങ്കേതിക വിദ്യ വിഭാഗത്തിനു കീഴിൽ നിരവധി പദ്ധതികൾ നടപ്പാക്കി വരുന്നു.

മികച്ച നാളികേര കൃഷി, കർഷക കൂട്ടായ്മകൾ, വിജ്ഞാന വ്യാപന പ്രവർത്തകർ, കരകൗശല വിദഗ്ധർ, ഉൽപ്പന്ന വൈവിധ്യവത്ക്കരണം, ഗുണമേന്മാ നിലവാരമുയർത്തൽ, ഉൽപ്പന്ന നവീകരണം, ഉൽപ്പന്ന വികസനം തുടങ്ങിയവയ്ക്ക് ബോർഡ് രണ്ടു വർഷത്തിലൊരിക്കൽ പുരസ്കാരങ്ങൾ നല്കി വരുന്നു.

നാളികേര സമൂഹത്തിന്റെ അഭിവൃദ്ധിക്കായി യന്ത്രവൽകൃത നാളികേര വിളവെടുപ്പ്, തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ,












നീര ടാപ്പിംങ്, കരകൗശല ഉൽപ്പന്ന നിർമ്മാണ പരിശീലനം തുടങ്ങിയ നൈപുണ്യ വികസന പരിശീലന പരിപാടികളും ബോർഡ് നടപ്പിലാക്കുന്നുണ്ട്. ഇതിനുള്ള ചെലവുകൾ പൂർണമായും ബോർഡാണ് വഹിക്കുന്നത്.വിവര സാങ്കേതിക വിദ്യയുടെ പിന്തുണയോടെ, സുസജ്ജമായ ലൈബ്രറിയും ബോർഡിൽ പ്രവർത്തിക്കുന്നു.

### 7. സാങ്കേതിക സേവനം, അടിസ്ഥാന സൗകര്യം, ഭരണം ഉൾപ്പെടെയുള്ള പദ്ധതി നിർവഹണം

സാങ്കേതിക സേവനം, പ്രധാന അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റുമുള്ള ചെലവുകൾ പദ്ധതി തുകയിൽ നിന്നു തന്നെ വഹിക്കണം. നാളികേര വികസന ബോർഡിന്റെ വിവിധ പദ്ധതികളിൽ നിന്ന് ആനുകൂല്യം ലഭിക്കുവാനും വിശദവിവരങ്ങൾക്കുമായി അതത് മേഖല സംസ്ഥാന ഓഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്.

### 8. ടെക്നോളജി മിഷൻ ഓൺ കോക്കനട്ട്

2001 -02 സാമ്പത്തിക വർഷത്തിലാണ് ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് പദ്ധതി ആരംഭിച്ചത്. കയർ ഒഴികെയുള്ള നാളികേര സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുക, വിളവെടുപ്പാനന്തര സംസ്കരണം, വൈവിധ്യവത്ക്കരണം, മൂല്യ വർധനവ്, രോഗ കീട നിയന്ത്രണ മാർഗ്ഗങ്ങൾ തുടങ്ങിയവയ്ക്കുള്ള പിന്തുണ നൽകുക, വിപണിപഠനം നടത്തുക, ഇതിനുള്ള ഗവേഷണ പദ്ധതികൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് ഗവേഷണ സ്ഥാപനങ്ങൾക്കും മറ്റും സാമ്പത്തിക സഹായം നൽകുക തുടങ്ങിയ മേഖലകളിലാണ് ടിഎംഒസിയുടെ ഊന്നൽ.

| (1) രോഗ കീടബാധയേറ്റ തെങ്ങിൻ തോട്ടങ്ങളെ പരിചരിക്കുന്നതിനുള്ള സാങ്കേതിക വിദ്യാ വികസനവും അതിന്റെ അനുവർത്തനവും | | |
|---|---|---|
| | | |
| പദ്ധതി | സഹായ രീതി | പ്രയോജനം ലഭിക്കുന്ന സ്ഥാപനങ്ങൾ |
| സാങ്കേതിക വിദ്യാ വികസനം, | തുകയുടെ 100 ശതമാനം പരമാവധി 50 ലക്ഷം വരെ | കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, സംസ്ഥാന കാർഷിക സർവ്വകലാശാലകൾ, സംസ്ഥാന കൃഷി-ഹോർട്ടികൾച്ചർ വകുപ്പുകൾ, സഹകരണ മേഖലയിലുള്ള സ്ഥാപനങ്ങൾ എന്നിവയ്ക്ക് |
| | തുകയുടെ 50 ശതമാനം പരമാവധി 25 ലക്ഷം വരെ | സന്നദ്ധ സംഘടനകൾക്കും മറ്റ് ഏജൻസികൾക്കും |
| സാങ്കേതിക വിദ്യ പ്രദർശനം | തുകയുടെ 100 ശതമാനം പരമാവധി 25 ലക്ഷം വരെ | കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, സംസ്ഥാന കാർഷിക സർവ്വകലാശാലകൾ, സംസ്ഥാന കൃഷി-ഹോർട്ടി കൾച്ചർ വകുപ്പുകൾ, സ്വകാര്യ മേഖലയിലുള്ള യൂണിറ്റുകൾ സഹകരണ മേഖലയിലുള്ള സ്ഥാപനങ്ങൾ |
| | തുകയുടെ 25 ശതമാനം പരമാവധി 10 ലക്ഷം വരെ | കർഷക കൂട്ടായ്മകൾക്കും, വ്യക്തികൾക്കും, സന്നദ്ധ സംഘടനകൾക്കും മറ്റ് സ്വകാര്യ ഏജൻസികൾക്കും |
| സാങ്കേതിക വിദ്യ അനുവർത്തനം | സാങ്കേതിക വിദ്യ അനുവർത്തനത്തിന് പദ്ധതിയുടെ 25 ശതമാനം | കർഷക കൂട്ടായ്മകൾക്കും, സന്നദ്ധ സംഘടനകൾക്കും മറ്റ് ഏജൻസികൾക്കും |



| (2) പ്രോസ്സസിംഗിനും ഉൽപന്ന വൈവിദ്ധ്യവൽക്കരണത്തിനുമുള്ള സാങ്കേതിക വിദ്യകളുടെ വികസനം | | |
|---|---|---|
| പദ്ധതി | സഹായ രീതി | പ്രയോജനം ലഭിക്കുന്ന സ്ഥാപനങ്ങൾ |
| a) സാങ്കേതിക വിദ്യകളുടെ വികസനം | തുകയുടെ 100 ശതമാനം പരമാവധി 75 ലക്ഷം വരെ | സർക്കാർ സ്ഥാപനങ്ങൾക്കും സഹകരണ സ്ഥാപനങ്ങൾക്കും, സ്വകാര്യ മേഖലയിലുള്ള യൂണിറ്റുകൾക്കും. |
| | തുകയുടെ 75 ശതമാനം പരമാവധി 35 ലക്ഷം വരെ | സന്നദ്ധ സംഘടനകൾക്കും സംരംഭകർക്കും ഗവേഷണ സ്ഥാപനങ്ങൾക്കും |
| b) സാങ്കേതിക വിദ്യ പ്രദർശനം | തുകയുടെ 100 ശതമാനം പരമാവധി 25 ലക്ഷം വരെ | കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, സംസ്ഥാന കാർഷിക സർവ്വകലാശാലകൾ, സംസ്ഥാന കൃഷി-ഹോർട്ടികൾച്ചർ വകുപ്പുകൾ, സഹകരണ മേഖലയിലുള്ള സ്ഥാപനങ്ങൾ, സ്വകാര്യ മേഖലയിലുള്ള യൂണിറ്റുകൾ |
| | തുകയുടെ 50 ശതമാനം പരമാവധി 10 ലക്ഷം വരെ) | സംരംഭകർക്കും സന്നദ്ധ സംഘടനകൾക്കും, മറ്റ് സ്ഥാപനങ്ങൾക്കും |
| c) സാങ്കേതിക വിദ്യ അനുവർത്തനം | തുകയുടെ 25 ശതമാനം പരമാവധി 50 ലക്ഷം വരെ | കർഷക കൂട്ടായ്മകൾക്കും, സന്നദ്ധസംഘടനകൾക്കും, സംരംഭകർക്കും, മറ്റ് സ്ഥാപനങ്ങൾക്കും |
| | തുകയുടെ 33.3 ശതമാനം പരമാവധി 50 ലക്ഷം വരെ | പട്ടികജാതി പട്ടിക വർഗ്ഗ സ്ത്രീ കർഷകർക്ക് |
| | തുകയുടെ 50 ശതമാനംപരമാവധി 50 ലക്ഷം വരെ | ലക്ഷദ്വീപിലേയും ആൻഡമാൻ നിക്കോബാർ ദ്വീപിലേയും പ്രശ്ന ബാധിത പ്രദേശങ്ങളിലുള്ളവർക്ക് |
| (3) വിപണി ഗവേഷണവും പ്രോത്സാഹനവും | | |
| a) വിപണികളുടെ ഗവേഷണം | തുകയുടെ 100 ശതമാനം പരമാവധി 25 ലക്ഷം വരെ | സർക്കാർ ഏജൻസികൾക്കും സഹകരണ സ്ഥാപനങ്ങൾക്കും |
| | തുകയുടെ 50 ശതമാനം പരമാവധി 12.50 ലക്ഷം വരെ | വ്യക്തികൾക്കും സന്നദ്ധ സംഘടനകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും |
| b) വിപണി പ്രോത്സാഹനവും ബ്രാന്റിംഗും | തുകയുടെ 100 ശതമാനം പരമാവധി 25 ലക്ഷം വരെ | സർക്കാർ ഏജൻസികൾക്കും സഹകരണ സ്ഥാപനങ്ങൾക്കും |
| | തുകയുടെ 50 ശതമാനം പരമാവധി 6 ലക്ഷം വരെ | സി.പി.എസ് (കർഷക കൂട്ടായ്മകൾ) |
| | തുകയുടെ 50 ശതമാനം പരമാവധി 15ലക്ഷം വരെ) | സന്നദ്ധ സംഘടനകൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും |

## 9. നാളികേര പുനർനടീലും പുനരുജ്ജീവനവും

രോഗം മൂർഛിച്ചതും ഉൽപാദനം നിലച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടി മാറ്റി പകരം ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ നട്ടു പിടിപ്പിക്കണം.പുനരുജ്ജീവനത്തി

| പട്ടിക :2- സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, സൗത്ത് വാഴക്കുളം ആലുവ നടത്തുന്ന പരിശീലന പരിപാടികൾ | | | |
|---|---|---|---|
| പരിശീലന പരിപാടി/ കാലാവധി | ഫീസ് | വിഷയം - പരിശീലനം നൽകുന്ന ഉത്പന്നങ്ങൾ | പരിശീലനത്തിൽ പങ്കെടുക്കുന്നവർ |
| നാളികേര ഭക്ഷ്യോത്പന്നങ്ങളുടെ പ്രദർശന പരിപാടി (1 ദിവസം) | 500 രൂപ ആളൊന്നിന് | കോക്കനട്ട് ചിപ്സ്, ചോക്ലേറ്റ്, കുക്കീസ്, ലെമണേഡ്, (സ്ക്വാഷ്) അച്ചാറുകൾ, ഭക്ഷ്യ സുരക്ഷ ഗുണമേന്മ സംബന്ധിച്ച തിയറി ക്ലാസ്സുകൾ | കുടുംബശ്രീ യൂണിറ്റുകൾ, വ്യക്തികൾ, കർഷക കൂട്ടായ്മകൾ, സ്വയം സഹായ സംഘങ്ങൾ |
| നാളികേര ഭക്ഷ്യോത്പന്നങ്ങളുടെ പരിശീലന പരിപാടി (4 ദിവസം) | 2000 രൂപ | കോക്കനട്ട് ചിപ്സ്, ചോക്ലേറ്റ്, കുക്കീസ്, സ്ക്വാഷ്, അച്ചാറുകൾ, ബർഫി, ചമ്മന്തി പൊടി, കോക്കനട്ട് ബോൾസ്, കാൻഡി, ജെല്ലി, , വിർജിൻ കോക്കനട്ട് ഓയിൽ (ചൂടാക്കി സംസ്കരിച്ചത്), മൂല്യ വർദ്ധന, വൃത്തിയും വെടിപ്പുമുള്ള സാഹചര്യത്തിൽ അവയുടെ പായ്ക്കിംഗ് സംബന്ധിച്ച ക്ലാസ്സുകൾ, ഭക്ഷ്യ സുരക്ഷ ഗുണമേന്മ സംബന്ധിച്ച തിയറി ക്ലാസ്സുകൾ | കുടുംബശ്രീ യൂണിറ്റുകൾ, വ്യക്തികൾ, കർഷക കൂട്ടായ്മകൾ, സ്വയം സഹായ സംഘങ്ങൾ |
| നാളികേര വിനാഗിരി നാറ്റാ ഡി കോക്കോ (1 ദിവസം) | 1000 രൂപ ആളൊന്നിന് | നാളികേര വിനാഗിരി | സയൻസിൽ അടിസ്ഥാന ജ്ഞാനമുള്ള കുടുംബശ്രീ യൂണിറ്റംഗങ്ങൾ, വ്യക്തികൾ, കർഷക കൂട്ടായ്മകൾക്കും മറ്റ് ഗ്രൂപ്പുകൾക്കും |
| സംരംഭകത്വ വികസന പരിപാടി (5 ദിവസം) | | സംരംഭകത്വം, മൂല്യ വർദ്ധനവ്, ഭക്ഷ്യ സുരക്ഷ ഗുണമേന്മ നിലനിർത്തൽ, വിപണന തന്ത്രങ്ങൾ, ബോർഡിന്റെ പദ്ധതികൾ തുടങ്ങിയവ | കർഷക കൂട്ടായമകൾ, സ്വയം സഹായ സംഘങ്ങൾ |
| കെമിക്കൽ അനാലിസിസ് (7 ദിവസം) | 2500 രൂപ ആളൊന്നിന് | നാളികേര ഉത്പന്നങ്ങളുടെ കെമിക്കൽ അനാലിസിസ് | കെമിസ്ട്രി, ബയോ കെമിസ്ട്രി, ഫുഡ് കെമിസ്ട്രി, ഫുഡ് ടെക്നോളജി ബിരുദധാരികൾ |
| മൈക്രോബിയൽ അനാലിസിസ് (14 ദിവസം) | 5000 രൂപ ആളൊന്നിന് | മൈക്രോബിയൽ അനാലിസിസ് | മൈക്രോ ബയോളജിയിൽ ബിരുദം |

നായി സമഗ്ര വിള പരിപാലന രീതികൾ അനുവർത്തിക്കണം. പഴയ വൃക്ഷങ്ങൾ വെട്ടി മാറ്റുന്നതിന് ഹെക്ടറിന് 32000 രൂപ വരെ ലഭിക്കും. തെങ്ങ് ഒന്നിന് 1000 രൂപയാണ് സബ്സിഡി നൽകുക. പുനർ നടീലിന് ഒരു തെങ്ങിൻ തൈയ്ക്ക് 40 രൂപ വച്ച് ഹെക്ടറിന് പരമാവധി 4000 രൂപയും നിലവിലുള്ള തെങ്ങുകളുടെ പുനരുജ്ജീവനത്തിനായി ഹെക്ടറിന് 17500 രൂപയുമാണ് സഹായമായി ലഭിക്കുക.സംസ്ഥാന കൃഷിവകുപ്പു വഴിയായും ബോർഡ് നേരിട്ടും ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

### 10. നാളികേര വിള ഇൻഷുറൻസ് പദ്ധതി

പ്രകൃതി ക്ഷോഭം, കാലാവസ്ഥാ മാറ്റങ്ങൾ, രോഗ കീട ബാധകൾ, എന്നിവ മൂലം നേരിടുന്ന നഷ്ടങ്ങളിൽ നിന്നും കായ്ഫലമുള്ള തെങ്ങുകളെ ഇൻഷുർ ചെയ്ത് കേര കർഷകരെ സഹായിക്കുക എന്നതാണ് നാളികേര ഇൻഷുറൻസ് പദ്ധതി. ഇതു പ്രകാരം, 4 വർഷം മുതൽ 60 വർഷം വരെ പ്രായമുള്ള ആരോഗ്യമുള്ളതും കായ്ഫലമുള്ളതുമായ (ഏകവിള, ബഹുവിള സമ്പ്രദായത്തിൽ പരിപാലിക്കപ്പെടുന്ന) എല്ലാ തെങ്ങുകളും ഇൻഷുർ ചെയ്യാവുന്നതാണ്. തെങ്ങിൽ നിന്നുള്ള ആദായം പൂർണമായി നിലയ്ക്കുക, തെങ്ങ് പൂർണമായും നശിക്കുക എന്നിവ സംഭവിച്ചാൽ കൃഷിക്കാർക്ക് നാലു മുതൽ 15 വർഷം വരെ പ്രായമുള്ള തെങ്ങ് ഒന്നിന് 900 രൂപ വച്ചും, 16 മുതൽ 60 വർഷം വരെ പ്രായമുള്ള തെങ്ങ് ഒന്നിന് 1750 രൂപ വച്ചും നഷ്ടപരിഹാരം ലഭിക്കും. ഇതിന്റെ പ്രീമിയം 50 ശതമാനം നാളികേര വികസന ബോർഡും 25 ശതമാനം വീതം കൃഷിക്കാരനും സംസ്ഥാന ഗവൺമെന്റുമാണ് അടയ്ക്കുക. ഈ ഇൻഷുറൻസ് പദ്ധതി സ്ഥല വിസ്തൃതി അനുസരിച്ചല്ല. തെങ്ങുകളുടെ എണ്ണമാണ് പരിഗണിക്കുക. ആരോഗ്യമുള്ളതും കായ്ഫലം തരുന്നതുമായ അഞ്ച് തെങ്ങുകൾ എങ്കിലും പദ്ധതിയിൽ ഉണ്ടാവണം. തെങ്ങു കൃഷി ചെയ്യുന്ന എല്ലാ സംസ്ഥാനങ്ങളിലും അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനി വഴി ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

### 11. കേര സുരക്ഷാ ഇൻഷുറൻസ് പദ്ധതി

നാളികേര വികസന ബോർഡും ഒറിയന്റൽ ഇൻഷുറൻസ് കമ്പനിയും ചേർന്നു നടപ്പാക്കുന്ന പദ്ധതിയാണ് തെങ്ങു കയറ്റ തൊഴിലാളികൾ, നീര ടെക്നീഷ്യന്മാർ, തെങ്ങിന്റെ ചങ്ങാതിക്കൂട്ടം എന്നിവർക്കുള്ള ഇൻഷുറൻസ്. രാജ്യത്തെ നാളികേര കൃഷിയുള്ള എല്ലാ സംസ്ഥാനങ്ങളിലും ഇതു നടപ്പിലാക്കി വരുന്നു.

പോളിസി ഉടമകൾക്കുള്ള ആനുകൂല്യം വർധിപ്പിച്ചുകൊണ്ട് പദ്ധതിയുടെ വ്യവസ്ഥകൾ 01.11.2020 മുതൽ പരിഷ്കരിക്കുകയുണ്ടായി. അതു പ്രകാരം പോളിസി ഉടമയ്ക്കുള്ള നഷ്ടപരിഹാര തുക അഞ്ചു ലക്ഷമായി ഉയർത്തിയിട്ടുണ്ട്. പോളിസിയുടെ വാർഷിക പ്രീമിയം 398.65 രൂപയാണ്. ഇതിൽ ബോർഡ് 299.99 രൂപ അടയ്ക്കും. ബാക്കി 99 രൂപ ഗുണഭോക്താവിന്റെ വിഹിതമാണ്. ഈ തുക ഓൺലൈനായോ ഡിമാന്റ് ഡ്രാഫ്റ്റായോ അടയ്ക്കാം.

## പദ്ധതികൾ

| തെങ്ങിന്റെ പ്രായം | വാർഷിക പ്രീമിയം (രൂപയിൽ) | ബോർഡ് വഹിക്കുന്നത് (രൂപയിൽ) 50% | സംസ്ഥാനം വഹിക്കുന്നത് (രൂപയിൽ) 25% | കർഷകൻ വഹിക്കുന്നത് (രൂപയിൽ)25% | ഇൻഷുറൻസ് പരിരക്ഷ (രൂപയിൽ) |
|---|---|---|---|---|---|
| 4-15 വർഷം | 9 | 4.50 | 2.25 | 2.25 | 900 |
| 16-60 വർഷം | 14 | 7 | 3.50 | 3.50 | 1750 |

| S. No. | പ്രദേശം | മേഖലാ ഓഫീസുകൾ | പദ്ധതി നടപ്പാക്കുന്നതിനുള്ള സംസ്ഥാന/ കേന്ദ്ര ഭരണ പ്രദേശങ്ങൾ |
|---|---|---|---|
| 1. | കൊച്ചി, കേരള | ഹെഡ് ഓഫീസ് കൊച്ചി, കേരള | കേരള & ലക്ഷദ്വീപ് |
| | | ഡി.എസ്.പി. ഫാം, നേര്യമംഗലം, കേരള | |
| | | ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, ആലുവ, കേരള | |
| | | ഫീൽഡ് ഓഫീസ്, തിരുവനന്തപുരം, കേരള | |
| 2. | ബാംഗ്ലൂർ, കർണ്ണാടക | റീജിയണൽ ഓഫീസ്, ബാംഗ്ലൂർ, കർണ്ണാടക | കർണ്ണാടക& ഗോവ |
| | | ഡി.എസ്.പി. ഫാം, മാണ്ഡ്യ, കർണ്ണാടക | |
| | | സ്റ്റേറ്റ് സെന്റർ, താനെ, മഹാരാഷ്ട്ര | മഹാരാഷ്ട്ര |
| | | ഡി.എസ്.പി. ഫാം, പാൽഗാർ, മഹാരാഷ്ട്ര | |
| 3. | ചെന്നൈ, തമിഴ്നാട് | റീജിയണൽ ഓഫീസ്, ചെന്നൈ, തമിഴ്നാട് | തമിഴ്നാട്, പുതുച്ചേരി |
| | | ഡി.എസ്.പി. ഫാം, ദാലി, തമിഴ്നാട് | |
| | | സ്റ്റേറ്റ് സെന്റർ, വിജയവാഡ, ആന്ധ്രാ പ്രദേശ് | ആന്ധ്രാ പ്രദേശ്, തെലങ്കാന |
| | | ഡി.എസ്.പി. ഫാം, വിജയവാഡ, ആന്ധ്രാ പ്രദേശ് | |
| | | സ്റ്റേറ്റ് സെന്റർ, പോർട്ട് ബ്ലെയർ, ആൻഡമാൻ നിക്കോാർ ദ്വീപുകൾ | ആൻഡമാൻ നിക്കോബാർ ദ്വീപുകൾ |
| 4. | പാറ്റ്ന, ബീഹാർ | റീജിയണൽ ഓഫീസ്, പാറ്റ്ന, ബീഹാർ | ബീഹാർ, ജാർഘണ്ട് |
| | | ഡി.എസ്.പി. ഫാം, മധേപുര, ബീഹാർ | |
| | | സ്റ്റേറ്റ് സെന്റർ, കൊൽക്കത്ത, വെസ്റ്റ് ബംഗാൾ | വെസ്റ്റ് ബംഗാൾ |
| | | ഡി.എസ്.പി. ഫാം, ഫുലിയ, വെസ്റ്റ് ബംഗാൾ | |
| | | സ്റ്റേറ്റ് സെന്റർ, പിട്ടാപ്പള്ളി, ഒഡീഷ | ഒഡീഷ |
| | | ഡി.എസ്.പി. ഫാം, പിട്ടാപ്പള്ളി, ഒഡീഷ | |
| | | എം.ഡിഐഎസി, ഡൽഹി | ഗുജറാത്ത്, ഡൽഹി, ഉത്തർപ്രദേശ്, രാജസ്ഥാൻ, ഹരിയാന, ഉത്തരാഖണ്ഡ്, ഹിമാചൽപ്രദേശ്, പഞ്ചാബ്, ജമ്മു & കാശ്മീർ |
| | | ഡി.എസ്.പി. ഫാം, കൊണ്ടഗോൺ, ഛത്തീസ്ഗഢ് | ഛത്തീസ്ഗഢ് |
| 5. | ഗുവാഹത്തി, ആസ്സാം | റീജിയണൽ ഓഫീസ്, ഗുവാഹത്തി, ആസ്സാം | വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ |
| | | ഡി.എസ്.പി. ഫാം, അഭയാപുരി, ആസ്സാം | |
| | | ഡി.എസ്.പി. ഫാം, ഹിച്ചാച്ചിറ, ത്രിപുര | |

നാളികേര വികസന ബോർഡിന്റെ വിവിധ പദ്ധതികൾ അതാത് സംസ്ഥാന കൃഷിവകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിനാൽ വിവരങ്ങൾക്ക് ഏറ്റവും അടുത്തുള്ള കൃഷി വകുപ്പ് ഓഫീസുമായും ബന്ധപ്പെടാവുന്നതാണ്.. ■

*പരിഭാഷ :* ***ആബെ ജേക്കബ്***

# പ്രാർത്ഥനകളിലെ നാളികേര സാന്നിധ്യം

ഡോ. നെത്തല്ലൂർ ഹരികൃഷ്ണൻ

**ഈശ്വര വിശ്വാസികളായ മനുഷ്യരുടെ ദൈവവുമായുള്ള പാരസ്പര്യമാണ് പ്രാർത്ഥന. പ്രാർത്ഥനാനുഷ്ഠാനങ്ങളിൽ പ്രപഞ്ച ശക്തിയായ ദൈവത്തിന് മനുഷ്യർ അവരുടെ അധ്വാനഫലം കാഴ്ച്ചയായി സമർപ്പിക്കുന്നു. അത്തരം അനുഷ്ഠാനങ്ങളിലെ അവശ്യ ഘടകമാണ് നാളികേരം.**

ഹൈന്ദവ ജീവിതത്തിൽ, ഏത് കാര്യങ്ങളുടെയും തുടക്കത്തിന് മുമ്പ് ഗണപതിഹോമം നടത്തണമെന്നാണ് അനുഷ്ഠാനവിധികൾ അനുശാസിക്കുന്നത്. കേരളീയ രീതിയനുസരിച്ച് ഒരു നാളീകേരമെങ്കിലും ഗണപതിഹോമത്തിന് ഉപയോഗിക്കണം. നാളികേരത്തിന്റെ എണ്ണം കൂടുന്നതനുസരിച്ചാണ് ഗണപതിഹോമത്തിന്റെ പ്രാധാന്യം വ്യത്യസ്തമാകുന്നത്. നൂറ്റെട്ടും ആയിരത്തെട്ടും പതിനായിരത്തെട്ടും തേങ്ങകൾ ഉപയോഗിച്ചാണ് വൻ തോതിലുള്ള ഗണപതിഹോമം നടത്തുന്നത്. നിലവിളക്ക്, ഹോമകുണ്ഡം, തെറ്റിപ്പൂവ്, മുക്കൂറ്റി, കറുകനാമ്പ്, നെയ്യ്, ദർഭപുല്ല്, പ്ലാവിന്റെ വിറക്, ചകിരി, ചിരട്ട എന്നിവയാണ് ഗണപതി ഹോമത്തിന് പ്രധാനമായും ഉപയോഗിക്കുന്ന വസ്തുക്കൾ.

ഹോമകുണ്ഡത്തിന്റെ അഗ്നികോണിൽ ഗണപതിയെ സങ്കല്പിച്ച് വിളക്ക് വെക്കുന്നതോടെ ആചാരം തുടങ്ങുന്നു. തുടർന്ന് താന്ത്രികാചാരപ്രകാരം ഗണപതിയുടെ സാന്നിധ്യം സൃഷ്ടിക്കുന്ന ക്രിയകൾ ചെയ്യണം. തുടർന്ന് ഗണപതിഹോമകുണ്ഡത്തിൽ ഒരു ഭാഗം ദേവതയ്ക്ക് നിവേദിക്കുന്നു (സമർപ്പിക്കുന്നു). അതിനുശേഷം ഹോമകുണ്ഡത്തിന്റെ മുമ്പിൽ ഗണപതിയെ സങ്കൽപിച്ച് ആരാധന നടത്തും. തുടർന്ന് കുണ്ഡത്തിന് അകത്ത് അഗ്നിജ്വലനം ചെയ്യുന്നു. പ്ലാവിന്റെ വിറകാണ് പ്രധാനമായും ഹോമത്തിന് ഉപയോഗിക്കുന്നത്. അതിനൊപ്പം ചിരട്ട, തൊണ്ട്, കൊതുമ്പ് എന്നിവയും അഗ്നിജ്വലനത്തിന് സ്വീകരിക്കുന്നു. എന്നാൽ വിറകുകളെ, പദാർത്ഥങ്ങളെ, ഹോമത്തിന് ഉൾപ്പെടുത്താറില്ല. അഗ്നിജ്വാല, ദേവതയുടെ നാവാണെന്ന സങ്കല്പത്തിൽ ഹോമദ്രവ്യങ്ങൾ അതിലേക്ക് ഹോമിക്കുന്നതാണ് പ്രധാന ചടങ്ങ്.



തേങ്ങാപ്പൂൾ ഉപയോഗിച്ചാണ് ഗണപതിഹോമത്തിന്റെ ദ്രവ്യക്കൂട്ട് തയ്യാറാക്കുന്നത്. ഉണക്ക തേങ്ങ തൊണ്ടോടുകൂടിയാണ് ഹോമത്തിന് ആദ്യമെ തിരഞ്ഞെടുക്കേണ്ടത്. ഉണങ്ങിയ തൊണ്ട് ദ്രവ്യങ്ങൾ കത്താനായി ഇടയ്ക്കിടയ്ക്ക് ഹോമകുണ്ഡത്തിലേക്ക് ഇട്ടുകൊടുക്കണം. തേങ്ങ നടുവെ ഉടച്ച് ചെറിയ വലിപ്പത്തിൽ പൂളുകയാണ് ദ്രവ്യനിർമാണത്തിന്റെ ആദ്യഘട്ടത്തിൽ ഉപയോഗിക്കേണ്ടത്. എത്രനാളികേരമാണോ ഹോമത്തിന് ഉപയോഗിക്കുന്നത് അവ മുഴുവനും പൂളി എടുക്കണം. അതിലേക്കാണ് മറ്റ് ദ്രവ്യങ്ങൾ ചേർക്കുന്നത്.

നാളികേരത്തിന് പ്രാധാന്യമുള്ള ഗണപതിഹോമത്തിന്റെ നിവേദ്യ-ഹോമദ്രവ്യം ഒരുക്കുന്നതിന് ചില വ്യവസ്ഥകളുണ്ട്. ഓട്ടുരുളിയിൽ അല്ലെങ്കിൽ അനുയോജ്യമായ പാത്രത്തിൽ വേണം ദ്രവ്യം കൂട്ടാൻ (യോജിപ്പിക്കാൻ). തേങ്ങാപ്പൂളിനൊപ്പം ശർക്കര, അവൽ, മലർ, കദളിപ്പഴം, കൽക്കണ്ടം, മുന്തിരി, നെയ്യ്, തേൻ എന്നിവ ചേർക്കും. വിശദമായി നടത്തുന്ന മഹാഗണപതി ഹോമമാണെങ്കിൽ ഇതിനൊപ്പം മാതളനാരങ്ങ, കരിമ്പ്, വറപൊടി, എള്ള്, ഇലയട അപ്പവും, പഴവർഗ്ഗങ്ങൾ എന്നിവ കൂടി സംയോജിപ്പിക്കും. ഇതിൽനിന്നാണ് ദേവതയ്ക്ക് സമർപ്പിക്കാനും ഭക്തർക്ക് കൊടുക്കാനുമുള്ള ദ്രവ്യം പകുക്കുന്നത്.

എട്ടുവിധത്തിലുള്ള ദ്രവ്യങ്ങൾ കൂട്ടിയോജിപ്പിക്കാൻ ശർക്കരപ്പാവ് കാച്ചാറുണ്ട്. അങ്ങനെ ദ്രവരൂപത്തിലുള്ള ശർക്കരയിലാണ് നാളികേരപ്പൂളുകൾ ഉൾപ്പെടെയുള്ള ഇതരദ്രവ്യങ്ങൾ ചേർക്കുന്നത്. ദേവത സ്വീകരിക്കുന്നുവെന്ന വിശ്വാസത്തിൽ അഗ്നിയിലേക്ക് ദ്രവ്യകൂട്ടുകൾ സമർപ്പിക്കും. ബാക്കിയുള്ളവ ഭക്തർക്ക് പ്രസാദമായി നൽകും. മറ്റ് ദ്രവ്യങ്ങൾ ഒന്നുമില്ലാതെ നാളികേരപ്പൂളുകൾ മാത്രമായി ഹോമിക്കുന്ന ലഘു സമ്പ്രദായങ്ങളുമുണ്ട്. ചെം ഗണപതി ഹോമം എന്നപേരിൽ സന്ധ്യാസമയത്ത് നടത്തുന്ന മറ്റൊരു ആചാരത്തിൽ തേങ്ങാ പൂളുന്നതിന് പകരം ചിരകിയാണ് ഉപയോഗിക്കുന്നത്. ബാലഗണപതി സങ്കല്പത്തിലായതുകൊണ്ടാണ് ചെം ഗണപതിഹോമത്തിൽ ചിരകിയ തേങ്ങ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഹോമദ്രവ്യം കൂടാതെ കണ്ണൻചിരട്ട, മൂക്കൻ ചിരട്ട എന്നിവയും ഹോമിക്കാറുണ്ട്. ഹോമശേഷം പ്രസാദമെന്ന സങ്കല്പത്തിൽ കുണ്ഡത്തിലെ ഹോമിച്ച നാളികേരപ്പൂളിൽ നിന്നോ, കത്തിയ തൊണ്ടിൽ നിന്നോ കരിയെടുത്ത് നെയ്യിൽ ചാലിച്ച് നെറ്റിയിൽ ചാർത്താനുള്ള കരിപ്രസാദം അഥവാ ഗണപതിപ്രസാദം തയ്യറാക്കും.

നാളികേരത്തിന് പ്രാധാന്യമുള്ള ഈ ഹോമാചാരം കേരളത്തിലെ അനുഷ്ഠാന ക്രമങ്ങളിൽ സർവ്വസാധാരണമാണ്. നാളികേരമില്ലെങ്കിൽ ഗണപതിഹോമം ഇല്ല എന്നുതന്നെയാണ് പഴമക്കാർ പറയുന്നത്. കേരളത്തിലെ പാരമ്പര്യ വിശ്വാസക്രമത്തിലും പ്രാദേശിക ഫോക് സാംസ്കാരിക വ്യവസ്ഥയിലും നിവേദ്യമെന്ന ദൈവിക ഭക്ഷണഘടനയിലും നാളികേരത്തിനുള്ള പ്രാധാന്യമാണ് ഇത്തരം അനുഷ്ഠാനങ്ങൾ വ്യക്തമാക്കുന്നത്.

*ഫോൺ: 960536563*

# തൈ തെങ്ങുകളുടെ നടീലും പ്രാരംഭ പരിചരണവും

**മായാ ലക്ഷ്മി , എം ഷെരീഫ , ജോസഫ് രാജ് കുമാർ**
സി പി സി ആർ ഐ , പ്രാദേശിക കേന്ദ്രം ,കായംകുളം

*ചോദ്യം 1: എന്റെ 50 സെന്റ് പുരയിടത്തിൽ ഒരു വർഷം മുൻപ് തെങ്ങിൻ തൈകൾ നട്ടിരുന്നു . അവയിൽ ചിലത് നാമ്പോല ഒടിഞ്ഞും ഉണങ്ങിയും കാണുന്നു . എന്തായിരിക്കും കാരണം ?*

ഉണങ്ങിയ നാമ്പോല ചെറുതായി വലിക്കുമ്പോൾ പെട്ടെന്ന് തന്നെ ഊരി വരികയും നാമ്പോലയുടെ താഴ് ഭാഗത്തായി കടിച്ചത് പോലെ ഉള്ള പാടുകൾ കാണപ്പെടുകയും ചെയ്യുന്നുമുണ്ടെങ്കിൽ തീർച്ചയായും കൊമ്പൻ ചെല്ലിയുടെ ആക്രമണം ആകാനാണ് സാധ്യത. തൈ തെങ്ങുകളുടെ നാമ്പോലയിൽ ചെല്ലി തുളച്ചു കയറുന്നത് തെങ്ങിന്റെ വളർച്ചയെ ബാധിക്കും. ചെല്ലിയുടെ ആക്രമണമുണ്ടായ തെങ്ങിൻ തൈകളിൽ നാമ്പോലകൾ ചിലസമയം മുകളിലൂടെ പുറത്തുവരാതെ വശങ്ങളിലൂടെ പുറത്തുവരുന്നതുകാണാം. ഇത് തൈകളുടെ പിന്നീടുള്ള വളർച്ചയെ ബാധിക്കുമെന്നതിനാൽ ഇത്തരം തൈകൾ മാറ്റി ഗുണമേന്മയുള്ള പുതിയ തൈകൾ നടുന്നതാണുചിതം. നട്ട് ഒന്നോരണ്ടോ വർഷം പ്രായമായ തൈകളിൽ ചിലസമയം ചെല്ലിയുടെ ആക്രമണം മൂലം തൈകൾ ഉണങ്ങിപോകുവാനും സാധ്യതയുണ്ട്.

*ചോദ്യം 2. തൈ തെങ്ങുകളിൽ കൊമ്പൻ ചെല്ലിയുടെ ആക്രമണത്തെ തടയുന്നതെങ്ങിനെ?*

കൊമ്പൻ ചെല്ലിയുടെ ആക്രമണം തൈ തെങ്ങുകളുടെ വളർച്ചയെ സാരമായി ബാധിക്കുന്നതിനാൽ തൈകൾ നട്ട ഉടനെതന്നെ ചെല്ലിക്കെതിരെ പ്രതിരോധ നടപടികൾ ചെയ്യേണ്ടതാണ്. ഇതിനായി താഴെ പറയുന്ന ഏതെങ്കിലും നടപടികൾ ചെയ്യാവുന്നതാണ്.

- പൊടിച്ച വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ പൊടിച്ച മരോട്ടി പിണ്ണാക്ക് 250 ഗ്രാം തുല്യ അളവിൽ മണലും കലർത്തി ഓലക്കവിളുകളിൽ നിക്ഷേപിക്കുക .
- വലിയ പാറ്റാഗുളിക ഒന്നുരണ്ടെണ്ണം ഓലക്കവിളിൽ വെച്ച് മണൽ കൊണ്ട് മൂടുക .
- ചെറുകണ്ണികളുള്ള പഴയ മീൻ വല നാമ്പോലകളുടേയും തൊട്ടടുത്ത ഓലകളുടേയും കവിളിനോടുചേർന്ന് ചുറ്റിവെയ്ക്കുക. ഈ വലകൾ പിന്നീട് പുതിയ നാമ്പോലകൾ വരുന്നതിനനുസരിച്ച് മുകളിലേക്ക് മാറ്റി ചുറ്റിക്കൊടുക്കേണ്ടതാണ്.

*ചോദ്യം 3. ഈ പ്രതിരോധ നടപടികൾ വർഷത്തിൽ എത്ര പ്രാവശ്യം ചെയ്യണം? ഇവയുടെ ഫലം എത്ര കാലം നില നിൽക്കും ?*

മുകളിൽ സൂചിപ്പിച്ചതു പോലെ വിരിഞ്ഞുവരുന്ന നാമ്പിനു ചുറ്റുമുള്ള രണ്ടു മൂന്നു ഓല കവിളിലാണ് മേൽ പറഞ്ഞ പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടത്. ഓരോ മാസവും ഓരോ പുതിയ ഓലകൾ വിരിയുന്നതിനാൽ മുൻകരുതൽ മുറകൾ 30–45 ദിവസം ഇടവിട്ട് ആവർത്തിച്ചാൽ മാത്രമേ പുതിയ നാമ്പോലകൾക്ക് സംരക്ഷണം ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ.

*ചോദ്യം 4. വലിയ തെങ്ങുകളിൽ കൊമ്പൻ ചെല്ലിയുടെ ആക്രമണത്തെ തടയുന്നതെങ്ങിനെ?*

വലിയ തെങ്ങുകളിൽ കൊമ്പൻ ചെല്ലി നാമ്പോലകളിൽ തുളച്ചു കയറുന്നതിന്റെത ഫലമായി നാമ്പോലകൾ ഒടിഞ്ഞു തൂങ്ങുകയോ വിടർന്ന നാമ്പോലകളിൽ ഓലക്കാലുകൾ കത്രികകൊണ്ട് മുറിച്ചതുപോലെ 'ഢ' ആകൃതിയിൽ കാണപ്പെടുകയും ചെയ്യും.

തോട്ടങ്ങളിൽ ശുചിത്വം അനുവർത്തിക്കേണ്ടത് ചെല്ലിയെ നിയന്ത്രിക്കാനുള്ള പ്രധാന മാർഗങ്ങളിൽ ഒന്നാണ്.വെട്ടിമാറ്റിയതോ മണ്ട മറിഞ്ഞുപോയതോ ആയ തെങ്ങിൻ തടികൾ തോട്ടത്തിൽ തന്നെ കിടന്ന് ദ്രവിക്കാൻ അനുവദിക്കാതെ യഥാസമയം നീക്കം ചെയ്യുകയോ കത്തിച്ചു കളയുകയോ ചെയ്യുക . ചാണകക്കുഴികൾ ഈ വണ്ടിന്റെ പ്രജനന കേന്ദ്രങ്ങളാകയാൽ ഇവയിൽ പെരുവലച്ചെടി (ഒരുവേരൻ) പിഴുതുചേർക്കുന്നത് കൊമ്പൻ ചെല്ലിയുടെ വംശവർദ്ധന തടയാൻ സഹായകമാകും. ചാണകത്തിൽ അഴുകിച്ചേരുന്ന ചെടിയിലടങ്ങിയിരിക്കുന്ന രാസവസ്തു വണ്ടിന്റെ പുഴുക്കൾ ഭക്ഷിക്കുമ്പോൾ അതിന്റെ ശരിയായ വളർച്ച തടസ്സപ്പെടുത്തുന്നു.

മറ്റൊരു ജൈവിക നിയന്ത്രണ മാർഗമാണ് മെറ്റാറൈസിയം കുമിൾ. ചെല്ലിയുടെ പുഴുക്കൾ വളരുന്ന സ്ഥലങ്ങളിൽ ഒരു ഘനമീറ്ററിന് 250 മില്ലി മെറ്റാറൈസിയം കൾച്ചർ 75 മില്ലി വെള്ളവുമായി ചേർത്ത് തളിച്ച് കീടനിയന്ത്രണം നടത്താം. കൊമ്പൻ ചെല്ലിയുടെ ആക്രമണമുണ്ടായ നാമ്പോലകളുടെ അടിവശത്ത് ചകിരിനാരുപോലെ അവശിഷ്ടങ്ങൾ ദ്വാരത്തിനടുത്ത് കാണാൻ സാധിക്കും.ഇതിന് പഴക്കമില്ലെങ്കിൽ ദ്വാരത്തിനുള്ളിൽ ചെല്ലിയുണ്ടാകാനുള്ള സാധ്യത കൂടുതലാണ്. ചെല്ലിക്കോൽ ഉപയോഗിച്ച് നാമ്പിനു കേടുവരാതെ ചെല്ലിയെ പുറത്തെടുത്ത് നശിപ്പിക്കാൻ സാധിക്കും. മണ്ട വൃത്തിയാക്കിയ ശേഷം വേപ്പിൻ പിണ്ണാക്കും പുഴമണലും തുല്യ അളവിൽ യോജിപ്പിച്ച് കവിളുകളിൽ നിറയ്ക്കുന്നതും കൊമ്പൻ ചെല്ലിയുടെ ആക്രമണം തടയാൻ ഫലപ്രദമാണ്.

*ചോദ്യം 5: മെറ്റാറൈസിയം കൾച്ചർ എവിടെ നിന്നു ലഭ്യമാകും ?*

കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഗവേഷണ കേന്ദ്രങ്ങൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ വിപണ കേന്ദ്രങ്ങളിൽ മെറ്റാറൈസിയം കൾച്ചർ ലഭ്യമാണ്.

*ചോദ്യം 6: ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ നിന്നുള്ള കർഷകനാണ് ഞാൻ . എന്റെ വീടിരിക്കുന്നതിനോട് ചേർന്നുള്ള കുറച്ചു സ്ഥലത്തു തെങ്ങ് വെയ്ക്കുവാൻ ആഗ്രഹിക്കുന്നു. കുറിയ ഇനങ്ങളാണോ അതിന് അനുയോജ്യം ?*

നടാനായി തെങ്ങിനം തിരഞ്ഞെടുക്കുന്നത് ഓരോ സ്ഥലത്തേക്കുള്ള ഇനത്തിന്റെ അനുയോജ്യത, കൃഷിയുടെ ഉദ്ദേശ്യം, കർഷകരുടെ താൽപ്പര്യം എന്നിവയെ ആശ്രയിച്ചിരിക്കുന്നു. ഉദാഹരണത്തിന്, സ്ഥലം ജല ദൗർലഭ്യമുള്ള പ്രദേശമാണെങ്കിൽ, വരൾച്ചയെ പ്രതിരോധിക്കുന്ന ഇനങ്ങൾ തിരഞ്ഞെടുക്കുക, അല്ലെങ്കിൽ കാറ്റുവീഴ്ച വ്യാപകമായ പ്രദേശമാണെങ്കിൽ (തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള തെക്കൻ ജില്ലകളിൽ) കാറ്റുവീഴ്ച പ്രതിരോധശേഷിയുള്ള ഇനങ്ങൾ



(കല്പശ്രീ, കല്പരക്ഷ, കല്പ സങ്കര) തിരഞ്ഞെടുക്കുക. കൊപ്രയ്ക്കും എണ്ണയ്ക്കും വേണ്ടിയുള്ള വ്യാവസായികമായി തെങ്ങ് കൃഷി ചെയ്യാൻ കർഷകന് താൽപ്പര്യമുണ്ടെങ്കിൽ, നെടിയ ഇനങ്ങൾ കൃഷി ചെയ്യാം. കൂടാതെ ഇളനീർ ആവശ്യത്തിന് കുള്ളൻ, സങ്കരയിനം എന്നിവയാണ് അഭികാമ്യം. പരിമിതമായ സ്ഥലമുള്ള വീട്ടുവളപ്പിൽ, കുള്ളൻ അല്ലെങ്കിൽ സങ്കരയിനം തെങ്ങുകളാണ് അനുയോജ്യമായത്.

*ചോദ്യം 7: തെങ്ങ് നടുമ്പോൾ ഓലകൾ കൂട്ടിമുട്ടാത്ത അകലത്തിൽ നടണമെന്നു കേൾക്കുന്നു, തൈകൾ നടേണ്ട രീതി വിശദീകരിക്കാമോ ?*

തൈകൾ നടുമ്പോൾ ഉചിതമായ അകലം നൽകേണ്ടത് വെള്ളം, മണ്ണ്, വായു, സൂര്യപ്രകാശം എന്നീ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും പരസ്പര മത്സരം ഒഴിവാക്കുന്നതിനും ആവശ്യമാണ്. ശാസ്ത്രീയമായി കൃഷി ചെയ്യുമ്പോൾ ശുപാർശ ചെയ്യുന്ന അകലം 7.5 മീറ്റർ ആണ്. എന്നാൽ ഇടവിളകൾ കൂടി ഉൾപ്പെടുത്തിയ കൃഷി രീതിയായാണ് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ 9-10 മീറ്റർ അകലം നൽകണം. മണ്ണിന്റെ ഘടനയനുസരിച്ച് തൈ കുഴിയുടെ വലിപ്പം വ്യത്യാസപ്പെട്ടിരിക്കും. പശിമരാശി മണ്ണാണെങ്കിൽ 1 മീറ്റർ x 1 മീറ്റർ x 1 മീറ്റർ നീളം x വീതി x ആഴം വലിപ്പമുള്ള കുഴിയും മണൽ മണ്ണാണെങ്കിൽ 75 സെന്റി മീറ്റർ x 75 സെന്റി മീറ്റർ x 75 സെന്റി മീറ്റർ വലിപ്പമുള്ളതും വെട്ടുകല്ല് പ്രദേശമാണെങ്കിൽ 1.2 മീറ്റർ x 1.2 മീറ്റർ x 1.2 മീറ്റർ വലിപ്പമുള്ള കുഴിയെടുക്കണം. കുഴിയുടെ ഏകദേശം മുക്കാൽ ഭാഗത്തോളം മേൽ മണ്ണ്, ജൈവവളം, എല്ലുപൊടി, കമ്പോസ്റ്റ് എന്നിവ കൂട്ടിക്കലർത്തി മിശ്രിതം ഉപയോഗിച്ച് നിറയ്ക്കണം. ഈ കുഴിയുടെ നടുവിലായി ഒരു ചെറിയ കുഴിയെടുത്ത് തൈകൾ നടാം.

*ചോദ്യം 8: തെങ്ങ് നടുമ്പോൾ ഉപ്പിടുന്നത് നല്ലതാണെന്ന് പറയുന്നത് ശരിയാണോ ?*

മണ്ണിന് കാഠിന്യം കൂടുതലുള്ള പ്രദേശങ്ങളിൽ ഉദാഹരണത്തിന് ചെങ്കൽ പ്രദേശങ്ങളിൽ നടുന്നതിന് ആറുമാസം മുൻപ് കുഴിയെടുത്ത് 2 കിലോഗ്രാം വീതം കല്ലുപ്പ് കൂടി ചേർത്താൽ, മണ്ണിന്റെ കാഠിന്യം കുറയ്ക്കുവാനും ഇളം വേരുകൾക്ക് മണ്ണിലേക്ക് ആഴ്ന്നിറങ്ങുവാനും സഹായകമാവും.

*ചോദ്യം 9: തെങ്ങിൻ തൈകൾ നട്ടുകഴിഞ്ഞ് ആദ്യ വർഷത്തെ വളപ്രയോഗം വിശദീകരിക്കാമോ ?*

തൈത്തെങ്ങുകളുടെ ശരിയായ വളർച്ചയ്ക്കും മികച്ച ഉത്പ്പാദനം ലഭിക്കുന്നതിനും നട്ട് ആദ്യ വർഷങ്ങളിൽ തന്നെ ശരിയായ വളപ്രയോഗം ചെയ്യേണ്ടത് അത്യാവശ്യമാണ്. തൈകൾ നട്ട് മൂന്നുമാസം കഴിയുമ്പോൾ ആദ്യ വള പ്രയോഗം നടത്താവുന്നതാണ്. ശുപാർശ ചെയ്തിട്ടുള്ള രാസവളം (പട്ടിക 1) ചുരുങ്ങിയത് രണ്ടു തവണകളായി നൽകണം. ആദ്യ തവണ ശുപാർശ ചെയ്തിട്ടുള്ള രാസവളത്തിന്റെ മൂന്നിലൊന്ന് മെയ് ജൂൺ മാസത്തിൽ കാലവർഷം ആരംഭിക്കുന്നതിനു മുൻപായി തൈതെങ്ങിന് ചുറ്റുമിട്ട് മണ്ണിൽ ഇളക്കി ചേർക്കണം. രണ്ടാം തവണ ആഗസ്റ്റ് - സെപ്റ്റംബർ മാസത്തിൽ തുലാവർഷത്തിനു മുൻപായി തൈ ഒന്നിന് 35 കിലോ ജൈവവളം തടത്തിൽ ചേർത്ത് മണ്ണ് അരിഞ്ഞിറക്കി അവശേഷിക്കുന്ന രാസവളം ചേർക്കാം. കൂടാതെ തടമൊന്നിന് 100 ഗ്രാം പയർ വിത്ത് വീതം വിതച്ച്, പൂത്തു തുടങ്ങുമ്പോൾ പിഴുത് മണ്ണിലേക്ക് ചേർക്കുന്നത് മണ്ണിലെ ജൈവാംശം വർധിപ്പിക്കും.

പട്ടിക 1 തെങ്ങുകളിലെ വള പ്രയോഗത്തിന്റെത ശുപാർശ (അവലംബം : സി പി സി ആർ ഐ എക്സ്റ്റൻഷൻ ഫോൾഡർ നമ്പർ 242) . * തൈ ഒന്നിന് ഗ്രാം എന്ന കണക്കിൽ.

| | ആദ്യ തവണ (മെയ് ജൂൺ ) | | | രണ്ടാം തവണ (ആഗസ്റ്റ് സെപ ്റ്റംബർ ) | | |
|---|---|---|---|---|---|---|
| തൈ തെങ്ങുകളുടെ പ്രായം | യൂറിയ | പൊട്ടാഷ് | മസ്സൂറി ഫോസ് | യൂറിയ | പൊട്ടാഷ് | മസ്സൂറി ഫോസ് |
| തൈ നടുമ്പോൾ | | | | 110 | 150 | 170 |
| ഒന്നാം കൊല്ലം | 120 | 170 | 190 | 240 | 340 | 375 |
| രണ്ടാം കൊല്ലം | 240 | 340 | 380 | 480 | 680 | 750 |
| മൂന്നാം കൊല്ലം | 365 | 500 | 565 | 730 | 1000 | 1125 |

*ചോദ്യം 10: തെങ്ങുകളുടെ വളർച്ചയ്ക്കാവശ്യമായ പോഷണ മിശ്രിതം 'കല്പ പോഷക്' എന്ന പേരിൽ സി പി സി ആർ ഐ വികസിപ്പിച്ചിട്ടുണ്ടെന്നു കേട്ടു. എന്താണത്? അതിന്റെ പ്രയോഗരീതി ഒന്നു വിശദീകരിക്കാമോ? ഈ പോഷണ മിശ്രിതം പ്രയോഗിച്ചാൽ മറ്റു രാസവളങ്ങൾ ചേർക്കേണ്ടതില്ലേ ?*

തെങ്ങുകളുടെ വളർച്ച ത്വരിതപ്പെടുത്തി അവ പുഷ്ടിയോടെ വളരുന്നതിന് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം വികസിപ്പിച്ചെടുത്ത പോഷക മിശ്രിതങ്ങളാണ് കല്പവർദ്ധിനിയും കല്പ പോഷകും. ഇതിൽ തൈ തെങ്ങുകളുടെ വളർച്ചയ്ക്ക് ഏറെ അനുയോജ്യം കല്പ പോഷക് ആണ്. നട്ട് മൂന്നുവർഷം വരെ പ്രായമുള്ള തൈകൾക്കാണ് കല്പ പോഷക് നൽകേണ്ടത്. ശുപാർശ ചെയ്തിരിക്കുന്ന രാസവളങ്ങൾ പ്രയോഗിച്ചതിനു 10 ദിവസങ്ങൾക്ക് ശേഷം ആദ്യ വർഷം തൈ ഒന്നിന് 40 ഗ്രാം വീതവും, രണ്ടും മൂന്നും വർഷങ്ങളിൽ 100 ഗ്രാം രണ്ടു തവണകളായും കല്പപോഷക് നൽകാം. മുകളിൽ പറഞ്ഞിട്ടുള്ളതുപോലെ ശുപാർശ ചെയ്തിട്ടുള്ള രാസവളങ്ങൾക്ക് പുറമെയാണ് കല്പ പോഷക് നൽകേണ്ടത്. *ഫോൺ: 9495100450*

# കവി ഉദ്ദേശിച്ചത്

**സുരേഷ് മുതുകുളം**
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ (റിട്ട.)ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**തെങ്ങിൻ തോട്ടങ്ങളിലെ കീടങ്ങളെ നിയന്ത്രിക്കുന്നതിന് വിളക്ക് കെണികൾ അഥവാ ലൈറ്റ് ട്രാപ്പുകൾ വലിയ പങ്കുവഹിക്കുന്നു. വിളക്കു കെണികളുടെ പ്രയോജനത്തെയും പ്രവർത്തനത്തെയുംക്കുറിച്ച്**

*"വണ്ടേ, നീ തുലയുന്നു, വീണയീ*
*വിളക്കും നീ കെടുത്തുന്നിതേ!"*

തന്റെ ആത്മമിത്രവും ഗുരു തുല്യനുമായിരുന്ന എ. ആർ. രാജരാജവർമ്മയുടെ വിയോഗത്തിൽ ദുഖിതനായ മഹാകവി കുമാരനാശാൻ രചിച്ച പ്രരോദനം എന്ന വിലാപകാവ്യത്തിലെ ശ്രദ്ധേയമായ വരികളാണിത്. (ശ്ലോകം 53)

വിളക്കിന്റെ കണ്ണഞ്ചിക്കുന്ന വെളിച്ചം കണ്ടാൽ അതിൽ ആകൃഷ്ടരായി പറന്നടുക്കാത്ത പ്രാണികളുണ്ടോ? പക്ഷെ വെളിച്ചത്തിന്റെ പ്രഭ കണ്ടു മോഹിച്ച് പറന്നെത്തുന്ന പാവം പ്രാണികൾക്കറിയില്ലല്ലോ ആ വെളിച്ചത്തിനു കൂട്ടായി എന്തിനെയും കത്തിയെരിക്കാൻ പോന്ന ചൂട് കൂട്ടിനുണ്ടെന്ന്! വിളക്കിന്റെ വെളിച്ചത്തിൽ ആർത്തലച്ച് പറന്നടുക്കുന്ന പ്രാണികൾ ഏറെ നേരം വട്ടമിട്ടു പറന്നതിനു ശേഷം ആ തീയിൽ തന്നെ വീണ് വെന്തു മരിക്കുകയാണ് പതിവ്.

ജീവിതത്തിന്റെ മോഹിപ്പിക്കുന്ന മതിഭ്രമങ്ങളിൽ പെട്ട് മുൻപിൽ നോക്കാതെ പ്രലോഭിതരാകുന്ന മനുഷ്യർ ഒടുവിൽ ഗത്യന്തരമില്ലാതെ അതിൽ തന്നെ വീണ് സ്വയം ഹോമിക്കുന്നു എന്നതാണ് മഹാകവിയുടെ ദീപ്തമായ ഈ വരികളുടെ അർത്ഥം. എക്കാലവും പ്രസക്തമായ ആദ്ധ്യാത്മിക ചിന്ത.

എങ്കിലും കവി ഉദ്ദേശിച്ചത് ഇന്ന് ഏറെ സ്വാർത്ഥകമായിരിക്കുന്നത് കേര കൃഷി മേഖലയിലാണ് എന്നത് മറ്റൊരു യാഥാർത്ഥ്യം. ഇവിടെ വിളക്കിന്റെ വെളിച്ചം പ്രാണികൾക്ക് ദൗർബല്യമാകുമ്പോൾ വിവേകമതിയായ മനുഷ്യൻ അവയെ കുടുക്കാനും നശിപ്പിക്കാനും ഉപയോഗിച്ചിരിക്കുന്നു എന്നു പറയുന്നതിൽ തെറ്റില്ല.

കവി അന്ന് സൂചിപ്പിച്ച വിളക്ക് കൃഷി ശാസ്ത്രം ലൈറ്റ് ട്രാപ്പ് (Light trap) എന്ന ഓമനപ്പേരിൽ ഉപയോഗിക്കുവാൻ തുടങ്ങിയിരിക്കുന്നു. വാസ്തവത്തിൽ വിളക്കു കെണി നിരുപദ്രവിയാണ്. ഇതര കീട നശീകരണ മാർഗ്ഗങ്ങൾ പോലെ പ്രശ്നക്കാരിയേയല്ല. തെങ്ങ്, നെല്ല്, തുടങ്ങിയ പ്രധാന വിളകളിലെല്ലാം കീടങ്ങളെ കുടുക്കാൻ വിളക്കു കെണിയോളം പോന്ന അപായ രഹിതമായ മറ്റൊരു മാർഗ്ഗമില്ല തന്നെ. പ്രത്യേകിച്ച് തെങ്ങിൻ തോട്ടങ്ങളിൽ നിശാശലഭങ്ങളേയും മറ്റും കുടുക്കാൻ രാത്രി കാലത്താണ് കൃഷിയിടത്തിൽ സാധാരണയായി വിളക്കു കെണി സ്ഥാപിക്കുക.



ഇന്നിപ്പോൾ റെഡിമെയ്ഡ് വിളക്കു കെണികൾ വാങ്ങാനും കിട്ടും. ഇനി വിളക്കു കെണി സ്വന്തമായ തയ്യാറാക്കാനും കഴിയും. മുളങ്കമ്പ് അല്ലെങ്കിൽ തടിക്കമ്പുകൾ, ചരട് അല്ലെങ്കിൽ കയർ, ആണി, എണ്ണ വിളക്കോ, മണ്ണെണ്ണ വിളക്കോ അല്ലെങ്കിൽ ഇലക്ട്രിക് ബൾബോ, ആഴം കുറഞ്ഞ പാത്രത്തിൽ എടുത്ത വെള്ളം – ഇത്രയുമാണ്. വിളക്കു കെണി സ്വന്തമായി തയ്യാറാക്കാൻ വേണ്ട അനുസാരികൾ.

കീടശല്യം രൂക്ഷമായ കൃഷിത്തോട്ടത്തിലോ തോട്ടത്തിനരികിലോ ആയി വിളക്കു കെണി സ്ഥാപിക്കാം. ആദ്യമായി കമ്പുകൾ നിലത്ത് ദൃഢമായി ഉറപ്പിക്കുക. നിലത്തു നിന്ന് 5 മീറ്റർ ഉയർത്തി വിളക്കോ ബൾബോ ഫ്രെയിമിൽ ഉറപ്പിക്കുക. ഇലക്ട്രിക് വയറിങ്ങും ചുവട്ടിൽ വയ്ക്കുന്ന പാത്രത്തിലെ ജലവുമായി സമ്പർക്കത്തിൽ വരാതെ ശ്രദ്ധിക്കണം. കെണിക്കു താഴെയായി ഒരു ചണച്ചാക്ക് വിരിച്ച് അതിനു മീതെ സോപ്പു ലായനി നിറച്ച പാത്രം വയ്ക്കുക. തലേന്ന് സന്ധ്യ മയങ്ങുന്നതു മുതൽ അടുത്ത ദിവസം നേരം പര പരാ വെളുക്കുന്നതു വരെ വിളക്കു കെണി കത്തിച്ചു നിർത്തണം. നേരം വെളുക്കുമ്പോൾ കെണിക്കു ചുറ്റുമായും ചുവട്ടിലെ വെള്ള പാത്രത്തിലും ചത്തടിഞ്ഞ പ്രാണികളെ നീക്കം ചെയ്യുക. അടുത്ത ദിവസവും ഇത് വീണ്ടും ആവർത്തിക്കുക. യാതൊരു വിധ പരിസര മലിനീകരണത്തിനും ഇടയാകാത്ത വിധം വിളകളുടെ നിത്യശല്യമായ കീടങ്ങൾ നല്ലൊരു ശതമാനവും ഇങ്ങനെ ചത്തൊടുങ്ങും. സംയോജിത കീട പരിപാലനത്തിലെ (Integrated Pest Management - IPM) പ്രമുഖ കീട നിയന്ത്രണ മാർഗ്ഗങ്ങളിലൊന്നാണ് വിളക്കു കെണിയുടെ ഉപയോഗം എന്നറിയുക.

വേനൽ മാസങ്ങളിലും മറ്റും തെങ്ങിനെ ഉപദ്രവിക്കാനെത്തുന്ന അലസൻ പുഴുവായ സ്ലഗ് ക്യാറ്റർ പില്ലർ (slug cater-fpiller) തുരപ്പൻ വണ്ടായ കോക്ഷാഫർ (cock chafer beette) എന്നീ വില്ലൻമാരെ നിയന്ത്രക്കാൻ വിളക്കു കെണികൾ ഏറെ ഫലപ്രദമാണെന്ന് പഠനങ്ങൾ പറയുന്നു.

അലസൻ പുഴുവിന്റെ കാര്യമെടുത്താൽ പേരിൽ അലസതയുണ്ടെങ്കിലും ഇലയുടെ ( ഓലയുടെ) ഹരിതകം പാടേ ശാപ്പിടുന്നതിൽ ഇവന് അലസത തെല്ലുമില്ല എന്നറിയുക. അലസൻ കയറിയ തെങ്ങാണെങ്കിൽ ചുവട്ടിൽ നിന്നാൽ മതി അറിയാൻ; തടത്തിലങ്ങിങ്ങായി പുഴുവിന്റെ വിസർജ്ജ്യം ചെറിയ പന്തുപോലെ ഉരുണ്ട് അവിടവിടെ വീണു കിടക്കുന്നത് കാണാം. ഇത് തമാശയായി കരുതി പിൻമാറിയാൽ കളി കാര്യമാകും. പുഴു മടലും തേങ്ങയുമൊക്കെ പിടി കൂടും. ഓലകൾ വാടും, കുലകൾ ഇടിഞ്ഞ് തൂങ്ങും, മച്ചിങ്ങയും കരിക്കും കൊഴിയും. ചുരുക്കി പറഞ്ഞാൽ തെങ്ങിനെ ആകെ വശം കെടുത്തും. ഇതാണ് ഈ നിസ്സാരന്റെ പ്രവർത്തന ശൈലി. രണ്ടു മാസമേ ആയുസ്സുള്ളൂ. സമാധി കഴിഞ്ഞ പുഴുക്കൾ ഒന്നുകിൽ തെങ്ങിന്റെ മണ്ട

# കേന്ദ്ര കൃഷി സെക്രട്ടറി ശ്രീ. മനോജ് അഹൂജ ഐഎഎസ് നാളികേര വികസന ബോർഡ് സന്ദർശിച്ചു





കേന്ദ്ര കൃഷി വകുപ്പ് സെക്രട്ടറി കൊച്ചിയിൽ നാളികേര വികസന ബോർഡ് ആസ്ഥാനത്ത് എത്തി ബോർഡിന്റെ പ്രവർത്തനങ്ങൾ പരിശോധിച്ച് വിലയിരുത്തി.

കേന്ദ്ര കൃഷി വകുപ്പ് സെക്രട്ടറി ശ്രീ. മനോജ് അഹൂജ ഐഎഎസ്, കൃഷി കർക ക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറിയും സാമ്പത്തിക ഉപദേഷ്ടാവുമായ ശ്രീ. സഞ്ജയ് കുമാർ ഐഎഎസ് എന്നിവരാണ് 2022 ഒക്ടോബർ 19 ന് കേര ഭവനിൽ എത്തി നാളികേര വികസന ബോർഡിന്റെയും കാഷ്യും ആൻഡ് കൊക്കോ ഡയറക്ടറേറ്റിന്റെയും പ്രവർത്തനങ്ങൾ വിലയിരുത്തിയത്.

കാഷ്യു അൻഡ് കൊക്കോ ഡയറക്ടറേറ്റ് ഡയറക്ടർ ഡോ. വെങ്കിടേഷ് ഹുബ്ബള്ളി, നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. പ്രമോദ് പി കുര്യൻ എന്നിവർ അതത് സ്ഥാപനങ്ങളുടെ പദ്ധതികൾ അവതരിപ്പിക്കുകയും പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

ഇരു സ്ഥാപനങ്ങളുടെയും സുഗമമായ നടത്തിപ്പിനാവശ്യമായ എല്ലാ സഹകരണങ്ങളും കൃഷി സെക്രട്ടറി വാഗ്ദാനം ചെയ്യുകയുണ്ടായി ഒപ്പം കാർഷിക മേഖലയുടെ ക്ഷേമത്തിനായി എല്ലാ ജീവനക്കാരും ആത്മാർത്ഥമായി പ്രവർത്തിക്കണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്തു.

യിലോ ഓലക്കാലുകളുടെ മൂലകളിലോ പതുങ്ങിക്കൂടികയാണ് പതിവ്. ഈ പുഴുവിന്റെ ശലഭത്തിനാണ് വിളക്കിന്റെ വെളിച്ചം വീക്ക് നെസ് ആകുന്നത്. ഈ നിശാ ശലഭങ്ങളെ അതു കൊണ്ടു തന്നെ വിളക്കു കെണി വച്ച് കൂട്ടത്തോടെ പിടികൂടാം. നശിപ്പിച്ച് തെങ്ങുകളെ രക്ഷിക്കുകയും ചെയ്യാം.

ആന്ധ്രാ പ്രദേശിലെ ഹോർട്ടികൾച്ചറൽ സർവ്വകലാശാലയുടെ നേതൃത്വത്തിൽ സാകിനെറ്റിപ്പള്ളി എന്ന പ്രദേശത്തെ തെങ്ങിൻ തോട്ടങ്ങളിൽ വിളക്കു കെണി സ്ഥാപിച്ചുള്ള പഠനങ്ങൾ നേരത്തേ നടത്തിയിരുന്നു. പുഴു ബാധ രൂക്ഷമായ തെങ്ങിൻ തോപ്പുകളിൽ ഇലക്ട്രിക് ബൾബ്, ഗ്യാസ് ലൈറ്റ്, എമർജൻസി ലാമ്പ് എന്നിവ ഘടിപ്പിച്ച വിളക്കു കെണികൾ വച്ചായിരുന്നു പരീക്ഷണം. വൈകുന്നേരം 5 മണി മുതൽ വെളുപ്പിന് 5 മണി വരെ ഗവേഷകർ ഇതിന്റെ ശരിയായ പ്രവർത്തനം നിരീക്ഷിക്കുകയും കണ്ടെത്തലുകൾ അപ്പപ്പോൾ രേഖപ്പെടുത്തുകയും ചെയ്തു. കണ്ടെത്തിയ ഫലങ്ങൾ തികച്ചും ആശാവഹമായിരുന്നു. രാത്രി 7 മണി മുതൽ വെളിച്ചത്തിലേക്ക് പ്രാണികൾ പറന്നടുക്കാൻ തുടങ്ങും. ഇതു തന്നെ രാത്രി 9 മണി മുതൽ ഒരു മണി വരെ പരമാവധിയിലെത്തും. വെളുപ്പിന് മൂന്നുമണിയാകുന്നതോടെ പ്രാണികളുടെ വരവ് കുറഞ്ഞു തുടങ്ങുകയും ചെയ്യും.

മറ്റൊരു കണ്ടെത്തൽ പ്രാണികളുടെ എണ്ണത്തെക്കുറിച്ചായിരുന്നു. ഓരോ വിളക്കു കെണിക്ക് ചുറ്റും പുഴുവിന്റെ 100 മുതൽ 1200 നിശാശലഭം വരെ ഒറ്റ രാത്രി കൊണ്ട് വട്ടമിട്ട് ചുറ്റി വീണു ചത്തു. കെണിക്ക് തൊട്ടു താഴെയായി ആ വലിയ പാത്രത്തിൽ വെള്ളം വച്ചിരുന്നു. വിളക്കു കെണിയിലെ ബൾബിനു താഴെയായി ഒട്ടിപ്പിടിച്ചിരിക്കുന്ന ഒരു കടലാസും ഘടിപ്പിച്ചിരുന്നു.

അലസൻ പുഴുവായ സ്ലഗ് ക്യാറ്റർ പില്ലറിന്റെ നിയന്ത്രണത്തിലെ നിർണ്ണായക ചുവടുവയ്പായിട്ടാണ് ശാസ്ത്ര ലോകം ഇതിനെ വീക്ഷിക്കുന്നത്. ഒരൊറ്റ ക്കെണി കൊണ്ടു തന്നെ ആയിരത്തിലധികം പ്രാണികളെ ഒരു രാത്രി പിടികൂടാമെങ്കിൽ കുറച്ചു ദിവസത്തെ കരുതലോടെയുള്ള പ്രവർത്തനം വഴി സ്ലഗ് ക്യാറ്റർ പില്ലർ എന്ന ശത്രു കീടത്തെ തെങ്ങിൻ തോപ്പിൽ നിന്ന് ശാശ്വതമായി നശിപ്പിക്കാൻ സാധിക്കും എന്ന് തെളിഞ്ഞിരിക്കുകയാണിവിടെ.

ഇതുപോലെ തന്നെയാണ് കോക് ഷാഫർ വണ്ട് എന്ന കീടത്തിന്റെ കാര്യവും. ഓലകൾ വല്ലാതെ മഞ്ഞ നിറമായി വിളവ് ഗണ്യമായി കുറയുന്നു എന്നതാണ് കോക് ഷാഫർ വണ്ട് തെങ്ങിൻ തോട്ടത്തിൽ എത്തിയാലുള്ള അനന്തര ഫലം. മണൽ പ്രദേശങ്ങളിലാണ് ഇതിന്റെ ഉപദ്രവം കൂടുതൽ. മരുന്നുപ്രയോഗം പറയുന്നുണ്ടെങ്കിലും വൈകുന്നേരങ്ങളിൽ വിളക്കു കെണി വച്ച് വണ്ടുകളെ ശേഖരിച്ച് നശിപ്പിക്കുക എന്നതു തന്നെയാണ് പ്രധാന ശുപാർശ. കഴിയുന്നത്ര സ്ഥലങ്ങളിൽ വിളക്കു കെണികൾ വച്ച് വണ്ടുകളെ കുടുക്കി നശിപ്പിക്കുകയാണ് ഫലവത്ത് എന്ന് കണ്ടെത്തിയിട്ടുമുണ്ട്.

വിളക്കിന്റെ വെളിച്ചം കണ്ട് സ്വയം മറന്ന് പറന്നടുത്ത് അതിൽ തന്നെ വീണ് ജീവിതം സ്വയം ഹോമിക്കുന്ന വണ്ടുകളെ നോക്കി കവി പണ്ടു പാടിയത്.

*വണ്ടേ നീ തുലയുന്നു, വീണയീ*
*വിളക്കും നീ കെടുക്കുന്നിതേ*
*എന്നാണ്.*

എന്നാൽ കേരകൃഷിയിൽ ഇതിന് ഒരു ചെറിയ പാഠഭേദമാകാമെന്ന് തോന്നുന്നു.

വണ്ടേ നീ തുലയുന്നു....
വിലയേറും കേരത്തെ രക്ഷിക്കുന്നിതേ....

*ഫോൺ 9446306909*


# ചരിത്രം തിരുത്തിയ സുഗന്ധവിളകൾ

**രചന: സുരേഷ് മുതുകുളം**
**പ്രസാധനം: ശ്രേഷ്ഠ ബുക്സ് തിരുവനന്തപുരം,**
**വില: 220 രൂപ,**
**പേജ് : 136**

1492 ലാണ് കൊളമ്പസ് സ്പെയിനിൽ നിന്നുയാത്ര തിരിക്കുന്നത്. 1492 ആഗസ്റ്റ് – 3ന് സാന്റാ മരിയ എന്ന കപ്പലിൽ.ദൃതസഞ്ചാരികളായ രണ്ടു ചെറിയ കപ്പലുകളും യാത്രയ്ക്കുണ്ടായിരുന്നു. പിന്റയും നീനയും.കൊളമ്പസിന്റെ സംഘത്തിൽ ഏതാണ്ട് 90 ആളുകൾ ഉണ്ടായിരുന്നു.കമ്പിളി നെയ്ത്തുകാരുടെ കുടുംബത്തിലാണ് ജനിച്ചതെങ്കിലും കുട്ടിയായിരിക്കുമ്പോൾ തന്നെ കൊളമ്പസിന് കടൽ യാത്രകളോട് വലിയ കമ്പമായിരുന്നു. അങ്ങനെ ചെറുപ്പത്തിലെ സമർത്ഥനായ നാവികനായി കൊളമ്പസ് മാറി'. (ചരിത്രം തിരുത്തിയ സുഗന്ധവിളകൾ,അധ്യായം 20. തേടിയത് കുരുമുളക്, നേടയത് മുളക്, പേജ് 109).

ചരിത്രത്തില സംഭവബഹുലമായ ഒരു യാത്രയുടെ ആരംഭമാണ് മേൽ വർണിച്ചത്. സുഗന്ധവ്യഞ്ജനങ്ങൾ തേടിയുള്ള പാശ്ചാത്യരുടെ യാത്രകൾ എന്നും സാഹസികതകളുടെയും കീഴടക്കലുകളുടെയും ക്രൂരമായ കടലാക്രണങ്ങളുടെയും, പകവീട്ടലുകളുടെയും ചരിത്രമാണ്. അതിന്റെ രത്ന ചുരുക്കമാണ് പ്രമുഖ കാർഷിക മാധ്യമ പ്രവർത്തകനായ സുരേഷ് മുതുകുളത്തിന്റെ ഏറ്റവും പുതിയ പുസ്തകം ചരിത്രം തിരുത്തിയ സുഗന്ധവിളകൾ. സുഗന്ധ വ്യഞ്ജനങ്ങൾ തേടിയുള്ള യൂറോപ്യൻമാരുടെ യാത്രകളത്രയും തന്നെ ഇന്ത്യൻ തീരം ലക്ഷ്യമാക്കിയായിരുന്നു. കാരണം തിരിച്ചറിഞ്ഞ 109 സുഗന്ധവ്യഞ്ജനങ്ങളിൽ 60 ഉം ഇന്ത്യയിൽ വളരുന്നവയായിരുന്നു. ഇത്തരം ഒരു യാത്രയിലാണ് വാസ്കോഡി ഗാമ കേരളത്തിൽ എത്തിയത്. മലബാർ തീരത്തെ സുഗന്ധ വ്യഞ്ജന കുത്തക കയ്യടക്കാൻ വേണ്ടി നടത്തിയ ആക്രമണങ്ങളുടെയും മനുഷ്യക്കുരുതികളുടെയും സാക്ഷ്യമാണ് ഇത്. ഇവരുടെ വരവ് കേരളത്തിന്റെയും ഇന്ത്യയുടെയും രാഷ്ട്രീയ ചരിത്രം തന്നെ മാറ്റിക്കളഞ്ഞു. തുടർന്നു വന്ന നാലു നൂറ്റാണ്ട് ഇന്ത്യ യൂറോപ്യൻ സാമ്രാജ്യത്തിന്റെ അധിനിവേശവും ഉയർച്ച താഴ്ച്ചകളും കണ്ടു.

കുരുമുളകു മുതൽ കുങ്കുമപ്പൂവ് വരെയുള്ള മിക്കവാറും എല്ലാ സുഗന്ധ വ്യഞ്ജനങ്ങൾക്കുമുണ്ട് ഇത്തരത്തിൽ




സ്തോഭജനകവും കൗതുക കരവും ജിജ്ഞാസ ഉണർത്തുന്നതുമായ നിരവധി കഥകൾ. ആമുഖത്തിൽ ഗ്രന്ഥകർത്താവു തന്നെ കുറിച്ചിരിക്കുന്നു, യാത്രാ സൗകര്യങ്ങളും മറ്റും വളരെ പരിമിതമായിരുന്ന അക്കാലത്ത് ഏതുവിധേനെയും സുഗന്ധ വ്യഞ്ജനങ്ങൾ വളരുന്ന സ്ഥലങ്ങൾ കണ്ടെത്തണം എന്ന ദൃഢനിശ്ചയത്തോടെ മുന്നോട്ടു വന്ന സാഹസികരായ വ്യക്തികളെ ഭരണകൂടങ്ങൾ കയ്യയച്ച് പ്രോത്സാഹിപ്പിക്കാൻ തുടങ്ങി. എന്തു സാഹസം കാട്ടിയും അവയുടെ ഉറവിടം കണ്ടെത്തി അവിടെ അധികാരം സ്ഥാപിച്ച് കുത്തകയാക്കുക. എന്നതു മാത്രമായിരുന്നു ഭരണാധികാരികളുടെ ലക്ഷ്യം. ഇങ്ങനെ ചരിത്രത്തിൽ ഇടം നേടിയ പ്രമുഖരാണ് ക്രിസ്റ്റഫർ കൊളമ്പസ്, വാസ്കോ ഡെ ഗാമ, മെഗസ്തനീസ്, മാർക്കോ പോളോ തുടങ്ങിയ അതിസാഹസികരായ സഞ്ചാരികൾ.

ഇത്തരത്തിൽ സുന്ധവ്യഞ്ജനങ്ങളുമായി ബന്ധപ്പെട്ട അനേകം കഥകളും ഉപകഥകളാണ് 25 അധ്യായങ്ങളിലായി ശ്രീ. സുരേഷ് എഴുതിയിരിക്കുന്നത്. എങ്കിലും ചരിത്രം തുടിക്കുന്ന ഈ താളുകളിൽ പലതിന്റെയും വക്കുകളിൽ, എംപി പോളിന്റെ ഭാഷയിൽ പറഞ്ഞാൽ രക്തം പൊടിഞ്ഞിരിക്കുന്നു. കാരണം, സുഗന്ധ വ്യഞ്ജനങ്ങൾക്കു വേണ്ടി നടന്ന രക്തരൂഷിത പോരാട്ട കഥകളുടെ ആഖ്യാനമാണ് വായനക്കാരുടെ മുന്നിൽ ഈ താളുകളിലൂടെ അനാവൃതമാകുന്നത്. കഥകളിലൂടെ ചരിത്രം പറയുന്ന ആഖ്യാന ശൈലിയാണ് ഈ പുസ്തകത്തിൽ രചയിതാവ് സ്വീകരിച്ചിരിക്കുന്നത്. ഇതിൽ ചില കഥകൾ വായനക്കാരുടെ സവിശേഷ ശ്രദ്ധ ആകർഷിക്കുന്നുണ്ട്. ഉദാഹരണത്തിന് അധ്യായം 7 ( പേജ് 55) വാനിലയിൽ കൃത്രിമ പരാഗണം നടത്തുന്ന രീതി കണ്ടു പിടിച്ച അടിമ ബാലന്റെ കഥ ഹൃദയഭേദകം എന്നേ പറയേണ്ടൂ. സുഗന്ധവിളകളുടെ ചരിത്രത്തിലെ തന്നെ ഏറ്റവും സുപ്രധാന സംഭവമായിരുന്നു എഡ്മണ്ട് ആൽബിയസ് എന്ന 12 വയസുകാരന്റെ കണ്ടുപിടുത്തം. ആദരമോ അംഗീകാരമോ കിട്ടിയില്ല എന്നു മാത്രമല്ല, കറുത്ത വർഗ്ഗക്കാരനും അടിമയുമായ അവന് ഇത് ചെയ്യാൻ സാധിക്കില്ല എന്ന് എല്ലാവരും ഉറച്ചു വിശ്വസിച്ചു, അവന്റെ യജമാനൻ ഒഴികെ. ഒടുവിൽ നിർദ്ധനനായി ഒരു സർക്കാർ ആശുപത്രിയിൽ അദ്ദേഹം അന്തരിച്ചു. (പേജ് 59) അനാഥവും ദയനീയവുമായിരുന്നു ആൽബിയസിന്റെ അന്ത്യം. പുസ്തകത്തിലെ ഇത്തരം ചില കഥകൾ നമ്മുടെ കണ്ണുകളെ ഈറനണിയിക്കുകയും ചെയ്യുന്നു.

കുരുമുളകു തേടി ഇന്ത്യയിലേയ്ക്കു വന്ന കൊളമ്പസ് വഴി തെറ്റി അമേരിക്ക കണ്ടു പിടിച്ച കഥ, പോപ്പിചെടികളുടെ പൂക്കളിൽ നിന്നു തേൻ കുടിച്ച് തത്തകൾ മയങ്ങി വീഴുന്ന ഗ്രാമത്തിന്റെ കഥ, പാമ്പാടുംപാറയിലെ ഇഞ്ചക്കാടുകൾ വെട്ടിത്തെളിച്ച് ജോസഫ് മർഫി എന്ന ഐറീഷുകാരൻ സായിപ്പ് 1300 ഏക്കറിൽ ഏലത്തോട്ടം വച്ചുപിടിപ്പിച്ച കഥ. അങ്ങനെ കഥകളെത്രയെത്ര.

കെട്ടിലും മട്ടിലും മനോഹരമെന്നേ പുസ്തകത്തെ കുറിച്ച് പറയാനാവൂ. പൗരാണികതയുടെ അനുഭൂതി ജനിപ്പിക്കുന്നതാണ് കവർചിത്രീകരണം പോലും.ചരിത്ര കുതുകികൾക്ക് എന്ന പോലെ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രയോജനപ്പെടുന്ന പുസ്തകം. ചരിത്രത്തിൽ പലയിടത്തായി ചിതറികിടക്കുന്ന ചരിത്രസംഭവങ്ങളെ ഒരു പുസ്തകത്തിലേയ്ക്ക് സമാഹരിച്ചിരിക്കുകയാണ് ഈ പുസ്തകത്തിലൂടെ ശ്രീ. സുരേഷ് ചെയ്തിരിക്കുന്നത് എന്നു കൂടി പറയട്ടെ.. ■



## മുഖമൊഴി

രാജ്യമെങ്ങും ദീപാവലി ആഘോഷങ്ങളുടെ ആഹ്ലാദ തിമിർപ്പിലായിരുന്നു കഴിഞ്ഞ ദിനങ്ങൾ. തമസോമ ജ്യോതിർഗമയ എന്നതാണ് ആർഷ ഭാരത മന്ത്രം. ഓരോ ഭാരതീയന്റെയും പ്രാർത്ഥ നയാണ് അത്. ഇരുളിൽ നിന്നു പ്രകാശത്തിലേ യ്ക്ക് നയിക്കണമെ എന്ന്. സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികം കഴിഞ്ഞിട്ടും അജ്ഞതയുടെ, ദാരിദ്ര്യത്തിന്റെ, വിഭാഗിയതയു ടെ, വിദ്വേഷത്തിന്റെ എല്ലാം അന്ധകാരത്തിൽ നിന്ന് സമൂഹ മനസ് ഇന്നും പൂർണമായി മോ ചിതമായിട്ടില്ല. അതിൽ നിന്ന് ഒരു മോചനമാണ് ദീപാവലിയുടെ സന്ദേശം.

ദീപാവലി ഒരു പ്രതീകം മാത്രമാണ്. രവീന്ദ്ര നാഥ ടാഗോറിന്റെ ഒരു പ്രാർത്ഥനയുണ്ട് ഗീതാ ഞ്ജലിയിൽ ........ആ മുക്തിതൻ സ്വർഗരാജ്യത്തി ലേയ്ക്ക്. എന്റെ നാടിനെ ഉണർത്തണമെ എന്ന്. എവിടെ മനസ് നിർഭയമാകുന്നുവോ, എവിടെ ജ്ഞാനം സ്വതന്ത്രമായിരിക്കുന്നുവോ എന്ന് ആരംഭിക്കുന്ന 34-ാം ഗീതകത്തിലാണ് മഹാക വിയുടെ ഈ പ്രാർത്ഥന.



കവിത

## കേര സംരക്ഷണ മേള

കെ. വി. രാധാകൃഷ്ണൻ, രാമമംഗലം

കാലവർഷത്തിനുമുൻപേ പതിവുപോൽ
കേര സംരംക്ഷണ മേളയ്ക്കൊരുക്കമായ്
ഉത്ഘാടന ചടങ്ങേറെ ശ്രദ്ധേയമായ്
ഉത്സാഹപൂർവ്വമണിനിരന്നേവരും.

നാളികേരത്തിന്റെ ലഭ്യത കൂട്ടുവാൻ
നാനാതരത്തിലുമുണ്ടായി നിർദ്ദേശം
നാട്ടറിവും, പിന്നെ നൂതന ശൈലികൾ
കേട്ടറിഞ്ഞു ജനം സന്തുഷ്ടരായല്ലോ.

തിങ്ങും സദസ്സിലെ തീരുമാനങ്ങൾക്കും
എങ്ങു നിന്നും കിട്ടി നല്ല പ്രോത്സാഹനം
രോഗ പ്രതിരോധ മാർഗ്ഗം വിവരിക്കും
ലേഖകളെല്ലാം വിതരണവും ചെയ്തു.

തെങ്ങിൻ തൈ ധാരാളമുണ്ടതിൽ കാര്യമായ്
സങ്കരവർഗ്ഗത്തിനേറെ പ്രിയം കിട്ടി
മറ്റുള്ള തൈകളും കാണാം സുലഭമായ്
മത്സരിച്ചെത്തി മറുനാടൻ തൈകളും.

വേറൊരിടത്തായി കേര വിഭവങ്ങൾ
നീരയോടൊപ്പമിളനീരു മുൾക്കാമ്പും
മേള പ്രതീക്ഷിച്ച പോലെ വിജയമായ്
കേര സംരക്ഷണമേറ്റെടുത്തേവരും.

നാടകം

# കേര കേരളം

ഡോ. നെത്തല്ലൂർ ഹരികൃഷ്ണൻ

രംഗം 2

പകൽ

രംഗം ഒരു നാളികേരത്തോപ്പാണ്. തെങ്ങിന്റെ താഴ്ഭാഗം കാണുന്നതുപോലെ മോഡലുകൾ സ്റ്റേജിൽ ഉണ്ടാകണം. പശ്ചാത്തലത്തിൽ നിരന്ന് നിൽക്കുന്ന തെങ്ങുകൾ. അവിടെ എത്തുന്ന ലക്ഷ്മിയും കൂട്ടുകാരായ അനന്തുവും ലിസിയും. ലക്ഷ്മി അവിടെ വന്ന് ചുറ്റുപാടും നോക്കുന്നു. പിന്നീട് ദൂരേക്ക് നോക്കുന്നതായി കൈതലയിൽ വെച്ച് ശ്രദ്ധിക്കുന്നു.

ലിസി : അല്ല, ലക്ഷ്മി നീയെന്താ നോക്കുന്നത്. നിന്റെ ഈ തെങ്ങിൻ തോപ്പിൽ ആരെയൊ തിരയുന്നുണ്ടല്ലോ.

അനന്തു : അതെ, അതെ – ഞാനുമതാ ശ്രദ്ധിക്കുന്നത്. ലക്ഷ്മി ആരെയോ നോക്കുന്നുണ്ടല്ലോ.

ലക്ഷ്മി : മറ്റാരെയാ കൂട്ടുകാരെ, എന്റെ വല്ല്യച്ഛനെ തന്നെ. രാവിലെ ഇവിടേക്ക് വന്നതാ. അമ്മ നല്ല കപ്പയും കഞ്ഞിയും ഒരുക്കി വച്ചിട്ട് കുറെ സമയമായി. തെങ്ങിന് തടമെടുക്കണമെന്ന് പറഞ്ഞ് പുലർച്ചെ ഇവിടേക്ക് തിരിച്ചതാ..... എവിടാണാവോ....

അനന്തു : നീയൊന്ന് ഉറക്കെ വിളിച്ചേ....

ലക്ഷ്മി : അതു ശരിയാ, ഒന്നു വിളിച്ചു നോക്കാം.

(എന്നു പറഞ്ഞിട്ട് ഉച്ചത്തിൽ അവിടെ നിന്ന് വിളിക്കുന്നു)

ലക്ഷ്മി : വല്ല്യച്ഛോ..... എവിടാ... പോയ്....

(വീണ്ടും ഒന്നൂടെ വിളിക്കുന്നു. അപ്പോൾ മുകളിൽ നിന്ന് വാസു വിളി കേൾക്കുന്നു. അദ്ദേഹം ഒരു തെങ്ങിന്റെ മുകളിൽ ഉണ്ടായിരുന്നു.)

വാസു : ഹോയ്.... ഇവിടുണ്ടേ....

ഈ തെങ്ങിന്റെ മുകളിലേക്ക് നോക്കിക്കേ...

(അവരെല്ലാം മുകളിലേക്ക് നോക്കുന്നു.)

ലക്ഷ്മി : ആഹാ ഇവിടിരിക്കുകയാണോ, കൊള്ളാമല്ലോ, ഞങ്ങളെവിടെല്ലാം തിരഞ്ഞു.

വാസു : (ശബ്ദം മാത്രം) ഞാൻ കരിക്കിടാൻ കേറിയതാ, നിങ്ങൾക്കുവേണോ, കരിക്ക്.

അനന്തു : വേണം, വേണം നല്ല മധുരമുള്ള കരിക്ക് തന്നെ വേണം.

വാസു (ശബ്ദം): അതിനെന്താ ഇട്ടു തരാമല്ലൊ

ലക്ഷ്മി : എന്നാൽ വേഗം ഇട്ടിട്ട് ഇറങ്ങിക്കോ. അമ്മയവിടെ കഞ്ഞിയുമായി കാത്തിരിക്കാൻ തുടങ്ങിയിട്ട് നേരം അധികമായി.

വാസു : ഇതാ വരുന്നു ലക്ഷ്മി മോളേ....

(വാസുവിന്റെ ശബ്ദം ഉച്ചസ്ഥായിയിൽ കേൾക്കണം.)

സ്റ്റേജിൽ കാണിച്ചിരിക്കുന്നു തെങ്ങിന്റെ ഒരു മോഡലിന്റെ പിന്നിൽ നിന്ന് അരയിലും തോളിലും കരിക്ക് തിരുകി വാസു ഇറങ്ങി വരുന്നു. കയ്യിൽ വാക്കത്തിയുമുണ്ട്.)

വാസു : എന്റെ മക്കൾ ഒത്തിരി നേരമായോ വന്നിട്ട് വല്യച്ചൻ കണ്ടില്ല കേട്ടോ.

ലക്ഷ്മി : കുറച്ചു നേരമായി അതു പോട്ടെ, കരിക്ക് കുടിക്കാൻ ഞങ്ങൾ കൊതിച്ചു നിൽക്കയാ... വേഗമൊന്ന് ചെത്തി ഒരുക്കി തന്നെ വല്ല്യച്ഛാ....

വാസു : ദാ ഇപ്പംതന്നെ തരാമല്ലോ....

(വാസു കയ്യിൽ കരുതിയ വാക്കത്തി ഉപയോഗിച്ച് കരിക്കിന്റെ മുകൾ ഭാഗം ചെത്തുന്നു. ഓരോന്നും ചെത്തി മൂന്നു പേർക്കുമായി നൽകുന്നു. കരിക്ക് ചെത്തുമ്പോൾ ഹൃദയഹാരിയായ സംഗീതത്തിന്റെ അലമൊഴി കേൾക്കണം) കുട്ടികൾ കരിക്ക് കുടിക്കുന്നു. അതിന്റെ രുചി ആസ്വദിക്കുന്നു.



ലിസി : ഹായ് എന്തു നല്ല മധുരമാ.... ഇത്രയും മധുരമുള്ള കരിക്കിൻ വെള്ളം ഞാൻ കുടിച്ചിട്ടില്ല.

അനന്തു : അതു ശരിയാ.... ഈ കരിക്കു കുടിച്ചപ്പോൾ ക്ഷീണമെല്ലാം മാറി. നല്ല ഉന്മേഷം., ഇന്നാളിൽ കരിക്ക് കുടിക്കാൻ ഞാൻ കൊതി പറഞ്ഞപ്പോൾ അച്ഛൻ സിറ്റിയിൽ നിന്ന് കരിക്ക് കൊണ്ടു തന്നു. ദേ, ഈ കരിക്കിന്റെ അടുത്തു പോലും വരില്ല അതിന്റെ രുചി. അത് വാട്ടവെള്ളം പോലെയാ എനിക്കു തോന്നിയത്.

ലക്ഷ്മി : അതെ അനന്തു, നമ്മുടെ തോപ്പിൽ വല്ല്യച്ഛൻ വെളുപ്പിന് 5 മുതൽ തെങ്ങിനെ ശുശ്രൂഷിച്ചുകൊണ്ടു ഇവിടെ തന്നെ കാണും. വെള്ളം നനച്ചും, വളം ചേർത്തും എല്ലാത്തിലുമുപരി സ്വന്തം മക്കളേക്കാൾ കാര്യമായി സ്നേഹിച്ചും തെങ്ങച്ഛനായി ഞ്ങ്ങടെയീ വല്യച്ഛൻ മാറുകയല്ലെ. അപ്പോൾ ആ മനസ്സിന്റെ നന്മ രുചിയായി കരിക്കിലും തേങ്ങയിലുമൊക്കെ കാണില്ലെ.

വാസു : മക്കളെ തെങ്ങ് എന്റെ ജീവനാ.... അപ്പനപ്പൂപ്പൻമാർ തൊട്ടേ തുടങ്ങി വച്ച പാരമ്പര്യമാ അത്. ഈ ഭൂമിയും അന്നം തരുന്ന മണ്ണും പ്രാണനൊളിപ്പിച്ചു വെച്ചിരിക്കുന്ന ഈ മരങ്ങളും ഞങ്ങളാരും നശിപ്പിച്ചിട്ടില്ല. നശിപ്പിക്കുകയുമില്ല. ഇവയൊക്കെ നശിപ്പിക്കുമ്പോഴാണ് നമ്മളും നശിക്കുന്നത്, മാറാ ദുരിതങ്ങളും പ്രകൃതി ദുരന്തങ്ങളും ഉണ്ടാകുന്നത്.

ലിസി : ശരിയാ വല്യച്ഛൻ പറയുന്നത്. കാലാവസ്ഥയും മഴയുമൊക്കെ മാറി മറിഞ്ഞില്ലെ.

എല്ലാം തകിടം മറിയുന്നു. പണ്ടൊക്കെ ജൂൺ മാസത്തിൽ മഴ നനഞ്ഞ് റോഡിലെ വെള്ളം തെറിപ്പിച്ച് എന്തു രസമായിരുന്നു നമ്മുടെ സ്കൂളിൽ പോക്ക്....

ലക്ഷ്മി : അതെ അതെ, ഇപ്പോൾ ആ സമയത്ത് മഴയേ ഇല്ലല്ലോ....

ലിസി : വല്യച്ഛാ ഈ പൊങ്ങ് എപ്പോഴാ തെങ്ങിലുണ്ടാവുക.

വാസു : മോളെ, അത് കുറെ നാൾ തേങ്ങ കിടന്ന് പഴകുമ്പോഴാണ് ഉണ്ടാകുന്നത്. മോള് കഴിച്ചിട്ടില്ലേ.

ലിസി : ഉണ്ട്, ഉണ്ട് കട്ടപ്പനയിൽ അമ്മ വീട്ടിൽ പോയപ്പോൾ അമ്മാമ്മ തന്നിട്ടുണ്ട്. എന്തു രുചിയാ..ഇപ്പോഴും നാവിൻ തുമ്പിൽ അതിന്റെ മധുരമുണ്ട്.

ലക്ഷ്മി: മധുരം മാത്രമല്ല ലിസി മോളെ, നമുക്ക് വേണ്ട പോഷകങ്ങളും വിറ്റാമിൻസുമെല്ലാം അതിലുണ്ട്. ജീവകങ്ങളായ ബി 1, ബി 2, ബി3, ബി 6 എന്നിവ വലിയ അളവിൽ പൊങ്ങിലുണ്ട്. മാത്രമല്ല പൊട്ടാസ്യം, മഗ്നീഷ്യം, സെലീനിയം എന്നിവയും ചേരുന്നുണ്ട്.

അനന്തു : പൊങ്ങിന് മറ്റ് ഗുണങ്ങളെന്തൊക്കെയാണ് ചേച്ചി

ലക്ഷ്മി : നമുക്ക് രോഗ പ്രതിരോധശേഷി നൽകാൻ പൊങ്ങിന് കഴിയും. പെട്ടെന്ന് ചിലർക്ക് പ്രായമായതായി തോന്നാറില്ലേ, അതൊഴിവാക്കാനും ശരീരത്തിന്റെ പൊണ്ണത്തടി കുറയ്ക്കാനുമൊക്കെ പൊങ്ങിന് കഴിയുന്നുണ്ട്. തൈറോയ്ഡ്, ഷുഗർ തുടങ്ങിയ പല അസുഖങ്ങൾക്കും നമുക്കൊരു നാട്ടു മരുന്നാണ്.

വാസു : അതെ, അതെ, തെങ്ങ് ചതിക്കില്ലെന്ന് മക്കൾ കേട്ടിട്ടില്ലെ. തെങ്ങ് വളർത്തിയാൽ അതിന്റെ എല്ലാ ഭാഗങ്ങളും ഒരു പോലെ മനുഷ്യന് സഹായകമേകുന്നതാണ്. അതിന്റെ വേരു മുതൽ ഓല വരെ മനുഷ്യന് ഉപകരിക്കും. നമ്മൾ സ്നേഹിച്ചാൽ നമ്മളെ ഇരട്ടി സ്നേഹിക്കും തെങ്ങ്.

ലക്ഷ്മി : അതെ അതെ... ഇപ്പോ, വല്യച്ഛൻ വീട്ടിൽ ചെന്ന് കഞ്ഞി കുടിച്ചാട്ടെ. അമ്മ എത്ര നേരമായി നോക്കിയിരിക്കുന്നു.

വാസു : എന്നാലങ്ങനാവട്ടെ, ഞാൻ വീട്ടിലേക്ക് പോകാം, ലക്ഷ്മി മോളേ, നീ നിന്റെ കൂട്ടുകാരെ കൊണ്ട് ഇവിടുത്തെ കൃഷി സ്ഥലമെല്ലാം നോക്കി കണ്ടു പതുക്കെ അങ്ങ് വന്നാ മതി. ഇവർക്കറിയാത്തതെല്ലാം പറഞ്ഞു കൊടുക്കണം.

ലക്ഷ്മി : ശരി വല്യച്ഛാ..

അനന്തു : നമുക്കിതെല്ലാം ഇപ്പോൾ തന്നെ നടന്നു കാണണം. ഈ പച്ചപ്പും തണലും, ഹാ എന്തു രസം. കിളികളുടെ ശബ്ദം കേട്ടില്ലേ.... ഹാ ... ഹാ....

ലക്ഷ്മി : ശരി, ശരി.... നമുക്കെല്ലാം ഇവിടെ ചുറ്റി നടന്ന് കാണാം, വരൂ....

(വാസു, അതുകേട്ട് സന്തോഷത്തോടെ ചിരിച്ച് അവിടെ നിന്നും അകന്നു മാറുന്നു. കുട്ടികൾ നടക്കുന്നു.) ■

## വരിസംഖ്യ ഇനി മുതൽ ഓൺലൈനിലും അടയ്ക്കാം

ഇന്ത്യൻ നാളികേര ജേണൽ വരിസംഖ്യ ഇനി മുതൽ ഓൺലൈനിലും അടയ്ക്കാം.

നാളികേര വികസന ബോർഡിന്റെ മുഖപത്രമായ ഇന്ത്യൻ നാളികേര ജേണലിന്റെ വരിസംഖ്യ അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം നിലവിൽ വന്നു. പുതിയ വരിക്കാർക്ക് ഓൺലൈനായി പണം അടയ്ക്കാം. നിലവിലുള്ള വരിക്കാർക്ക് ഇതേ സംവിധാനത്തിലൂടെ വരിസംഖ്യ പുതുക്കാവുന്നതുമാണ്. ഇതിനായി ബോർഡിന്റെ വെബ്സൈറ്റ് സന്ദർശിക്കുക.*
https://www.coconutboard.in/journalsubscription/home.aspx

**State Bank of India, Iyyattil Junction, Account Number :61124170321, IFSC : SBIN 0031449** എന്ന അക്കൗണ്ടു വഴിയും DD, NEFT, BHIM, PhonePe, GooglePay, PayTm എന്നീ സംവിധാനങ്ങളിലൂടെയും വരിസംഖ്യ തുക അയക്കാവുന്നതാണ്.

**തുക അയച്ച ശേഷം മുകളിൽ കൊടുത്തിരിക്കുന്ന ലിങ്ക് തുറന്ന് നിങ്ങളുടെ വിശദാംശങ്ങൾ അതിൽ അപ്‌ലോഡ് ചെയ്യുക.*

| വരിസംഖ്യ | | |
|---|---|---|
| *വ്യക്തികൾക്ക്* | | |
| ഇന്ത്യൻ നാളികേര ജേണൽ | 40.00 രൂപ(1 വർഷം) | 1000 (*ആയുഷ്കാലം) |
| ഇന്ത്യൻ കോക്കനട്ട് ജേണൽ | 60.00 രൂപ(1 വർഷം) | 1600 (*ആയുഷ്കാലം) |
| ഭാരതീയ നാരിയൽ പത്രിക | 40.00 രൂപ(1 വർഷം) | 1000 (*ആയുഷ്കാലം) |
| *സ്ഥാപനങ്ങൾ ലൈബ്രറികൾ* | | |
| ഇന്ത്യൻ കോക്കനട്ട് ജേണൽ | 200.00 രൂപ(1 വർഷം) | 5000 (*ആയുഷ്കാലം) |
| | | *30 വർഷം |



# തെങ്ങും പഴഞ്ചൊല്ലുകളും

ചേപ്പാട് ഭാസ്ക്കരൻ നായർ

കേരളത്തിന്റെ ഔദ്യോഗിക വൃക്ഷമായ തെങ്ങ്, എത്രയോ നൂറ്റാണ്ടുകളായി നാടിന് ചാരുത നൽകി കൊണ്ട് നമ്മുടെ നാട്ടിൽ വളരുന്നു. കേരളത്തിന്റെ പ്രകൃതി ഭംഗിക്കു മാറ്റു കൂട്ടുന്ന ഈ കൽപവൃക്ഷത്തെ മലയാളികൾ എന്നും നെഞ്ചോടു ചേർത്ത് വളർത്തി വന്നിരുന്നു. ഒരുകാലത്ത് കേരളത്തിലെ മിക്ക കുടുംബങ്ങളുടേയും നിലനിൽപ് തെങ്ങിൽ നിന്നു കിട്ടിക്കൊണ്ടിരുന്ന വരുമാനമായിരുന്നു. കേരളത്തിലെ പ്രധാന കൃഷിയായി തെങ്ങു കൃഷി മാറിയതും ചരിത്രത്തിന്റെ ഭാഗമാണ്.

തെക്കു കിഴക്കൻ ഏഷ്യാ ഭൂഖണ്ഡത്തിലാണ് തെങ്ങിന്റെ ഉത്ഭവമെന്ന വിശ്വാസത്തിനാണ് ഇപ്പോൾ ഏറെ പിൻബലമുള്ളത്. സമുദ്രത്തിൽ കൂടിയാണ് ലോകത്തിലെ മറ്റു പ്രദേശങ്ങളിൽ തെങ്ങിന്റെ വിത്തു വ്യാപനം ഉണ്ടായതെന്ന് വിശ്വസിക്കപ്പെടുന്നു.

പുരാതന കാലം മുതൽ ഇന്ത്യയിൽ തെങ്ങു കൃഷി നിലനിന്നിരുന്നു എന്നതിന് ഒട്ടേറെ തെളിവുകൾ ഉണ്ട്. നമ്മുടെ പുരാണങ്ങളിൽ പലതിലും തെങ്ങിനെപ്പറ്റി പരാമർശമുണ്ട്. മഹാഭാരതം, രാമായണം, എന്നീ ഗ്രന്ഥങ്ങളിലും വിഷ്ണു പുരാണം, മത്സ്യ പുരാണം, മാർക്കണ്ഡേയ പുരാണം ബ്രഹ്മ പുരാണം എന്നിവയിലും തെങ്ങ് പരാമർശിക്കപ്പെടുന്നു. കൂടാതെ പുരാതന തമിഴ് കൃതികളിലും തെങ്ങിനെപ്പറ്റിയുള്ള സൂചനകൾ കാണാം.

കേരളത്തിന് ആ പേരു ലഭിച്ചതു തന്നെ കേര വൃക്ഷത്തിൽ നിന്നാണെന്ന വിശ്വാസം പ്രബലമാണ്. പുരാതന കാലം മുതൽ കേരളീയർ നട്ടു വളർത്തി വന്നിരുന്ന തെങ്ങ് ജനജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിരുന്നു എന്നതിന്, നമ്മുടെ ഭാഷയിലെ പഴഞ്ചൊല്ലുകൾ തന്നെ മികച്ച ഉദാഹരണമാണ്. കേരളത്തിലെ സ്ഥല നാമങ്ങളിൽ പോലും തെങ്ങ് കടന്നു വന്നിട്ടുണ്ട്. അഞ്ചു തെങ്ങ്, ആയിരം തെങ്ങ് എന്നീ പ്രദേശങ്ങൾ കയർ വ്യവസായവുമായി ബന്ധപ്പെട്ടവയത്രേ. തെങ്ങേലി, തെങ്ങണ തുടങ്ങിയ സ്ഥലനാമങ്ങളും എടുത്തു പറയേണ്ടിയിരിക്കുന്നു. തമിഴ്നാട്ടിൽ തേങ്ങാപ്പട്ടണം എന്ന പേരിൽ സ്ഥലം തന്നെയുണ്ട്.

## പഴഞ്ചൊല്ലുകൾ

തെങ്ങിനെപ്പറ്റി പ്രതിപാദിക്കുന്ന ഒട്ടേറെ പഴഞ്ചൊല്ലുകൾ മലയാള ഭാഷയിലുണ്ട്. ഇവയെല്ലാം കേരളീയരുടെ സൂക്ഷ്മ നിരീക്ഷണത്തിലൂടെ രൂപമെടുത്തവയാണ്. മഹാകവി ഉള്ളൂർ, പി. കുഞ്ഞിരാമൻ നായർ, ഡി. ശ്രീമാൻ നമ്പൂതിരി, കുഞ്ഞുണ്ണി, ഏവൂർ പരമേശ്വരൻ തുടങ്ങി ഒട്ടേറെ കവികൾ തെങ്ങിനെപ്പറ്റി കവിതകൾ രചിച്ചിട്ടുണ്ട്.

നിത്യ ജീവിതത്തിൽ തേങ്ങാ ചേരാത്ത കറികൾ മലയാളികൾക്ക് കുറവാണ്. നാളികേരം ദേവ പൂജകൾക്കും, ഹോമക്രിയകൾക്കും, പിതൃപൂജകൾക്കും ഒഴിച്ചു കൂടാൻ പാടില്ലാത്ത വസ്തുവാണ്. തെങ്ങിനെയും തേങ്ങയേയും മറന്നുള്ള ഒരു ജീവിതം മലയാളികൾക്കില്ല. ഉഷ്ണകാലത്ത് ദാഹശമനത്തിന് ഇളനീരിനെ ജയിക്കാൻ മറ്റൊരു പാനീയമില്ല. വെളിച്ചെണ്ണ ചേർന്നുള്ള ആയുർവ്വേദ ഔഷധങ്ങൾ വളരെയേറെയുണ്ട്. പണ്ടുകാലത്ത് വീടുകളിൽ വിളക്കു കത്തിച്ചിരുന്നത് വെളിച്ചെണ്ണ കൊണ്ടാണ്. വെളിച്ചെണ്ണ പദത്തിലെ വെളിച്ചം എന്ന പ്രയോഗവും ശ്രദ്ധേയമാണ്.

പണ്ട് നമ്മുടെ ഗ്രാമങ്ങളിൽ പാവപ്പെട്ടവരുടെ വാസസ്ഥലം കുടിൽ നിർമ്മിച്ചിരുന്നത് തെങ്ങിൻ തടിയും തെങ്ങോലകളും കൊണ്ടായിരുന്നു എന്ന വസ്തുത ഓർക്കേണ്ടതാണ്.

കേര വൃക്ഷം പോലെ അടി മുടി പ്രയോജനമുള്ള മറ്റൊരു വൃക്ഷവും കേരളത്തിലില്ല. തെങ്ങിന് ഒട്ടേറെ പര്യായങ്ങളുണ്ട്. അതിൽ കേരവൃക്ഷം എന്ന പേരാണ് ഏറെ പ്രശസ്തം. തേങ്ങയ്ക്ക് ലാംഗലി, നാളികേരം, നാരികേരം, നാരികേളം, രസഫലം, സുതുംഗം, ദൃഢനീലം എന്നീ പേരുകൾ ഉണ്ട്. തെങ്ങിന് നീല തരു, കൂർച്ച ശേഖരം, തൃണരാജൻ, സ്കന്ദ തരു എന്നീ പേരുകളുമുണ്ട്. ഹിന്ദിയിൽ നാരിയൽ, തമിഴിൽ തന്നൈ മരം, സംസ്കൃതത്തിൽ നാളികേരം, എന്നും പറയുമ്പോൾ ഇംഗ്ലീഷിൽ coconut palm എന്നാണ് അറിയപ്പെടുന്നത്.

*1. തെങ്ങുള്ള നാട്ടിൽകൂടി തേങ്ങാ കൊണ്ടു പോകരുതോ?*
*2. തേങ്ങാപത്തരച്ചാലും താളല്ലേ കറി*
*3. ആരാന്റെ നാളികേരമെടുത്ത് ഗണപതിക്ക് അടിക്കുക.*
*4. ആയിരം തെങ്ങുള്ള നായർക്ക് പല്ലിടകുത്താൻ ഈർക്കിലിയില്ല.*
*5. എള്ളു ചോരുന്നതറിയും തേങ്ങ ചോരുന്നതറിയില്ല.*
*6. തെങ്ങ് ചതിക്കില്ല*
*7. തെങ്ങിനും കമുകിനും തളപ്പ് ഒന്നല്ല.*
*8. അഞ്ചാമാണ്ടിൽ തേങ്ങ, പത്താമാണ്ടിൽ പാക്ക്*
*9. ഓലപ്പുരയ്ക്കും ഓടിൻ പുരയ്ക്കും സ്ഥാനം ഒന്നുതന്നെ.*
*10. ഓലപ്പുരമേലിരുന്ന് ചൂട്ടു കത്തിക്കരുത്.*
*11. കുലയറ്റാൽ മടലിനു താങ്ങാനാവില്ല.*
*12. കുലയോടെ പേടായി.*
*13. തേങ്ങായുണങ്ങിയാൽ പിണ്ണാക്ക് എള്ളുണങ്ങിയാൽ എണ്ണ*
*14. കുലയായിട്ടും, കൊപ്രയായിട്ടും താമരശേരിക്കു കരിക്കില്ല.*
*15. നല്ല തെങ്ങിന് നാൽപതു മടല്*
*16. ചിരട്ടയിൽ വെള്ളം ഉറുമ്പിനു സമുദ്രം*
*17. തെങ്ങടിച്ചാൽ പനവീഴും*
*18. ഉപ്പു ചിരട്ട കൂടി വിറ്റു*
*19. തേങ്ങാ വച്ചു തഴുകിയ പോലെ*
*20. നാളികേര ചാക്കിൽ കടുകു പെട്ടതു പോലെ*
*21. ആയിട്ടല്ല, തേങ്ങയ്ക്കുള്ള മോഹം കൊണ്ടാ*
*22. ആയെങ്കിൽ ആയിരം തെങ്ങ് പോയെങ്കിൽ ആയിരം തേങ്ങ*
*23. കയ്യാലപ്പുറത്തെ തേങ്ങാ പോലെ അങ്ങോട്ടും ഇങ്ങോട്ടും ഉരുളുക.*
*24. കൽപവൃക്ഷമാണേലും പുരയ്ക്ക് മുകളിൽ ചാഞ്ഞാൽ മുറിയ്ക്കണം.*
*25. തെങ്ങിലെ വെള്ളം ചങ്കിലെ ചെന്നാൽ ചങ്കരനായും ചിങ്കു കളിക്കും.*
*26. നാൽപതുമടലും ദ്വാദശ കുലയും തെങ്ങിന് തേങ്ങാപ്പിണ്ണാക്കിന് പ്രായം വലുതാക്കേണ്ട*
*27. മോങ്ങാനിരിക്കുന്ന നായയുടെ തലയിൽ തേങ്ങാ വീഴുക.*
*29. ആയിരം കാര്യങ്ങൾക്കുള്ള മരം.*
*30. തൊഴിലൊന്നുമില്ലെങ്കിൽ തെങ്ങേൽക്കേറി കൈ വിട്*
*31. മക്കത്തു പോയാൽ പൊതിയാ തേങ്ങയോളം പൊന്ന്*
*32. ഓലപ്പുരയുള്ളോന് തീപ്പെട്ടിയുണ്ടാകും.*

പ്രാദേശികമായി പ്രചാരത്തിലുള്ള പഴഞ്ചൊല്ലുകൾ ഇനിയും ഉണ്ടാകും. അവ തേടിപ്പിടിപ്പിക്കുന്നതു നന്ന്. ■

# ലോക നാളികേര ദിനം ആഘോഷിച്ചു




തമിഴ്നാട് കാർഷിക സർവകലാശാലയുടെ കോയമ്പത്തൂരിലെ സുഗന്ധ തോട്ടവിള വിഭാഗത്തിൽ 2022 സെപ്റ്റംബർ 2 ന് ലോക നാളികേര ദിനത്തോടനുബന്ധിച്ച് നാളികേര നഴ്സറി ഫാമിൽ നാളികേര തൈ നടീലും മറ്റ് പരിപാടികളും നടത്തി. തുടർന്ന് ഇ – ലേണിങ് ഹാളിൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വേണ്ടി പ്രത്യേക പ്രഭാഷണവും നടന്നു.

കായംകുളം തോട്ടവിള ഗവേഷണ കേന്ദ്രം പ്രിൻസിപ്പൽ സയന്റിസ്റ്റും കോളജിലെ പൂർവവിദ്യാർത്ഥിയുമായ ഡോ. റെജി ജേക്കബ് തോമസ് ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു. രോഗപ്രതിരോധ ശേഷിയുള്ള തെങ്ങിൻ തൈകളുടെ ഉൽപാദനം എന്ന വിഷയത്തെ കുറിച്ച് ഡോ. റെജി മുഖ്യ പ്രഭാഷണം നടത്തുകയും ഈ മേഖലയിലെ തന്റെ അനുഭവങ്ങൾ പങ്കു വയ്ക്കുകയും ചെയ്തു.

ഹോർട്ടിക്കൾച്ചർ കോളജ് ഡീൻ ഡോ. ഐറിൻ വേദമണി നാളികേര ദിനാഘോഷ പരിപാടി ഉദ്ഘാടനം ചെയ്തു. പ്ലാന്റ് മോളിക്യൂളാർ ബയോളജി കേന്ദ്രം ഡയറക്ടർ ഡോഡോ. എൻ സെന്തിൽ ആശംസകൾ നേർന്നു. സുഗന്ധ, തോട്ടവിള വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. എസ് മരുതാസലം മുഖ്യാതിഥിയെ സദസിനു പരിചയപ്പെടുത്തി. സുഗന്ധ, നാളികേര കൃഷിയും വിളവെടുപ്പാനന്തര സാങ്കേതിക വിദ്യകളും ( തമിഴ്) എന്ന പുസ്തകത്തിന്റെ പ്രകാശനവും തദവസരത്തിൽ നടന്നു. ഡോ. ബി സെന്തമിഴ് സെൽവി പരിപാടികൾക്ക് നേതൃത്വം നൽകി. തോട്ടവിള വിഭാഗം മേധാവി ഡോ. കെ വെങ്കിടേശൻ, സ്വാഗതവും ഡോ. എസ് വേൽമുരുഗൻ നന്ദിയും പറഞ്ഞു.





*സ്വച് ഭാരത് മിഷന്റെ ഭാഗമായി നാളികേര വികസന ബോർഡ് ജീവനക്കാർ കൊച്ചിയിലെ ആസ്ഥാന മന്ദിര പരിസരം ശുചിയാക്കുന്നു.*

# കായങ്കുളം സിപിസിആർഐയിൽ കൽപസംഗമം നടത്തി



സിപിസിആർഐ കായംകുളം പ്രാദേശിക കേന്ദ്രത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് സ്റ്റേഷനിലെ പൂർവകാല ഉദ്യോഗസ്ഥരുടെയും ശാസ്ത്രജ്ഞരുടെയും കൂട്ടായ്മ കൽപസംഗമം എന്ന പേരിൽ 2022 സെപ്റ്റംബർ 20 ന് കേന്ദ്രത്തിൽ നടന്നു. ഏകദേശം 250 പേർ സംഗമത്തിൽ പങ്കെടുത്തു. ഇതാദ്യമായാണ് ഒരു ഐസിഎആർ സ്ഥാപനത്തിൽ ഇത്തരം കൂടിച്ചേരൽ നടക്കുന്നത്. അവിട്ടം തിരുനാൾ ആദിത്യ വർമ്മ സംഗമം ഉദ്ഘാടനം ചെയ്തു. ഡോ. കെ മുരളീധരൻ, അധ്യക്ഷനായിരുന്നു. മുൻ മേധാവികളായ ഡോ. കെയുകെ നമ്പൂതിരി, ഡോ.ജോർജ് വി തോമസ്, ഡോ. പികെ കോശി, ഡോ.സിപിആർ നായർ, ഡോ.പിഎം ജേക്കബ്, ഡോ. മാത്യു ജോർജ് , ഡോ. വി കൃഷ്ണകുമാർ, ഡോ.എസ് കലാവതി തുടങ്ങിയവർ സംഗമത്തിനെത്തിയിരുന്നു.

കായംകുളം സ്റ്റേഷൻ മേധാവി ഡോ. പി അനിതാകുമാരി സ്വാഗതവും പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. റെജി ജേക്കബ് തോമസ് നന്ദിയും പറഞ്ഞു.

# മാതൃഭൂമിയുടെ പാലക്കാട് കാർഷിക മേളയിൽ നാളികേര വികസന ബോർഡ് പങ്കെടുത്തു






2022 ഒക്ടോബർ 7 മുതൽ 11 വരെ പാലക്കാട് ഇന്ദിരാ ഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിൽ നടന്ന മാതൃഭൂമി കാർഷിക മേള-2022 ൽ നാളികേര വികസന ബോർഡ് പങ്കെടുത്തു. സംസ്ഥാന കൃഷി മന്ത്രി ശ്രീ.കെ പ്രസാദ് മേളയുടെ ഉദ്ഘാടനം നിർവഹച്ചു. പ്രദർശന മേളയിൽ പങ്കെടുത്ത തൃശൂർ നാളികേര ഉൽപാദക കമ്പനി അവരുടെ നീരയും വിൽപനയ്ക്ക് കൊണ്ടു വന്നിരുന്നു. ഉദ്ഘാടനത്തിനു ശേഷം കൃഷി മന്ത്രി കമ്പനിയുടെ സ്റ്റാൾ സന്ദർശിക്കുകയും നീര ആസ്വദിക്കുകയും ചെയ്തു.

ബോർഡിന്റെ വിവിധ പ്രസിദ്ധീകരണങ്ങൾ ലഘുലേഖകൾ, നാളികേരത്തിന്റെ നന്മയെയും നടപ്പു വർഷത്തെ കർഷക ക്ഷേമ പദ്ധതികളെയും കുറിച്ചുള്ള പോസ്റ്ററുകൾ, വിർജിൻ കോക്കനട്ട് ഓയിൽ ഉൾപ്പെടെയുള്ള നാളികേരത്തിന്റെ വിവിധ മൂല്യ വർധിത ഉൽപ്പന്നങ്ങൾ എന്നിവയും സ്റ്റാളിൽ പ്രദർശിപ്പിച്ചിരുന്നു. കേര ടെക്, ദിനേശ് ഫുഡ്സ് തുടങ്ങിയ കമ്പനികളും അവരുടെ നാളികേര ഉൽപ്പന്നങ്ങളുമായി മേളയിൽ പങ്കെടുത്തു.

# അഗ്രി ഹോർട്ടി എക്സപോ 2022 ൽ ബോർഡ് പങ്കെടുത്തു

ഡൽഹിയിൽ പിതാമ്പുര ദില്ലി ഹാത്തിൽ 2022 ഒക്ടോബർ 14 മുതൽ 16 വരെ നടന്ന അഗ്രി ഹോർട്ടി എക്സ്പോ 2022 ൽ നാളികേര വികസന ബോർഡ് പങ്കെടുത്തു. നാളികേരത്തിന്റെ നിരവധി പുതിയ മൂല്യ വർധിത ഉൽപ്പന്നങ്ങളും, നാളികേരത്തെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ലഘുലേഖകളും പോസ്റ്ററുകളും ബോർഡിന്റെ വിവിധ പ്രസിദ്ധീകരണങ്ങളും സന്ദർശകർക്കായി പ്രദർശിപ്പിച്ചിരുന്നു. എൻ എൻഎസ് എക്സിബിഷൻസ് ആൻഡ് ഇവന്റ്സ് ആണ് എക്സ്പോ സംഘടിപ്പച്ചത്.





# കെ ടി ഫ്രാൻസിസിനെ ആദരിച്ചു

മികച്ച കേര കർഷകനുള്ള നാളികേര വികസന ബോർഡിന്റെ ദേശീയ അവാർഡ് നേടിയ മരുതോംകര, കൈതക്കുളത്ത് കെ ടി ഫ്രാൻസിസിനെ പെരുവണ്ണാമുഴി കെ വി കെയിൽ നടന്ന ചടങ്ങിൽ ആദരിച്ചു. മൂന്നേക്കർ സ്ഥലത്ത് നടത്തുന്ന വേറിട്ട സംയോജിത കൃഷി രീതികളാണ് കെവികെ യുടെ നോമിനേഷനിലൂടെ ഫ്രാൻസിസിനെ ഈ അവാർഡിന് അർഹനാക്കിയത്. ഇതോടനുബന്ധിച്ച് സംഘടിപ്പിച്ച പോഷൺ അഭിയാൻ ക്യാമ്പയിൻ ചക്കിട്ടപാറ പഞ്ചായത്ത് പ്രസിഡണ്ട് കെ സുനിൽ ഉദ്ഘാടനം ചെയ്തു. കോഴിക്കോട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ നൂറ് കർഷകർക്ക് പോഷകത്തോട്ട നിർമ്മാണത്തിനാവശ്യമായ സീഡ് കിറ്റുകൾ അദ്ദേഹം വിതരണം ചെയ്തു. കൃഷി വിജ്ഞാന കേന്ദ്രം പ്രോഗ്രാം കോർഡിനേറ്റർ പി രാധാകൃഷ്ണൻ അദ്ധ്യക്ഷ്യം വഹിച്ച ചടങ്ങിൽ ഇഫ്കോ ഫീൽഡ് ഓഫീസർ നന്ദു ആശംസകളർപ്പിച്ചു. തുടർന്നു നടന്ന പരിശീലന പരിപാടിയിൽ ഡോ പി എസ് മനോജ്, എ ദീപ്തി, ഡോ കെ കെ ഐശ്വര്യ എന്നിവർ ക്ലാസ്സെടുത്തു



# തെങ്ങിൻ തോപ്പിൽ നവംബറിലെ കൃഷിപ്പണികൾ

### ജലസേചനം

കേരളത്തിലെ മിക്ക ജില്ലകളിലും പൊതുവെ തുലാമഴ ലഭിച്ചതായാണ് റിപ്പോർട്ടുകൾ. തുലാമഴ ആവശ്യത്തിന് ലഭിച്ചില്ലെങ്കിൽ നവംബറിൽ തെങ്ങുകൾക്ക് ജലസേചനം നൽകിത്തുടങ്ങാം. തടം നനയ്ക്കുന്ന രീതിയാണെങ്കിൽ കായ്ക്കുന്ന തെങ്ങൊന്നിന് നാലു ദിവസത്തിലൊരിക്കൽ 200 ലിറ്റർ എന്ന തോതിൽ വെള്ളം ലഭ്യമാക്കണം. ജല ലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ തെങ്ങുകൾക്ക് കണിക ജലസേചന രീതി വഴി വെള്ളം നല്കുന്നതാണ് ഏറ്റവും കാര്യക്ഷമമായ മാർഗ്ഗം. കണിക ജലസേചന രീതി വഴി തെങ്ങൊന്നിന് പ്രതിദിനം 30 ലിറ്റർ വെള്ളം നല്കിയാൽ മതി; ചെറുതൈകൾക്ക് 10 ലിറ്റർ വെള്ളം എന്ന തോതിൽ നൽകണം.

### ബോറോണിന്റെ അഭാവം പരിഹരിക്കുക.

തെങ്ങുകളിൽ ഓലക്കാലുകൾ വിരിയാതെ ഒട്ടിയിരിക്കുക, തേങ്ങയിൽ വിള്ളലുണ്ടാവുക, വെള്ളയ്ക്ക കൊഴിയുക, തേങ്ങകൾ പേടാവുക തുടങ്ങിയ ലക്ഷണങ്ങൾ കാണുന്നുവെങ്കിൽ മനസിലാക്കുക, തെങ്ങിൻ തോട്ടത്തിലെ മണ്ണിൽ ബോറോൺ എന്ന സൂക്ഷ്മ മൂലകത്തിന്റെ കുറവുണ്ട്. അത് പരിഹരിക്കുന്നതിനായി മണ്ണിൽ ഈർപ്പം ഉറപ്പാക്കിയതിനു ശേഷം തടത്തിൽ 100 ഗ്രാം ബോറാക്സ് ചേർത്തു കൊടുക്കണം.

### ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉൽപാദനം

വിത്തു തേങ്ങ ശേഖരിക്കുന്നതിനായി നല്ല സ്വഭാവ സവിശേഷതയുള്ളതും, 20 വർഷത്തിനു മേൽ പ്രായമുള്ളതും, മഴയെ ആശ്രയിച്ച് കൃഷി ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ പ്രതിവർഷം ശരാശരി 80 -ൽ കുറയാതെയും ജലസേചനമുള്ള തോട്ടങ്ങളിൽ ശരാശരി 120-ൽ കുറയാതെയും നാളികേരം കായ്ക്കുന്നതും ഏറ്റവും കുറഞ്ഞത് 12 കുലകളെങ്കിലും ഉൽപാദിപ്പിക്കുന്നതും രോഗബാധയില്ലാത്തതുമായ നെടിയ ഇനം തെങ്ങുകൾ മാതൃ വൃക്ഷമായി തെരഞ്ഞെടുക്കാം. ഇത്തരം തെങ്ങുകൾക്ക് കുറുകിയതും ബലമുള്ളതുമായ പൂങ്കുലത്തണ്ടുകളും, കുറുകിയ ബലമുള്ള മടലോടു കൂടിയ 30 -നുമേൽ വിരിഞ്ഞ ഓലകളുമുണ്ടായിരിക്കണം. ഈ തെങ്ങുകളിൽ നിന്നും വിളവെടുക്കുന്ന പൊതിച്ച നാളികേരത്തിന് 600 ഗ്രാ





*ബോറോണിന്റെ അഭാവ ലക്ഷണങ്ങൾ*



ബോറോണിന്റെ അഭാവ ലക്ഷണങ്ങൾ



മാതൃവൃക്ഷം

മിൽ കൂടുതൽ ഭാരവും കൊപ്രയുടെ ശരാശരി തൂക്കം 150 ഗ്രാമിൽ കൂടുതലുമായിരിക്കണം.

കുറിയ ഇനമാണെങ്കിൽ 12 വർഷത്തിനുമേൽ പ്രായമുള്ളതും, മഴയെ ആശ്രയിച്ച് കൃഷി ചെയ്യപ്പെടുന്ന തോട്ടങ്ങളിൽ പ്രതിവർഷ ഉത്പാദനം ശരാശരി 60 തേങ്ങയും, ജലസേചനമുള്ള തോട്ടങ്ങളിൽ ശരാശരി 100 തേങ്ങയും, കായ്ക്കുന്ന തെങ്ങുകൾ മാതൃവൃക്ഷമായി തെരഞ്ഞെടുക്കാം. ഇത്തരം തെങ്ങുകൾക്ക് 30 നുമേൽ വിരിഞ്ഞ ഓലകളുണ്ടായിരിക്കണം. പൊതിച്ച തേങ്ങയ്ക്ക് 400 ഗ്രാമിൽ കൂടുതൽ തൂക്കവും ഉണ്ടായിരിക്കണം.

## നഴ്സറി പരിപാലനം

* നഴ്സറിയിലെ കളകൾ നീക്കം ചെയ്യുക.
* അഞ്ചുമാസമായിട്ടും മുളയ്ക്കാത്ത തേങ്ങകൾ നീക്കം ചെയ്യുക.
* ഉണങ്ങിയ തെങ്ങോലകളോ ചപ്പു ചവറുകളോ ഉപയോഗിച്ച് നഴ്സറിയിൽ പുതയിടുക.
* തൈകൾക്ക് ജലസേചനം നൽകുക.
* ആവശ്യാനുസരണം സസ്യ സംരക്ഷണ നടപടികൾ സ്വീകരിക്കുക.

ചിതൽ ശല്യമുണ്ടെങ്കിൽ ക്ലോർ പൈറിഫോസ് എന്ന കീടനാശിനി 2 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി ഒഴിച്ചു കൊടുത്ത് നഴ്സറിയിലെ മണ്ണ് കുതിർക്കുക. വെള്ളീച്ചയുടെ ആക്രമണമുണ്ടെങ്കിൽ നഴ്സറിയിലെ തൈകളുടെ അടിവശത്ത് വെള്ളം സ്പ്രേ ചെയ്തു കൊടുക്കുക.



## പുതയിടൽ

തെങ്ങിൻ തടത്തിൽ ഈർപ്പം സംരക്ഷിക്കുന്നതിനായി പുതയിടൽ ഇനിയും നടത്താത്ത തോട്ടങ്ങളിൽ എത്രയും വേഗം പുതയിടണം. തോട്ടത്തിൽ നിന്നു തന്നെ ലഭിക്കുന്ന തെങ്ങോലകൾ ഉപയോഗിച്ച് പുതയിടൽ നടത്താം.

## സസ്യ സംരക്ഷണം

പതിവില്ലാത്ത വിധം കാലാവസ്ഥാ ഘടകങ്ങൾ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യം തെങ്ങിന്റെ കീട രോഗ ബാധ മൂലമുള്ള വിളനഷ്ടം വർദ്ധിപ്പിക്കുന്നതിനിടയാക്കുന്നു. കേരളത്തിൽ 2018 ആഗസ്റ്റിൽ ഉണ്ടായ തുടർച്ചയായ കനത്ത മഴയും വെള്ളപ്പൊക്കവും തെങ്ങിൻ തോട്ടങ്ങളിൽ രോഗ ബാധ, പ്രത്യേകിച്ച്, കൂമ്പു ചീയലും, കായ് പൊഴിച്ചിലും, വർദ്ധിക്കുന്നതിനിടയാക്കി. മഴയ്ക്കുശേഷം ചൂട് വർദ്ധിച്ച സാഹചര്യത്തിൽ ചില പ്രദേശങ്ങളിൽ വെള്ളീച്ചയുടെ ആക്രമണം വ്യാപകമായിട്ടുള്ളതായി കാണുന്നു. തുലാവർഷ സീസണായതോടെ ചില പ്രദേശങ്ങളിൽ പൂങ്കുലച്ചാഴിയുടെ ആക്രമണം തെങ്ങിന് വിളനാശമുണ്ടാക്കുന്ന തോതിൽ വർദ്ധിച്ചിരിക്കുന്നതും നിരീക്ഷിച്ചിട്ടുണ്ട്. കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി, എന്നീ കീടങ്ങളും പരക്കെ കണ്ടു വരുന്നു. കാലാവസ്ഥാ ഘടകങ്ങളുടെ മാറ്റത്തിനനുസരിച്ച് തെങ്ങിനു വിളനാശം സൃഷ്ടിക്കുന്ന രീതിയിൽ ഉണ്ടാകുന്ന വിവിധ കീടങ്ങളുടേയും രോഗങ്ങളുടെ ആക്രമണം കൃത്യമായി നിരീക്ഷിച്ചറിയുന്നതിനും ഉചിതമായ സസ്യ സംരക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും തോട്ടം ഇടയ്ക്കിടെ സന്ദർശിക്കേണ്ടത് അത്യാവശ്യമാണ്. ആക്രമണ ലക്ഷണങ്ങൾ നിരീക്ഷിച്ച് കീടബാധ അഥവാ രോഗ ബാധ ഏതെന്നു കൃത്യമായി തിരിച്ചറിയണം.

## കീട നിയന്ത്രണം

***കൊമ്പൻ ചെല്ലി***

തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്ന സമയത്ത് കൊമ്പൻ ചെല്ലിയെ ചെല്ലിക്കോലുപയോഗിച്ച് കുത്തിയെടുത്ത് നശിപ്പിക്കുക.

വളക്കുഴികളിലും ചെല്ലിയുടെ പുഴുക്കൾ വളരുന്ന മറ്റിടങ്ങളിലും മെറ്റാ റൈസിയം കുമിൾ തളിച്ചു കൊടുക്കുക. ചെല്ലികൾ പെരുകുന്ന ഇടങ്ങളിൽ പെരുവലം എന്ന കള സസ്യം വേരോടെ പിഴുതിടുക.തെങ്ങിൻ തൈകളിൽ തിരി നാമ്പിനു ചുറ്റുമുള്ള മൂന്ന് ഓലക്കവിളുകളിൽ പാറ്റാഗുളിക 4 ഗ്രാം വീതം വെച്ച് മണൽ ഇട്ടു മൂടുക.

വലിയ തെങ്ങുകളിൽ തിരിനാമ്പിനു ചുറ്റുമുള്ള 3 – 4 ഓലക്കവിളുകളിൽ 250 ഗ്രാം മരോട്ടി/ വേപ്പിൻ പിണ്ണാക്ക് തുല്യ അളവ് മണലുമായി ചേർത്ത് ഇട്ടു കൊടുക്കുക.

ക്ലോറാൻ ട്രിനിലിപ്രോൾ അടങ്ങിയ പച്ച ലേബലിലുള്ള കീടനാശിനി 3 ഗ്രാം തുണിക്കിഴികളിലാക്കി തിരിനാമ്പിനു ചുറ്റുമുള്ള 3 – 4 ഓലക്കവിളുകളിൽ നിക്ഷേപിക്കുക.

***ചെമ്പൻ ചെല്ലി***

കീടബാധയേറ്റ ഭാഗം ചെത്തി മാറ്റി ഇമിഡാക്ലോപ്രിഡ് (0.02%) ഒരു മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി കീടബാധയേറ്റ ഭാഗത്തുകൂടി ഒഴിച്ചു കൊടുക്കുക.

മുൻ കരുതൽ എന്ന നിലയിൽ 1) തെങ്ങിൻ തടിയിൽ മുറിവുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. 2) കൂമ്പു ചീയൽ, കൊമ്പൻ ചെല്ലി എന്നിവയ്ക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കുക. 3) പച്ച മടലുകൾ കഴിവതും ഒരു മീറ്റർ എങ്കിലും നീട്ടി മാത്രം വെട്ടുക. 4) ചെല്ലി ബാധ കൊണ്ട് നശിച്ച തെങ്ങുകൾ വെട്ടിക്കീറി തീയിട്ടു നശിപ്പിക്കുക.

***മണ്ഡരി***

പരാഗണം കഴിഞ്ഞ 5 ഇളം കുലകളിൽ വെളുത്തുള്ളി – വേപ്പെണ്ണ – സോപ്പ് മിശ്രിതം (200 ഗ്രാം + 20 മില്ലി ലിറ്റർ + 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ അസാഡിരാക്ടിൻ (1%) 4 മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ പാമോയിൽ (200 മില്ലി ലിറ്റർ) സൾഫർ (5 ഗ്രാം) സോപ്പ് (12 ഗ്രാം) 800 മില്ലി ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി തളിക്കുക.

അസാഡിറാക്ടിൻ (1%) 10 മില്ലി ലിറ്റർ തുല്യ അളവ് വെള്ളവുമായി ചേർത്ത് വേരിലൂടെ നൽകുന്നതും ഫലപ്രദമാണ്.

***പൂങ്കുലച്ചാഴി***

വേപ്പെണ്ണ – സോപ്പ് എമൽഷൻ (0.5%) പരാഗണം കഴിഞ്ഞ കുലകളിൽ തളിക്കുക. (5 മില്ലി ലിറ്റർ വേപ്പെണ്ണ + 8 ഗ്രാം ബാർസോപ്പ് ഒരു ലിറ്റർ വെള്ളത്തിൽ)

***വെള്ളീച്ച***

രാസകീടനാശിനികളൊന്നും ഉപയോഗിക്കരുത്.

കരിംപൂപ്പൽ ഇളകിപ്പോകാൻ 1 % വീര്യത്തിൽ സ്റ്റാർച്ച് (കഞ്ഞിപ്പശ) തളിക്കുക.

അത്യാവശ്യ ഘട്ടത്തിൽ 0.5 % വീര്യത്തിൽ വേപ്പെണ്ണ എമൽഷൻ തളിക്കാം.

***എലി നിയന്ത്രണം***

എലി ശല്യമുള്ള തെങ്ങിൻ തോട്ടങ്ങളിൽ കരിക്കുകളിൽ മോടത്തിനു താഴെ വട്ടത്തിലുള്ള ദ്വാരം, കരിക്കു കൊഴിച്ചിൽ എന്നിവ കാണാം. എലി ശല്യമുള്ള തെങ്ങിന്റെ ഓലക്കവിളിൽ ബ്രോമോഡയലോൺ (10 ഗ്രാം) വെച്ച് എലി നിയന്ത്രണം സാധ്യമാക്കാം.



*എലിയുടെ ആക്രമണ നിയന്ത്രണ ഉപാധി*



*എലിയുടെ ആക്രമണ ലക്ഷണമുള്ള കരിക്കുകൾ*

## രോഗനിയന്ത്രണം.

***കൂമ്പു ചീയൽ***

കൂമ്പു ചീയൽ ബാധിച്ച് അഴുകിയ ഭാഗങ്ങൾ നീക്കം ചെയ്ത് ബോർഡോ കുഴമ്പ് പുരട്ടിയ ശേഷം മഴ വെള്ളം വീഴാത്ത വിധത്തിലും എന്നാൽ വായു സഞ്ചാരം കിട്ടത്തക്ക വിധത്തിലും പോളിത്തീൻ സഞ്ചികൊണ്ട് നാമ്പ് മൂടണം.

ചുറ്റുമുള്ള തെങ്ങുകൾക്ക് ഒരു ശതമാനം വീര്യത്തിലുള്ള ബോർഡോ മിശ്രിതം തളിക്കുക.

തെങ്ങിൻ തോട്ടത്തിൽ നീർ വാർച്ച ഉറപ്പാക്കുക.

***ചെന്നീരൊലിപ്പ്***

തെങ്ങിൻ തടിയോട് ചേർത്ത് ചുവട്ടിൽ ചപ്പ് കൂട്ടിയിട്ട് കത്തിക്കുന്നത് ഒഴിവാക്കുക.

രോഗം ബാധിച്ച ഭാഗത്ത് ട്രൈക്കോഡർമ്മ ടാൽക് മിശ്രിതം കുഴമ്പു രൂപത്തിലാക്കി തേച്ച് പിടിപ്പിക്കുക.

തോട്ടത്തിൽ നീർവാർച്ചാ സൗകര്യം ഉറപ്പുവരുത്തുക.

ജൈവ വളങ്ങൾക്കൊപ്പം 5 കിലോ ഗ്രാം വേപ്പിൻ പിണ്ണാക്ക് 100 ഗ്രാം ട്രൈക്കോഡർമ്മ ചേർത്ത് ഇട്ടു കൊടുക്കുക.

***ഓല ചീയൽ***

നാമ്പോലയുടേയും അതിനു താഴെയുള്ള രണ്ട് ഓലകളുടേയും അഴുകിയ ഭാഗങ്ങൾ നീക്കം ചെയ്ത് നശിപ്പിക്കുക. അതിനു ശേഷം ഹെക്സാകൊണാസോൾ 5 ഇ.സി. 2 മി.ലി. 300 മില്ലി ലിറ്റർ വെള്ളത്തിൽ കലക്കി നാമ്പോലയുടെ കവിളിൽ ഒഴിച്ചു കൊടുക്കുക. അല്ലെങ്കിൽ സ്യൂഡോമോണാസ് ഫ്ളൂറസൻസ്, ബാസിലസ് സബ്ടിലിസ് ടാൽക് മിശ്രിതം 50 ഗ്രാം 500 മില്ലി ലിറ്റർ കലക്കി ഒഴിച്ചു കൊടുക്കുക.

***തഞ്ചാവൂർ വാട്ടം***

രോഗം ബാധിച്ച് പൂർണ്ണമായും നശിച്ച തെങ്ങുകൾ വേരോടെ പിഴുതു നശിപ്പിക്കുക.

രോഗം ബാധിച്ച തെങ്ങിനു ചുറ്റും 60 സെ.മീ. ആഴത്തിലും 30 സെന്റി മീറ്റർ വീതിയിലുമായി കിടങ്ങ് കുഴിച്ച് മറ്റു തെങ്ങുകളിലേക്ക് രോഗം പടരുന്നത് തടയുക.

ട്രൈക്കോഡർമ്മ ചേർത്ത വേപ്പിൻ പിണ്ണാക്ക് തെങ്ങൊന്നിന് 5 കി ലോ ഗ്രാം എന്ന തോതിൽ ചേർത്തു കൊടുക്കുക. തെങ്ങിൻ തടം നനച്ചു കൊടുക്കുകയും ഓലകളും ചപ്പു ചവറുകളുമുപയോഗിച്ച് പുതയിടുകയും ചെയ്യുക.

*തയ്യാറാക്കിയത്: ഡോ. സി. തമ്പാൻ, ഡോ. പി. സുബ്രഹ്മണ്യം, സി.പി.സി.ആർ.ഐ, കാസർഗോഡ് . ഡോ. ജോസഫ് രാജ് കുമാർ, സി.പി.സി.ആർ.ഐ, കായങ്കുളം* ■

# കമ്പോള അവലോകനം

## ആഭ്യന്തര വില നിലവാരം

**വെളിച്ചെണ്ണ**

കേരളത്തിലെ കൊച്ചി, ആലപ്പുഴ വിപണികളിൽ 2022 സെപ്റ്റംബർ മാസം ക്വിന്റലിന് 14200 രൂപയ്ക്ക് ആരംഭിച്ച വെളിച്ചെണ്ണ വ്യാപാരം മാസാവസാനം കൊച്ചിയിൽ ക്വിന്റലിന് 600 രൂപ നഷ്ടത്തിലും ആലപ്പുഴയിൽ 500 രൂപ നഷ്ടത്തിലും ക്ലോസ് ചെയ്തു. കോഴിക്കോട്ട് ക്വിന്റലിന് 14450 രൂപയിൽ ആരംഭിച്ച വെളിച്ചെണ്ണ വ്യാപാരം മാസാവസാനം 550 രൂപ നഷ്ടത്തിലും ക്ലോസ് ചെയ്തു.

തമിഴ്നാട്ടിലെ കാങ്കയം വിപണിയിൽ കഴിഞ്ഞ മാസത്തിൽ ക്വിന്റലിന് 11533 രൂപയ്ക്കാരംഭിച്ച വെളിച്ചണ്ണ വ്യാപാരം മാസാവസാനം ക്വിന്റലിന് 10533 രൂപയിൽ അവസാനിച്ചു. നഷ്ടം ക്വിന്റലിന് 267 രൂപ. 2022 സെപ്റ്റംബർ മാസത്തിൽ പ്രധാന വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 1 ൽ:

പട്ടിക 1 : വെളിച്ചെണ്ണയുടെ വാരാന്ത്യ ശരാശരി വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01.09.2022 | 14200 | 14200 | 14450 | 11533 |
| 03.09.2022 | 14200 | 14200 | 14350 | 11400 |
| 10.09.2022 | 14200 | 14200 | 14350 | 11200 |
| 17.09.2022 | 14000 | 14000 | 14300 | 10933 |
| 24.09.2022 | 13900 | 13900 | 14200 | 10867 |
| 30.09.2022 | 13600 | 13700 | 13900 | 10533 |

**ഭക്ഷ്യയോഗ്യമായ കൊപ്ര**

കോഴിക്കോട് വിപണിയിൽ 2022 സെപ്റ്റംബർ മാസത്തിൽ രാജാപൂർ കൊപ്രയുടെ വ്യാപാരം ക്വിന്റലിന് 13100 രൂപയ്ക്ക് ആരംഭിച്ച് മാസാവസാനം ക്വിന്റലിന് 13500 രൂപയ്ക്ക് ക്ലോസ് ചെയ്തു. നേട്ടം ക്വിന്റലിന് 400 രൂപ. രാജാപ്പൂർ കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 2 ൽ:

പട്ടിക 2 : ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ)

| | |
|---|---|
| 01.09.2022 | 13100 |
| 03.09.2022 | 13300 |
| 10.09.2022 | 13000 |
| 17.09.2022 | 13600 |
| 24.09.2022 | 14200 |
| 30.09.2022 | 13500 |

**ആട്ടുകൊപ്ര**

കേരളത്തിലെ കൊച്ചി വിപണിയിൽ 2022 സെപ്റ്റംബർ മാസം ആട്ടു കൊപ്രയുടെ വ്യാപാരം ക്വിന്റലിന് 8300 രൂപയ്ക്കും, ആലപ്പുഴ വിപണിയിൽ ക്വിന്റലിന് 8250 രൂപയ്ക്കും കോഴിക്കോട്ട് 8550 രൂപയ്ക്കുമാണ് ആരംഭിച്ചത്. മാസാവസാനം കൊച്ചി വിപണിയിൽ ക്വിന്റലിന് 7700 രൂപയ്ക്കും ആലപ്പുഴയിൽ ക്വിന്റലിന് 7750 രൂപയ്ക്കും കോഴിക്കോട് ക്വിന്റലിന് 8000 രൂപയ്ക്കും വ്യാപാരം അവസാനിച്ചപ്പോൾ കൊച്ചിയിൽ ക്വിന്റലിന് 600 രൂപയുടെയും ആലപ്പുഴയിൽ ക്വിന്റലിന് 500 രൂപയുടെയും കോഴിക്കോട് ക്വിന്റലിന് 650 രൂപയുടെയും വീതം നഷ്ടം രേഖപ്പെടുത്തി.

തമിഴ്നാട്ടിലെ കാങ്കയം നാളികേര വിപണിയിൽ കഴിഞ്ഞ മാസം ക്വിന്റലിന് 7700 രൂപയിൽ ആരംഭിച്ച കൊപ്ര വ്യാപാരം, മാസാവസാനം ക്വിന്റലിന് 300 രൂപ നഷ്ടത്തിൽ 7400 രൂപയ്ക്കു ക്ലോസ് ചെയ്തു.

പട്ടിക 3 : ആട്ടുകൊപ്രയുടെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01.09.2022 | 8300 | 8250 | 8550 | 7700 |
| 03.09.2022 | 8300 | 8250 | 8400 | 7600 |
| 10.09.2022 | 8300 | 8250 | 8300 | 7700 |
| 17.09.2022 | 8100 | 8050 | 8250 | 7500 |
| 24.09.2022 | 8000 | 7950 | 8150 | 7600 |
| 30.09.2022 | 7700 | 7750 | 8000 | 7400 |

**ഉണ്ടക്കൊപ്ര**

കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ 2022 സെപ്റ്റംബർ മാസത്തിൽ ഉണ്ടക്കൊപ്രയുടെ വ്യാപാരം ക്വിന്റലിന് 13600 രൂപയിൽ ആരംഭിച്ച് 13300 രൂപയിൽ അവസാനിച്ചു. നഷ്ടം ക്വിന്റലിന് 300 രൂപ. ഉണ്ടകൊപ്രയുടെ വാരാന്ത്യ വില നിലവാരം പട്ടിക 4 ൽ ::

പട്ടിക 4 : ഉണ്ട കൊപ്രയുടെ വാരാന്ത്യവില തിപ്തൂർ വിപണിയിൽ (ക്വിന്റലിന് രൂപയിൽ)

| | |
|---|---|
| 01.09.2022 | 13600 |
| 03.09.2022 | 13800 |
| 10.09.2022 | 13500 |
| 17.09.2022 | 13500 |
| 24.09.2022 | 14000 |
| 30.09.2022 | 13300 |

**കൊട്ടത്തേങ്ങ**

കോഴിക്കോട് വിപണിയിൽ 2022 സെപ്റ്റംബർ മാസത്തിൽ ക്വിന്റലിന് 10750 രൂപയിൽ ആരംഭിച്ച കൊട്ടത്തേങ്ങ വ്യാപാരം മാസാവസാനം അതെ നിരക്കിൽ തന്നെ ക്ലോസ് ചെയ്തു. കൊട്ടത്തേങ്ങയുടെ വാരാന്ത്യ വില നിലവാരം പട്ടിക 5 ൽ:



| പട്ടിക 5 : കൊട്ട തേങ്ങയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ ) | |
|---|---|
| 01.09.2022 | 10750 |
| 03.09.2022 | 10750 |
| 10.09.2022 | 10750 |
| 17.09.2022 | 10750 |
| 24.09.2022 | 10750 |
| 30.09.2022 | 10750 |

**നാളികേരം**

കേരളത്തിലെ നെടുമങ്ങാട് വിപണിയിൽ 2022 സെപ്റ്റംബർ മാസത്തിൽ പച്ചതേങ്ങയുടെ വ്യാപാരം ആയിരത്തിന് 13000 രൂപയിൽ ആരംഭിച്ച് മാസാവസാനം അതെ വിലയിൽ തന്നെ അവസാനിച്ചു. തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ ടണ്ണിന് 21500 രൂപയ്ക്ക് ആരംഭിച്ച വ്യാപാരം മാസാവസാനം അതെ വിലയ്ക്കു തന്നെ ക്ലോസ് ചെയ്തു.

കർണാടകത്തിലെ ബാംഗളൂർ വിപണിയിൽ കഴിഞ്ഞ മാസം പച്ചതേങ്ങയുടെ വ്യാപാരം ആയിരത്തിന് 17000 രൂപയിൽ ആരംഭിച്ച് മാസാവസാനം 20000 രൂപയ്ക്കു അവസാനിച്ചു. നേട്ടം ആയിരത്തിന് 3000 രൂപ. കർണാടകത്തിലെ മംഗലാപുരം വിപണിയിൽ 2022 സെപ്റ്റംബർ മാസം പച്ചതേങ്ങയുടെ വ്യാപാരം ടണ്ണിന് 26000 രൂപയിൽ ആരംഭിച്ച് മാസാവസാനം 23000 രൂപയ്ക്കു ക്ലോസ് ചെയ്തു. നഷ്ടം ടണ്ണിന് 3000 രൂപ. പച്ചതേങ്ങ വ്യാപാരത്തിന്റെ വാരാന്ത്യ വില നിലവാരം പട്ടിക 6 ൽ:

പട്ടിക 6 : ഭാഗികമായി തൊണ്ടുരിഞ്ഞ നാളികേരത്തിന്റെ വാരാന്ത്യ വില പ്രധാന വിപണികളിൽ

| | നെടുമങ്ങാട് (ആയിരത്തിന്)[1] | പൊള്ളാച്ചി (മെട്രിക് ടണ്ണിന്)[2] | ബംഗളൂരു ഗ്രേഡ് 1 (ആയിരത്തിന്)3 | മാംഗ്ലൂർ, ബ്ലാക്ക് കോക്കനട്ട് (മെട്രിക് ടണ്ണിന്)[2] |
|---|---|---|---|---|
| 01.09.2022 | 13000 | 21500 | 17000 | 26000 |
| 03.09.2022 | 13000 | 21500 | 17000 | 26000 |
| 10.09.2022 | 13000 | 21500 | 17000 | 24000 |
| 17.09.2022 | 13000 | 21500 | 20000 | 23000 |
| 24.09.2022 | 13000 | 21500 | 20000 | 23000 |
| 30.09.2022 | 13000 | 21500 | 20000 | 23000 |

*[1]Source: Epaper, Kerala Kaumudi, 2 Star market bulletin, *** Krishimarata vahini*

## അന്താരാഷ്ട്ര വില നിലവാരം

**വെളിച്ചെണ്ണ**

പ്രധാന നാളികേര ഉൽപാദക രാജ്യങ്ങളിലെ അന്താരാഷ്ട്ര ആഭ്യന്തര വിപണികളിൽ വെളിച്ചെണ്ണ വിലയിൽ നേരിയ മാന്ദ്യമാണ് രേഖപ്പെടുത്തിയത്. വെളിച്ചെണ്ണയുടെ കഴിഞ്ഞ മാസത്തെ അന്താരാഷ്ട്ര ആഭ്യന്തര വില നിലവാരം പട്ടിക 7 ൽ:

പട്ടിക 7 : വെളിച്ചെണ്ണ ഉത്പാദക രാജ്യങ്ങളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന അമേരിക്കൻ ഡോളറിൽ)

| | അന്താരാഷ്ട്ര വില നിലവാരം | ആഭ്യന്തര വില നിലവാരം | | | |
|---|---|---|---|---|---|
| | ഫിലിപ്പൈൻസ്/ ഇൻഡോനേഷ്യ (സി.ഐ.എഫ് യൂറോപ്പ്) | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 03.09.2022 | 1322 | 1227 | NR | 1819 | 1398 |
| 10.09.2022 | 1275 | 1218 | NR | 1746 | 1373 |
| 17.09.2022 | 1270 | 1201 | NR | 1736 | 1341 |
| 24.09.2022 | 1179 | 1163 | NR | 1681 | 1333 |

*കാങ്കയം/കൊച്ചി

**തേങ്ങ**

പ്രമുഖ നാളികേര ഉത്പാദക രാജ്യങ്ങളായ ഫിലിപ്പീൻസ് ഇന്തോനേഷ്യ, ശ്രീലങ്ക, ഇന്ത്യ, എന്നിവിടങ്ങളിലെ ആഭ്യന്തര വിപണികളിൽ 2022 സെപ്റ്റംബർ മാസം രേഖപ്പെടുത്തിയ നാളികേരത്തിന്റെ വില നിലവാരം പട്ടിക 8 ൽ :

പട്ടിക 8 : നാളികേരത്തിന്റെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)

| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
|---|---|---|---|---|
| 03.09.2022 | 136 | 154 | 175 | 264 |
| 10.09.2022 | 134 | 148 | 169 | 264 |
| 17.09.2022 | 134 | 144 | 161 | 264 |
| 24.09.2022 | 133 | 143 | 158 | 264 |

*പൊള്ളാച്ചി

**കൊപ്ര**

ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക, ഇന്ത്യ എന്നീ രാജ്യങ്ങളിലെ ആഭ്യന്തര വിപണികളിൽ കൊപ്ര വിലയിൽ നേരിയ മാന്ദ്യമാണ് പ്രകടമായത്. ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക, ഇന്ത്യ എന്നീ രാജ്യങ്ങളിലെ വിവിധ ആഭ്യന്തര വിപണികളിലെ കഴിഞ്ഞ മാസത്തെ കൊപ്രയുടെ വാരാന്ത്യ വില നിലവാരം പട്ടിക 9 ൽ :

പട്ടിക 9 : കൊപ്ര ഉത്പാദക രാജ്യങ്ങളിലെ കൊപ്രയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)

| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
|---|---|---|---|---|
| 03.09.2022 | 679 | 588 | 927 | 932 |
| 10.09.2022 | 660 | 567 | 966 | 944 |
| 17.09.2022 | 660 | 531 | 854 | 920 |
| 24.09.2022 | 647 | 486 | 799 | 932 |

*കാങ്കയം

*NR - Not Reported



ഇന്ത്യൻ നാളികേര ജേണലിന്റെ വായനക്കാരായ വീട്ടമ്മമാർക്കു വേണ്ടിയുള്ള പംക്തി - കേരപാചകം. നാളികേരവും കരിക്കും തേങ്ങാപ്പാലും മറ്റും മുഖ്യ ചേരുവയായി ഉപയോഗിച്ച് തയാറാക്കുന്ന വിഭവങ്ങളാണ് ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത്.നെടുമ്പാശേരി ഫ്ളോറ എയർപോർട്ട് ഹോട്ടലിലെ ബേക്കറി ഷെഫ് യു.എ സഗീറാണ് വായനക്കാർക്കുവേണ്ടി ഈ പാചകക്കുറിപ്പുകൾ തയാറാക്കുന്നത്.



# വെണ്ടക്കായ മപ്പാസ്



### ആവശ്യമുള്ള സാധനങ്ങൾ

വെണ്ടക്കായ - 20 എണ്ണം
വെളിച്ചെണ്ണ - 3 ടേബിൾ സ്പൂൺ
കറിവേപ്പില - 8-10 തണ്ട്
കടുക് - 1 ടേബിൾ സ്പൂൺ
സവാള - പകുതി അരിഞ്ഞത്
ഇഞ്ചി - 1 ടീ സ്പൂൺ അരിഞ്ഞത്
പച്ചമുളക് - 3 എണ്ണം കീറിയത്
തക്കാളി - 1 വലുത് അരിഞ്ഞത്
മഞ്ഞൾ പൊടി - 1 ടീ സ്പൂൺ
മല്ലി പൊടി - 1 ടീ സ്പൂൺ
കുരുമുളകു പൊടി - 1/2 ടീ സ്പൂൺ
ചുവന്ന മുളക് - 1/2 ടീ സ്പൂൺ
ഗരം മസാല - 1 ടീ സ്പൂൺ
കട്ടിപ്പാൽ - 1 തേങ്ങയുടെത്
തേങ്ങാക്കൊത്ത് - അലങ്കരിക്കാൻ
ഉപ്പ് - പാകത്തിന്

### പാകം ചെയ്യുന്ന വിധം

വെണ്ടയ്ക്കകൾ നന്നായി കഴുകി രണ്ടറ്റവും കളഞ്ഞ് ഒരിഞ്ച് നീളത്തിൽ മുറിക്കുക. പാനിൽ രണ്ടു ടേബിൾ സ്പൂൺ വെളിച്ചെണ്ണ ചൂടാക്കി വെണ്ടയ്ക്ക ബ്രൗൺ നിറമായി മൊരിയുന്നതു വരെ വഴറ്റി മാറ്റി വയ്ക്കുക. ബാക്കി എണ്ണയിൽ കടുക്, സവാള, ഇഞ്ചി, പച്ചമുളക് എന്നിവ വഴറ്റുക. സവാള നന്നായി വഴന്ന ശേഷം അരിഞ്ഞു വച്ചിരിക്കുന്ന തക്കാളി, മസാലകൾ, ഉപ്പ് എന്നിവ ചേർത്ത് വീണ്ടും വഴറ്റുക. തക്കാളി നന്നായി വെന്താൽ വറുത്ത് വച്ചിരിക്കുന്ന വെണ്ടയ്ക്ക ചേർത്ത് സാവകാശം ഇളക്കുക. ഇതിലേയ്ക്ക് നാളികേര പാൽ ചേർത്ത് സിമ്മറിൽ മൂന്നു നാലു മിനിറ്റ് വച്ച് ഉപ്പ് കറക്ട് ചെയ്ത ശേഷം തീയ് ഓഫ് ചെയ്യുക.

തേങ്ങക്കൊത്ത് മുകളിൽ വിതറിയശേഷം വിളമ്പാം.

കടപ്പാട്: FLORA

# നാളികേര വികസന ബോർഡ്

**ചീഫ് എക്സിക്കുട്ടിവ് ഓഫീസർ**
ഡോ. എൻ വിജയലക്ഷ്മി ഐഎഎസ്
ഫോൺ : 0484 – 2375216

**മുഖ്യ നാളികേര വികസന ഓഫീസർ**
**ഡോ. ബി ഹനുമന്ത് ഗൗഡ**
ഫോൺ: 0484 – 2375999

**സെക്രട്ടറി**
**ശ്രീ. ആർ. മധു**
ഫോൺ : 0484 – 2377737

**Government of India,**
**Ministry of Agriculture and Farmer's Welfare**
**P.B. No.1012, Kera Bhavan, SRV Road**
**(Near SRV High School),**
**Kochi – 682 011, Kerala, India.**
**Email : kochi.cdb@gov.in**
**Website: https://www.coconutboard.gov.in**
**Office:0484-2376265, 2377267,**
**PABX : 2377266, 2376553, Fax:91 484-2377902**

## മേഖലാ ഓഫീസുകൾ

### കർണ്ണാടകം

ഡയറക്ടർ,
റീജിയണൽ ഓഫീസ്, നാളികേര വികസന ബോർഡ്, ഹുളിമാവ്, ബന്നാർഗട്ട റോഡ് (ഹോർട്ടി കൾച്ചർ ഫാമിനു സമീപം, ഗവൺമെന്റ് ഓഫ് കർണ്ണാടക) ബാംഗ്ലൂർ സൗത്ത് താലൂക്ക്, ബാംഗ്ലൂർ 560 076 കർണ്ണാടക. ഫോൺ : (080) 26593750, 26593743
ഫാക്സ് : 08026594768
E-mail: ro-bnglr@coconutboard.gov.in

### ആസ്സാം

ഡയറക്ടർ,
റീജിയണൽ ഓഫീസ്,
നാളികേര വികസന ബോർഡ്,
ഹൗസ് ഫെഡ് (6–ാം നില), വയർലസ്സ് ബസ്സിദ റോഡ്, ലാസ്റ്റ് ഗേറ്റ്, ദിസ്പൂർ, ഗുവാഹത്തി – ആസ്സാം. ഫോൺ : (0361) 2220632
ഫാക്സ് : (0361) 2229794
E-mail: ro-guwahati@coconutboard.gov.in

### തമിഴ്നാട്

ഡയറക്ടർ,
റീജിയണൽ ഓഫീസ്,
നാളികേര വികസന ബോർഡ്,
നമ്പർ : 47, ഡോ. രാമസ്വാമി സാലൈ
കെ. കെ. നഗർ, ചെന്നൈ,
600 078, തമിഴ്നാട്. ഫോൺ: (044) 23662684, 23663685 ഫാക്സ് :(044) 22673684,
E-mail: ro-chennai@coconutboard.gov.in

### ബീഹാർ

ഡയറക്ടർ,
റീജിയണൽ ഓഫീസ്,
നാളികേര വികസന ബോർഡ്,
ഫുൽവാരി റോഡ്, ജഗദേവ് പഥ്,
പാറ്റ്ന – 800 014, ബീഹാർ.
ഫോൺ: 0612 – 2972020
ഫാക്സ് : 0612 – 2272742
E-mail: ro-patna@coconutboard.gov.in

## സ്റ്റേറ്റ് സെന്ററുകൾ

### ആൻഡമാൻ നിക്കോബാർ ദ്വീപുകൾ

ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്, ഹൗസ് എംബി നമ്പർ.54, ഗുരുദ്വാര ലെയിൻ, പോസ്റ്റോഫീസിനു സമീപം, ബി.എസ്.എൻ.എൽ. ക്വാർട്ടേഴ്സിന് എതിർവശം, പോർട്ട് ബ്ലെയർ 744 101, സൗത്ത് ആൻഡമാൻ.ഫോൺ: (03192) 233918
E-mail: sc-andaman@coconutboard.gov.in

### ആന്ധ്രാ പ്രദേശ്

ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റേറ്റ് സെന്റർ,
നാളികേര വികസന ബോർഡ്, ഡോർ നമ്പർ.No.4-123, രജുള ബസാർ, രാമവാരപ്പാട് പി.ഒ, ന്യൂ സില പരിഷത്ത് ഹൈ സ്കൂൾ, വിജയവാഡ 521108, കൃഷ്ണ ജില്ല, ആന്ധ്രാപ്രദേശ്, ടെലി ഫാക്സ് : 0866 2972723
E-mail: sc-vijayawada@coconutboard.gov.in

### മഹാരാഷ്ട്ര

ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്, ഫ്ളാറ്റ് നമ്പർ. 203, 2–ാം നില, യൂകാലിപ്സ് ബിൽഡിംഗ്, ഗോഡ് ബന്തർ റോഡ്, താനെ 400 610. മഹാരാഷ്ട്ര.
ഫോൺ : 02265100106
E-mail: sc-thane@coconutboard.gov.in

### ഒഡീഷ

ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്,
പിട്ടാപ്പള്ളി, കുമാർബസ്ത പി.ഒ.,
ഖുർദ ജില്ല 752 055 ഒഡീഷ.
ഫോൺ: 8280067723
E-mail: sc-pitapalli@coconutboard.gov.in

### വെസ്റ്റ് ബംഗാൾ

ഡയറക്ടർ,
സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്,
DA-94 -സെക്ടർ I, സോൾട്ട് ലേയ്ക്ക് സിറ്റി,
കൊൽക്കത്ത, 700 064.വെസ്റ്റ് ബംഗാൾ
ഫോൺ : (033) 23599674 ഫാക്സ് : (033) 23599674
E-mail: sc-kolkata@coconutboard.gov.in

### ഗുജറാത്ത്

സ്റ്റേറ്റ് സെന്റർ,
നാളികേര വികസന ബോർഡ്, ബി വിംഗ്,
ഫസ്റ്റ് ഫ്ളോർ, ബാഹുമലി ഭവൻ, സ്റ്റേറ്റ് ഹൈവേ 31,
ദുരുവേഷ് നഗർ, ഷഷികുഞ്ജ്, ജുനഗഢ്, 362001.
ഗുജറാത്ത്. ഫോൺ : 02852990230

### മാർക്കറ്റ് ഡെവലപ്മെന്റ് കം ഇൻഫർമേഷൻ സെന്റർ

ഡെപ്യൂട്ടി ഡയറക്ടർ,
മാർക്കറ്റ് ഡെവലപ്മെന്റ് കം ഇൻഫർമേഷൻ സെന്റർ, നാളികേര വികസന ബോർഡ്, 120, ഹർഗോവിന്ദ് എൻക്ലേവ്, ന്യൂഡൽഹി 110 092. ഫോൺ : (011) 22377805
ഫാക്സ് : (011) 22377806
E-mail: mdic-delhi@coconutboard.gov.in

### സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (സി.ഐടി) ടെക്നോളജി ഡെവലപ്മെന്റ് സെന്റർ ആന്റ് ക്വാളിറ്റി ടെസ്റ്റിംഗ് ലാബോറട്ടറി

ഡെപ്യൂട്ടി ഡയറക്ടർ, ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, ക്വാളിറ്റി ടെസ്റ്റിംഗ് ലാബോറട്ടറി & സിഐടി,
നാളികേര വികസന ബോർഡ്, കീൻപുരം,
സൗത്ത് വാഴക്കുളം, ആലുവ, എറണാകുളം ജില്ല.
പിൻ 683 105. കേരള. ഫോൺ : (0484) 2679680
E-mail : cit-aluva@coconutboard.gov.in

### ഫീൽഡ് ഓഫീസ്, തിരുവനന്തപുരം

ഫീൽഡ് ഓഫീസ്,
നാളികേര വികസന ബോർഡ്,
അഗ്രികൾച്ചറൽ അർബൻ, ഹോൾസെയിൽ മാർക്കറ്റ് (വേൾഡ് മാർക്കറ്റ്)
ആനയറ പി.ഒ., തിരുവനന്തപുരം
പിൻ – 695 029 കേരള. ഫോൺ : 0471 2741006
E-mail fo-tvprm@coconutboard.gov.in

## വിത്ത് ഉൽപാദന പ്രദർശന തോട്ടങ്ങൾ

**ആന്ധ്രാപ്രദേശ്** : അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, വേഗിവാഡ, (വില്ലേജ്) പി.ഒ.തടികലപ്പുടി (വഴി), വെസ്റ്റ് ഗോദാവരി (ജില്ല) ആന്ധ്രാപ്രദേശ് – 534 452.
ഫോൺ : 8331869886 ഇ–മെയിൽ : f-vegiwada@coconutboard.gov.in

**ആസ്സാം** : ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, അഭയാപുരി, ബോങ്കായ്ഗോൺ, , ആസ്സാം – 783 384. ഫോൺ : 9957694242,
ഇ–മെയിൽ : f-abhayapuri@coconutboard.gov.in

**കർണ്ണാടക**:ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ലോക്സാര പി.ഒ., മാൺഡ്യ ജില്ല, കർണ്ണാടക – 571 478. ഫോൺ :08232298015
ഇ–മെയിൽ : f-mandya@coconutboard.gov.in

**കേരള**: അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, നേര്യമംഗലം, കേരള. പിൻ 686 693.ഫോൺ: (0485) 2554240
ഇ–മെയിൽ : f-neriamangalam@coconutboard.gov.in

**ഒഡീഷ**:ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, പിട്ടാപ്പള്ളി, കുമാരബസ്ത പി.ഒ., ഖുർദ ജില്ല – 752 055, ഒഡീഷ. ഫോൺ : 8280067723
ഇ–മെയിൽ : f-pitapalli@coconutboard.gov.in

**ബീഹാർ**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, സിംഗേശ്വർ പി.ഒ, പിൻ 852 128, മധേപുര ജില്ല, ബീഹാർ ഫോൺ : (06476) 283015
ഇ–മെയിൽ : f-madhepura@coconutboard.gov.in

**ഛത്തീസ്ഖർ**:അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, കൊണ്ടഗോൺ 494 226, ബാസ്താർ ജില്ല, ഛത്തീസ്ഖർ.
ഫോൺ: (07786) 242443 ഫാക്സ്: (07786) 242443
ഇ–മെയിൽ: f-kondagaon@coconutboard.gov.in

**മഹാരാഷ്ട്ര**: അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ദപോലി വില്ലേജ്, സത്പതി പി.ഒ., പാൽഗാർ ജില്ല, പിൻ – 401405, മഹാരാഷ്ട്ര.
ഫോൺ : (02525) 256090 മൊബൈൽ :07767948448 & 7776940774
ഇ–മെയിൽ : f-palghar@coconutboard.gov.in

**തമിഴ്നാട്**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ദാലി, തിരുമൂർത്തി നഗർ പി.ഒ., ഉദുമൽപെട്ട്,തമിഴ്നാട് – 642 112 ഫോൺ : (04252) 265430
ഇ–മെയിൽ : f-dhali@coconutboard.gov.in

**ത്രിപുര**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ഹിച്ചാച്ചെറ, സഖ്ബാരി പി.ഒ., ജോലാബാരി വഴി, സാബ്റൂം, സൗത്ത് ത്രിപുര, ത്രിപുര പിൻ :799141 ഇ–മെയിൽ : f-hitchachara@coconutboard.gov.in

**പശ്ചിമ ബംഗാൾ**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഫുളിയ ശാഖയ്ക്ക് സമീപം, എൻ.എച്ച് 34, ബെലേമാഥ് പി.ഒ. നദിയ, പശ്ചിമ ബംഗാൾ 741402, ഫോൺ : (03473) 234002
ഇ–മെയിൽ : f-fulia@coconutboard.gov.in

2022 ഒക്ടോബർ
പുസ്തകം 14
ലക്കം 10
വില: 4 രൂപ

Registered No: KL/EKM/719/2021-23
**Licence No. KL/CR/EKM/WPP-21/2021-23**
**Licensed to Post Without Prepayment**
RNI No. KERMAL/2009/32819

**ഇന്ത്യൻ നാളികേര ജേണൽ**
**Date of Publication - 25/10/2022**




Printed and published by Mini Mathew, on behalf of Coconut Development Board, Printed at M/s KBPS, Kakkanad, Kochi-30
and published at Coconut Development Board, Govt. of India,
Ministry of Agriculture and Farmer's Welfare, Kera Bhavan, Kochi-11, Editor: Deepthi Nair S.